# നാടോടിവിജ്ഞാനീയം

## CORE COURSE OF

## BAMALAYALAM

## V[th] SEMESTER

## CUCBCSS

## 2014Admissiononwards

**UNIVERSITY OF CALICUT**
**SCHOOL OF DISTANCE EDUCATION**

***550***

**UNIVERSITY OF CALICUT**

**SCHOOL OF DISTANCE EDUCATION**

## Core Course of

**BA MALAYALAM V SEMESTER**
**2014 Admission Onwards**

**STUDY MATERIAL**

# നാടോടിവിജ്ഞാനീയം

തയ്യാറാക്കിയത്
**അനൂപ് ആന്റണി**
അസി. പ്രൊഫസർ
മലയാളം വിഭാഗം
മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്.

**Settings & Lay Out By**

**SDE Computer Cell**

## സെമസ്റ്റർ 5

## നാടോടിവിജ്ഞാനീയം

### മൊഡ്യൂൾ - 1

ഫോക്‌ലോർ പദനിഷ്പത്തി - നിർവ്വചനങ്ങൾ - സവിശേഷതകൾ-ഫോക്‌ലോർ പഠനത്തിന്റെ പ്രസക്തി - ലക്ഷ്യം - സാമൂഹ്യധർമ്മം- വർഗീകരണം - പഠന ചരിത്രം- ഇതരവിഷയങ്ങളുമായുള്ള ബന്ധം.

### മൊഡ്യൂൾ - 2

നാടൻപാട്ടുകൾ - വർഗീകരണവും സാഹിത്യപരിചയവും വടക്കൻപാട്ട് - തെക്കൻപാട്ട്- മാപ്പിളപ്പാട്ട്- സവിശേഷതകൾ. കടങ്കഥ- പഴഞ്ചൊല്ല് - സ്വഭാവ പരിചയം- നാടോടികഥകൾ - പുരാവൃത്തങ്ങൾ - ഐതിഹ്യങ്ങൾ. ഓരോ വിഭാഗത്തിനും ഉദാഹരണങ്ങൾ കണ്ടെത്തി സാമാന്യധാരണ നേടേണ്ടതാണ്.

### മൊഡ്യൂൾ - 3

തെയ്യം - മുടിയേറ്റ് - പടയണി- മാർഗ്ഗം കളി - ഒപ്പന - വട്ടപ്പാട്ട് - റാത്തീബ്- സാമാന്യധാരണ. നാടോടി സാഹിത്യവും മുഖ്യധാരാസാഹിത്യവും.

### മൊഡ്യൂൾ - 4

നാട്ടാചാരങ്ങൾ - നാടോടിവാദ്യങ്ങൾ - വിനോദങ്ങൾ- അനുഷ്ഠാനങ്ങൾ- ആഘോഷങ്ങൾ - നാടൻ ഭക്ഷണം - വൈദ്യം - സാമാന്യധാരണ.

# മൊഡ്യൂൾ – 1

## ഫോക്‌ലോർ പദനിഷ്പത്തി

1846 ആഗസ്റ്റ് 22-ാം തിയ്യതി ഇംഗ്ലീഷുകാരനായ വില്യം ജോൺ തോംസ് 'അതിനീയം' മാസികയുടെ പത്രാധിപർക്ക് എഴുതിയ കത്തിലാണ് ആദ്യമായി 'ഫോക്‌ലോർ' എന്ന പദം പ്രത്യക്ഷപ്പെടുന്നത്. അതിനു മുമ്പുതന്നെ ഗ്രിം ബ്രദേഴ്സ് 'വോകസ് കുണ്ടെ' എന്ന ജർമ്മൻ പദം സമാനാർത്ഥത്തിൽ ഉപയോഗിക്കാൻ തുടങ്ങിയിരുന്നു. 'വൾഗോസ എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് 'ഫോക്' എന്ന ഇംഗ്ലീഷ് പദം ഉണ്ടായത്. മലയാളത്തിൽ ഫോക്‌ലോർ എന്ന പദത്തിന് സമാനമായി ജനജീവിത പഠനം, നാടോടി വിജ്ഞാനീയം എന്നീ പദങ്ങളാണ് ഉപയോഗിക്കുന്നതെങ്കിലും ഫോക്‌ലോർ എന്ന പദത്തിന്റെ വ്യാപ്തി ഉൾക്കൊള്ളാൻ പര്യാപ്തമായ ഒരു പദം മലയാളത്തിൽ ഇന്നില്ല. 'ഫോക്', 'ലോർ' എന്നീ രണ്ട് ഇംഗ്ലീഷ് പദങ്ങളുടെ സംയുക്തമാണ് 'ഫോക്‌ലോർ ' ഇവിടെ 'ഫോക് ' എന്ന പദം ഒരു സാമാന്യ അംശത്തിൽ പൊതുവായി പങ്കുകൊള്ളുന്ന ജനങ്ങളുടെ ഏതു സംഘത്തെയും സൂചിപ്പിക്കുന്നു. അവർക്ക് ഒരു പൊതുമനസ്സ് ഉണ്ടാകും. സമൂഹമനസ്സ് ഉണ്ടായിരിക്കുകയെന്നത് 'ഫോകി' ന്റെ സവിശേഷതയാണ്. 'ലോർ' എന്ന പദത്തിന് വിജ്ഞാനം എന്നാണർത്ഥം. ഫോക്കിന്റെ ആവിഷ്കാരങ്ങളെക്കുറിച്ചും ഫോക്കിനെക്കുറിച്ചും ഉള്ള പഠനത്തെ സൂചിപ്പിക്കാൻ 'ഫോക്‌ലോർ ' എന്ന പദം സാമാന്യാർത്ഥത്തിൽ ഉപയോഗിക്കാറുണ്ട്. സവിശേഷാർത്ഥത്തിൽ 'ഫോക്‌ലോർ ' പഠന
ശാസ്ത്രത്തെ ഫോക്‌ലോറിസ്റ്റിക്സ് എന്നു പറയാം. അപ്പോൾ ഫോക്‌ലോർ എന്ന പദത്തിന് മലയാളത്തിൽ നാടോടി വിജ്ഞാനം എന്നും ഫോക്‌ലോറിസ്റ്റിക്സ് എന്ന പദത്തിന് നാടോടിവിജ്ഞാനീയം എന്നും പ്രയോഗിക്കാം.

### നിർവ്വചനങ്ങൾ

''

'The Dictionary of Folklore mythology and Legend' എന്ന ഗ്രന്ഥത്തിൽ എം. ലീച്ച് ഫോക്‌ലോറിന് കൊടുക്കുന്ന നിർവ്വനചനങ്ങളിൽ ചിലത് താഴെ ചേർക്കുന്നു.

1. ഒരു ജനതയെക്കുറിച്ചുള്ള ശാസ്ത്രം എന്നതിലുപരി ഫോക്‌ലോർ പാരമ്പര്യജനതാ ശാസ്ത്രവും നാടൻ ഗാനങ്ങളുമാണ്. (ജോൺ ബെയ്‌ലി)
2. വാമൊഴിയിലൂടെയുള്ള സാംസ്കാരിക പാരമ്പര്യത്തെ മുഴുവൻ ഫോക്‌ലോർ ഉൾക്കൊള്ളുന്നു. (ബി.എ. ബോട്ട്കിൽ).
3. ആദിമമനുഷ്യന്റെ സത്യവും അവക്രവുമായ പ്രകടനമാണ് ഫോക്‌ലോർ (എം.കെ. പിനോസ)
4. ആചാര വിശ്വാസങ്ങളിലടെ ബോധപൂർവ്വമായോ അല്ലാതെയോ സംരക്ഷിക്കപ്പെട്ടുപോരുന്ന സംസ്കാരത്തിന്റെ ഭാഗമായ ഫോക്‌ലോർ ജനങ്ങളുടേതാണ്, ജനങ്ങൾക്കു വേണ്ടിയുള്ളതാണ്. (എച്ച്. ഗസ്റ്റർ)

ഏതെങ്കിലും ഒരു ജനതയുടെ സാംസ്കാരിക പ്രക്രിയയുടെ ശാസ്ത്രീയമായ പഠനമാണ് ഫോക്‌ലോർ എന്ന് ചുരിക്കിപ്പറയാം.

## സവിശേഷതകൾ

നിത്യജീവിതത്തിന്റെ നാനാചലനങ്ങളെക്കുറിച്ചുമുള്ള ഗ്രാമീണരുടെ വിജ്ഞാനമെന്ന നിലയിൽ ഫോക്‌ലോറിന് ചില സവിശേഷതകൾ ഉണ്ട്.

### 1. സാമൂഹിക ബന്ധം.

നാടൻ വിജ്ഞാനത്തിന്റെ ഘടകങ്ങളോരോന്നും ഉത്ഭവകാലത്ത് വ്യക്തിപരമായിരിക്കാം. എങ്കിലും പുനരുത്പാദനം, ആവർത്തനം തുടങ്ങിയ പ്രക്രിയകളിലൂടെ അത് സമൂഹത്തിന്റെ മൊത്തത്തിലുള്ള സംഭാവനയായി മാറുകയാണ് ചെയ്യുന്നത്. നാടൻ ജനതയുടെ സംസ്കാരത്തിന്റെ ഏതു

ഘടകമെടുത്തു നോക്കിയാലും അതിൽ സമൂഹത്തിന്റെ കൂട്ടായ പ്രവർത്തനം കാണാം. നാടോടിവിജ്ഞാനം സമൂഹത്തിന്റെ സംഭാവനയും സമ്പത്തുമാണ്.

**2. പാരമ്പര്യധാര**

തലമുറകളായി കൈമാറിവരുന്ന പാരമ്പര്യധാരയെന്ന നിലയിലാണ് ഫോക്‌ലോർ നിർവ്വചിക്കപ്പെട്ടിട്ടുള്ളത്. കാലങ്ങളിലൂടെ വളർന്ന വിശ്വാസങ്ങൾ, ആചാരങ്ങൾ, പെരുമാറ്റ രീതികൾ മുതലായവയുടെ പാരമ്പര്യമാണ് ഇവിടെ വിവക്ഷിക്കുന്നത്.

**3. ജനസംസ്കാരത്തിന്റെ സ്രോതസ്സ്**

നാടൻ സമൂഹങ്ങളുടെ സംസ്കാര പൈതൃകമാണ് ഫോക്‌ലോർ. ഇതിൽ ആചാരങ്ങൾ, ചിട്ടകൾ, വഴക്കങ്ങൾ, ഉപചാരങ്ങൾ, നാടൻപാട്ടുകൾ, പുരാവൃത്തങ്ങൾ, ഐതിഹ്യങ്ങൾ, ഔഷധപദ്ധതികൾ, മാന്ത്രികവിദ്യ, കല, കൈത്തൊഴിൽ തുടങ്ങിയ ജീവിതത്തിന്റെ നാനാവശങ്ങളും ഉൾക്കൊള്ളുന്നു.

**4. അജ്ഞാത കർത്തൃകത്വം**

കലയായാലും പാട്ടായാലും ഭൗതികവസ്തു നിർമ്മാണമായാലും അവയിൽ വ്യക്തികളുടെ പേര് ചേർത്ത് പറയുന്ന പതിവ് നാടൻ സംസ്കാരത്തിലില്ല. പാരമ്പര്യ വഴിക്ക് കൈമാറി വരുന്ന സമൂഹസംസ്കാരമായിതിനാൽ അവയെ അജ്ഞാത കർത്തൃകങ്ങളായി പരിഗണിക്കുകയാണ് ചെയ്യുന്നത്.

**5. പരിശീലന നിഗൂഢത**

നാടൻകലകളും നൃത്തങ്ങളും പാട്ടുകളും കരവിരുതുകളും പാരമ്പര്യവഴിക്ക് പകർന്നു വരുന്നവയാകയാൽ അവയ്ക്ക് പരിശീലനക്ലിഷ്ടത പ്രകടമാകുന്നില്ല. എന്നാൽ വളരെക്കാലത്തെ പരിചയവും പരിശീലനവും അവയ്ക്കു പിന്നിൽ ഉണ്ടായിരിക്കുംതാനും. കൂട്ടായ്മയ്ക്ക് പുറത്ത് നിൽക്കുന്ന ഒരാൾക്ക് അതത്ര എളുപ്പവുമല്ല.

**6. വ്യത്യയാവസ്ഥ**

ഒരേയിനത്തിനുതന്നെ ദേശകാല വ്യത്യാസത്താൽ ഉണ്ടാകുന്ന പ്രകാരഭേദങ്ങൾ ഫോക്‌ലോറിന്റെ ഒരു സവിശേഷതയാണ്. നാടൻ പാട്ടുകളിലും നാടോടിക്കഥകളിലും പുരാവൃത്തങ്ങളിലുമൊക്കെ ഇത്തരം പാഠഭേദങ്ങൾ കൂടുതലായി കാണാം.

**7. ഉൽപത്തികാല നിർണ്ണയക്ലേശം**

ചരിത്രവസ്തുതകൾ പോലെയോ പുരാവസ്തുക്കളുടെ നിലപോലെയോ പരിവർത്തന വിധേയമാകാതെ നിലനിൽക്കുന്നതല്ല നാടോടി വിജ്ഞാനം. മാറ്റങ്ങൾക്കും പ്രകാരഭേദങ്ങൾക്കും കീഴ്പ്പെട്ടുകൊണ്ട് ഭൂതകാലത്തിൽ നിന്ന് വർത്തമാനകാലത്തിലേക്ക് ഒഴുകുന്ന സംസ്കാരധാരയാണത്. ആയതിനാൽ അതിന്റെ ശരിയായ ഉല്പത്തികാലനിർണ്ണയം ക്ലേശകരമായിത്തീരുന്നു.

**8. പരിവർത്തന വിധേയത്വം.**

വിജ്ഞാന സംക്രമണത്തിലെ പ്രത്യേകതകൾകൊണ്ട് അതിൽ കലർപ്പുണ്ടാകാം. മറ്റു സംസ്കാരങ്ങളുമായുള്ള കൂടിക്കലരൽസമൂഹത്തിന്റെ ആചാരത്തിലും വിശ്വാസത്തിലും ജീവിത ക്രമങ്ങളിലും ഭാഷയിലുമൊക്കെ മറ്റം വരുത്തുന്നതിന് വഴിതെളിക്കും. ഇത് ബോധപൂർവ്വമാകണമെന്നില്ല. ഫോക്‌ലോറിൽ ഈ പരിവർത്തനോന്മുഖമായ പാരമ്പര്യം നിലനിൽക്കുന്നു.

**9. പ്രാദേശികത**

ഫോക്‌ലോറിന് അതുണ്ടായ സാഹചര്യം പ്രധാനമാണ്. തനിമചോർന്നുപോകാതെ അത് നില

നിൽക്കുന്നത് അതിന്റെ സവിശേഷ പശ്ചാത്തലത്തിൽ മാത്രമാണ്. അതിനാൽ തന്നെ അതിനെ മറ്റൊരു ദേശത്ത് പൂർണ്ണമായും പറിച്ചുനടാൻ പ്രയാസവുമാണ്.

**10. രീതിഭേദം**

ഒരു സമൂഹത്തിന്റെയോ ഒരു ദേശത്തിന്റെയോ പാരമ്പര്യസംസ്കാരത്തെ മറ്റൊരു പ്രദേശത്തിന്റെയോ സമൂഹത്തിന്റെയോ പാരമ്പര്യത്തിൽ നിന്ന് വേർതിരിച്ചു നിർത്തുന്നത് ആവിഷ്കരണ രീതിയിലുളള വ്യത്യാസമാണ്. സാമാന്യ സ്വഭാവത്തിൽ നിന്നും വ്യതിരിക്തമായ ചില പ്രത്യേകതകൾ അവയുടെ ശൈലിയിലുണ്ടായിരിക്കും.

**11. ലാളിത്യവും അകൃത്രിമതയും**

പാരമ്പര്യ വിജ്ഞാനത്തിന്റെ മുഖമുദ്രയാണിത്. നാടൻ സംസ്കാരത്തിന്റെ ഏതു ഘടകവും കൃത്രിമതകളുടെയും സാങ്കേതിക ജടിലതയുടെയും കെട്ടുപാടുകളിൽ നിന്ന് അകന്നതും സ്വാഭാവികവുമായിരിക്കും.

**12. ശരിയായ പാഠത്തിന്റെ അഭാവം**

ശരിയായ നാടോടി വിജ്ഞാന ഘടകത്തിന് പാഠമില്ല എന്നാണ് സിദ്ധാന്തം. വാങ്മയരൂപങ്ങൾക്ക് ലിഖിതപാഠങ്ങൾ പിൽക്കാലത്ത് ഉണ്ടാകാമെങ്കിലും അവ മാനസിക വസ്തുതകളുടെ കേവല രേഖകൾ മാത്രമാണ്.

## ഫോക്‌ലോർ പഠനത്തിന്റെ പ്രസക്തിയും ലക്ഷ്യവും

ഫോക്‌ലോർ സാമൂഹ്യശാസ്ത്രമായതുകൊണ്ട് മനുഷ്യന്റേതായ സൃഷ്ടിയേയും ആ സൃഷ്ടിയുടെ പശ്ചാത്തലത്തെയുമാണ് കൈകാര്യം ചെയ്യുന്നത്. ഒരു നാടോടിക്കഥയുടെ വിശകലനത്തിലൂടെ നാം ചെയ്യുന്നത് ആ കഥയെ സൃഷ്ടിച്ച സമൂഹ മനസ്സിനെ മനസ്സിലാക്കുകയാണ്. അതുകൊണ്ട് ഫോക്‌ലോർ പഠനം ഏതെങ്കിലും ജനതയെ അടുത്തറിയാനുള്ള ശ്രമമാണ്. സമൂഹ ജീവിതത്തിന്റെ അനുസ്യൂതമായ പരിണാമത്തെ പ്രതിഫലിപ്പിക്കുന്നതാണ് ഫോക്‌ലോർ എന്നതുകൊണ്ട് ഫോക്‌ലോർപഠനം ദേശീയബോധത്തിന് കരുത്ത് നൽകുന്നു. ദേശത്തിന്റെ ഏകതയെയും സംസ്കാര സമന്വയത്തെയും ഫോക്‌ലോർപഠനം സഹായിക്കുന്നു.

നാം കടന്നുവന്ന വഴിയിലേക്കുള്ള തിരിഞ്ഞുനോട്ടമാണ് പ്രധാനമായും ഫോക്‌ലോറിലൂടെ സാധിക്കുന്നത് എന്നതിനാൽ സമൂഹത്തിന്റെ പരിണാമത്തെപ്പറ്റി മനസ്സിലാക്കാനും അതിലൂടെ തന്നെ ത്തന്നെ മനസ്സിലാക്കാനും സാധിക്കുന്നു. അതോടുകൂടി അവന് ഇന്നിനെക്കുറിച്ചും നാളയെക്കുറിച്ചും വ്യക്തമായബോധമുണ്ടാകുന്നു. പഴയ സമൂഹത്തെ പുതിയ സമൂഹവുമായി ഇണക്കുന്ന കണ്ണികൾ ആചാരങ്ങളും കലകളുമെല്ലാമാണ് ഇത് ഫോക്‌ലോറിന്റെ പഠനവിഷയമാണ്. നാഗരികതയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന സമൂഹത്തിന്റെ പരിണാമം ദ്രുതഗതിയിലായിരിക്കും. അപ്പോൾ അപ്രത്യക്ഷമാകുന്ന ഫോക്‌ലോറിനെ ശബ്ദത്തിലും രൂപത്തിലും രേഖപ്പെടുത്തുകയും അവയുടെ പരിണാമത്തെക്കുറിച്ചും സ്വഭാവ സവിശേഷതകളെക്കുറിച്ചും ഗഹനമായ പഠനങ്ങൾ നടത്തുകയുമാണ് ഫോക്‌ലോർ പഠനത്തിന്റെ ഒരു ഉദ്ദേശ്യം.

ഒരു ജനത എങ്ങനെയെന്ന് മനസ്സിലാക്കുന്നതിലൂടെ ആ ജനതയുടെ അവബോധം മനസ്സിലാക്കാൻ സാധിക്കുന്നു. ഇത് ഫോക്‌ലോർ പഠനത്തിലൂടെയാണ് കഴിയുന്നത്. പുതിയ കാലത്തിൽ ഫോക്‌ലോർ ഭാഷയെപ്പോലെ ആശയ വിനിമയത്തിനുള്ള ഒരു ഉപാധിയാണ്. അത് ഹൃദയത്തിന്റെ ഭാഷയാണ്. ആയതിനാൽ അതിലൂടെ ആശയ വിനിമയം നടത്തുമ്പോൾ സമൂഹം എളുപ്പം മനസ്സിലാക്കുന്നു. ഇതിന്റെ സാദ്ധ്യതകൾ വിദ്യാഭ്യാസതലത്തിലും ജനബോധനതലത്തിലും ഉപയോഗപ്പെടുത്താവുന്നതാണ്. ഒരു ദേശത്തിന്റെ മുന്നോട്ടുള്ളഗതിയെ എളുപ്പമാക്കാൻ അതിൽ വസിക്കുന്നവരുടെ ലോകവീക്ഷണം മനസ്സിലാക്കിയാൽ മതിയാകും. ഇത് ഫോക്‌ലോർ പഠനത്തിലൂടെ സാദ്ധ്യമായിത്തീരുന്നു.

## ഫോക്‌ലോറിന്റെ സാമൂഹ്യധർമ്മം

സമൂഹം വിശാലമായ ഒരു വ്യൂഹമാണ്. കുടുംബം ഇതിന്റെ ഉപവ്യൂഹവും വ്യക്തി ഇതിലെ അനിവാര്യ ഘടകവുമാണ്. ഇതിനോരോന്നിനും ഓരോ ധർമ്മങ്ങൾ നിറവേറ്റാനുണ്ട്. ഈ ഘടന യിലെ ഓരോ ഘടകത്തിന്റെയും ധർമ്മത്തിൽ വരുന്ന നിസ്സാരമാറ്റങ്ങൾ ആ വ്യൂഹത്തിന്റെ ഘടന യെയും സ്വഭാവത്തെയും ബാധിക്കുന്നു. ധർമ്മം നഷ്ടപ്പെട്ടുപോയ ഘടകത്തിന് വ്യൂഹത്തിൽ നില നിൽപ്പില്ല. ഏതെങ്കിലും ഫോക്‌ലോർ ഒരു സമൂഹത്തിൽ നിലനിൽക്കുന്നുണ്ടെങ്കിൽ സമൂഹത്തിൽ അതിന് ചില ധർമ്മങ്ങൾ നിറവേറ്റാനുണ്ട് എന്നുതന്നെയാണ് അർത്ഥം. വില്യം ആർ ബാസ്കത്തിന്റെ അഭിപ്രായത്തിൽ ഫോക്‌ലോറിന് പ്രധാനമായും നാല് ധർമ്മങ്ങളാണ് ഉള്ളത്.

1. **മനുഷ്യന്റെ അടിച്ചമർത്തപ്പെട്ട വികാരങ്ങളുടെയും ആഗ്രഹങ്ങളുടെയും പ്രതിഫലനവും ഈ അസ്വാ സ്ഥ്യത്തിൽ നിന്ന് ഭാവനയുടേതായ ലോകത്തിലേക്ക് രക്ഷനേടാനുള്ള മാർഗ്ഗവുമാണ് ഫോക്‌ലോർ.**

സമൂഹത്തിന്റെ നിലനിൽപ്പിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ള പെരുമാറ്റച്ചട്ടങ്ങളൊക്കെ വ്യക്തി കളെ സംബന്ധിച്ചിടത്തോളം വിലക്കുകളാണ്. മനുഷ്യൻ സ്വയം സൃഷ്ടിച്ചെടുക്കുന്ന ഈ പെരുമാറ്റച്ച ട്ടങ്ങൾ മനുഷ്യമനസ്സിന്റെ ആന്തരികതയിൽ സംഘർഷവും സമ്മർദ്ദവുമുണ്ടാക്കുന്നു. ഇത് പുരാവൃ ത്തം, പഴഞ്ചൊല്ല്, കടങ്കഥ തുടങ്ങിയ ഫോക്‌ലോർ രൂപങ്ങളായി പ്രത്യക്ഷപ്പെടുന്നു. മനുഷ്യമനസ്സിനെ ഏറ്റവുമധികം അലട്ടുന്നത് ലൈംഗിക കാര്യങ്ങളായതുകൊണ്ട് തെറിക്കഥകളായും അഗമ്യഗമനങ്ങ ളുടെ കഥപറയുന്ന പുരാവൃത്തങ്ങളായും ഈ സമ്മർദ്ദചിന്തകൾ പുറത്തുവരുന്നു. ഇങ്ങനെ, സമ്മർദ്ദി തമായ മനുഷ്യമനസ്സിന് സ്വതന്ത്രമാകാനുള്ള ഒരു മാർഗ്ഗമാണ് ഫോക്‌ലോർ.

2. **ഫോക്‌ലോർ സംസ്കാരത്തിനുള്ള സാധൂകരണമാണ്.**

സമൂഹം പുലർത്തിവരുന്ന ആചാരങ്ങളുടെ കാര്യത്തിൽ ആർക്കെങ്കിലും സംശയമോ അതൃ പ്തിയോ ഉണ്ടാകുമ്പോൾ അവയെ സാധൂകരിക്കാനും വിശദീകരിക്കാനും വേണ്ടി ഒരു പുരാവൃത്തമോ നാടോടിക്കഥയോ പഴഞ്ചൊല്ലോ രൂപപ്പെടുന്നു. ഉത്തര മലബാറിലെ തിയ്യന്റെ ഉത്ഭവത്തെപ്പറ്റിയുള്ള പുരാവൃത്തം അതിലൊന്നാണ്. ശിവൻ സൃ,ഷ്ടിച്ച ആളാണ് ദിവ്യൻ. അയാളാണ് ആദിതിയ്യൻ. അതോടെ തിയ്യൻ ദിവ്യനായിത്തീരുന്നു.

3. **വിദ്യാഭ്യാസം**

ഫോക്‌ലോർ അതാത് ജനതയുടെ വിദ്യാഭ്യാസത്തിനുള്ള - പ്രത്യേകിച്ച് അക്ഷരാഭ്യാസമി ല്ലാത്ത സമൂഹത്തിൽ - ഉപാധി കൂടിയാണ്. എഴുത്തും വായനയും അറിയാത്തവരിൽ ഭൂരിപക്ഷം പേർക്കും ഫോക്‌ലോർ സ്കൂളുകൾക്കും ഗ്രന്ഥാലയങ്ങൾക്കും പകരം നിൽക്കുന്നു. ആദിവാസിക ളിൽ അവർ എല്ലാ അറിവുകളും ഇളം തലമുറയിലേക്ക് പകരുന്നത് ഫോക്‌ലോറിലൂടെയാണ്.

4. **സ്വീകരിക്കപ്പെട്ട പെരുമാറ്റച്ചട്ടങ്ങളുടെ നിലനിൽപ് ഉറപ്പുവരുത്തുന്നു.**

ഒരു സംസ്കാരത്തിന്റെ കാതലായവശം അത് അനുശാസിക്കുന്ന പെരുമാറ്റച്ചട്ടങ്ങളാണ്. അവയെ നിലനിർത്തേണ്ടത് സമൂഹത്തിന്റെ നിലനിൽപ്പിന് അനിവാര്യമായതിനാൽ അതിനുള്ള ഉപാ ധിയും സമൂഹം കണ്ടെത്തുന്നു. പലപ്പോഴും ഈ ധർമ്മം നിർവ്വഹിക്കുന്നത് ഫോക്‌ലോറാണ്.

## ഫോക്‌ലോറിന്റെ വർഗീകരണം.

വർഗീകരണം വസ്തുതകളുടെ വേർതിരിച്ചറിവാണ്. ഫോക്‌ലോറിന്റെ രൂപം, ഘടന, ആശ യം, ധർമ്മം, സന്ദർഭം തുടങ്ങിയ അനേകം വസ്തുക്കളുടെ അടിസ്ഥാനത്തിൽ വർഗീകരണം സാദ്ധ്യ മാകും. ജീവിതത്തിന്റെ സർവ്വതല സ്പർശിയായ ഫോക്‌ലോറിനെ പലരും പല രീതിയിൽ വർഗീകരി ച്ചിട്ടുണ്ടെങ്കിലും റിച്ചാർഡ് എം. ഡോർസന്റെ വർഗീകരണമാണ് പൊതുവിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ത്. അത് ഇപ്രകാരമാണ്.

1. **വാമൊഴിവഴക്കം.**

വാമൊഴിവഴക്കത്തിൽ ആഖ്യാനങ്ങൾ, പദ്യകഥാഖ്യാനങ്ങൾ, നാടോടി ഇതിഹാസം, പഴഞ്ചൊല്ലുകൾ, കടങ്കഥ, നാടൻ ഭാഷണം എന്നിവ ഉൾക്കൊള്ളുന്നു.

2. **സാമൂഹ്യാചാരം**

ഉത്സവങ്ങളും ആഘോഷങ്ങളും വിനോദങ്ങളും കളികളും നാടൻ വൈദ്യം, നാടൻ മതം എന്നിവയും സാമൂഹ്യാചാരത്തിൽ പെടുന്നു.

3 **സാംസ്കാരികോപാദാനം**

നാടൻ കരവിരുത്, നാടൻകല, നാടൻ വാസ്തുവിദ്യ, നാടൻ വസ്ത്രം, നാടൻ പാചകം എന്നിവയെ സാംസ്കാരികോപാദാനത്തിൽ പെടുത്തിയിരിക്കുന്നു.

4. **നാടോടി പ്രകടനകല**

നാടോടിനാടകം, നാടൻ സംഗീതം, നാടൻ നൃത്തം എന്നിവയാണ് നാടോടി പ്രകടനകലയുടെ ഉൾപ്പിരിവുകൾ

## ഫോക്‌ലോറിന്റെ പഠന ചരിത്രം

ഏതൊരു വിജ്ഞാനശാഖയുടെയും ഉത്ഭവം ചരിത്രപരമായ ഒരാവശ്യമായിരിക്കും. നവോത്ഥാനത്തെ തുടർന്ന് ഉണ്ടായ വ്യവസായ വിപ്ലവവും ദേശീയതയും വ്യവസായ വിപ്ലവത്തിന്റെ ഫമായുണ്ടായ നാഗരികതയും പാരമ്പര്യബോധത്തെ ഉണർത്തുകയും പഴമ പഠനത്തിനു വിധേയമാക്കേണ്ടുന്ന വിഷയമാണെന്നു വരികയും ചെയ്തു. അങ്ങനെയാണ് പാശ്ചാത്യ രാജ്യങ്ങളിൽ പഴമയെക്കുറിച്ചുള്ള പഠനം (Popular Antiquities) ഉണ്ടായിത്തീരുന്നത്. തുടക്കത്തിൽ പഴമയെക്കുറിച്ചുള്ള ഏത് പഠനവും ഈ പഠനശാഖയ്ക്ക് കീഴിൽ ഉൾപ്പെട്ടിരുന്നു. 1846ൽ വില്യം ജെ. തോംസ് ഫോക്‌ലോർ എന്ന പദം ഉപയോഗിക്കുമ്പോഴേക്കും പഴമയുടെ പഠനം എന്നു വിശദമായ പഠനമേഖലയ്ക്ക് സങ്കോചം സംഭവിക്കുകയും ഫോക്‌ലോർ വാമൊഴി വഴക്കമായിത്തീരുകയും ചെയ്തു. ഫോക്‌ലോറിനെ വാമൊഴിവഴക്കത്തിൽ ഒതുക്കി നിർത്തുന്നതിൽ അക്കാലത്തെ നരവംശശാസ്ത്രജ്ഞർക്ക് വലിയ പങ്കുണ്ട്. അതുകൊണ്ട് തന്നെ 1960-കൾവരെ ഫോക്‌ലോറിന് വാമൊഴിവഴക്കത്തിന്റെ പരിധിയിൽ ഒതുങ്ങി നിൽക്കേണ്ടിവന്നു.

ഫോക്‌ലോർ പഠനത്തിന് നാടോടി ജീവിതത്തിനോളം തന്നെ വ്യാപ്തിയുണ്ടെന്ന് വാദിച്ചത് റിച്ചാർഡ് എം. ഡോർസൻ ആണ്. അതുകൊണ്ട് അദ്ദേഹം ഫോക്‌ലോർ എന്ന പദത്തിന് പകരം നാടോടി ജീവിതം (Folk life) എന്ന് ഉപയോഗിച്ചു. പാരമ്പര്യത്തിന്റെ ഭാഗമായ എല്ലാറ്റിനെയും പഠനത്തിന് വിധേയമാക്കിയിരുന്ന പഴമയുടെ പഠനത്തിൽ നിന്ന് ആരംഭിച്ച്, വാമൊഴിവഴക്കത്തിലേക്ക് ചുരുങ്ങി, നാടോടി ജീവിതത്തോളം വീണ്ടും വികസിച്ചതാണ് ഫോക്‌ലോർ എന്ന വിഷയം.

ഫോക്‌ലോറിനെക്കുറിച്ചുള്ള പഴയ നിർവ്വചനങ്ങൾ എല്ലാംതന്നെ ഫോക്‌ലോർ എന്ന വിഷയത്തെ നിർവ്വചിക്കുന്നതിനുപകരം ഫോക്‌ലോർ പഠനത്തിന് ആധാരമായിരിക്കേണ്ടുന്ന വിഷയം എന്ത് എന്ന് നിർവ്വഹിക്കാനാണ് ശ്രമിച്ചത്. അതുകൊണ്ടാണ് ഒരു ജനതയെക്കുറിച്ചുള്ള ശാസ്ത്രം എന്നതിലുപരി ഫോക്‌ലോർ പാരമ്പര്യജനതാശാസ്ത്രവും നാടൻ ഗാനങ്ങളുമാണെന്ന് ജോൺ ബെയ്‌ലി അഭിപ്രായപ്പെട്ടത്. എന്നാൽ ഫോക്‌ലോർ പഠനത്തിലെ ആധുനികഘട്ടം എന്ന് വിളിക്കാവുന്ന കാലയളവിൽ ഫോക്‌ലോർ കൃത്യമായി നിർവ്വചിക്കപ്പെട്ടു. വിഷയത്തിന്റെ വ്യാപ്തി, പഠനത്തിന്റെ ലക്ഷ്യം എന്നീ കാര്യങ്ങളിൽ വ്യക്തതയുണ്ടായി. അതുകൊണ്ടാണ് അലൻഡൻഡസ് കൂട്ടായ്മയെ നിർവ്വഹിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഫോക്‌ലോറിനെ വിശദീകരിക്കുകയും ചെയ്തത്. പഴയകാലത്ത് കൂട്ടായ്മ എന്നതുകൊണ്ട് ഉദ്ദേശിച്ചിരുന്നത് ഗ്രാമീണരെന്നോ കർഷക സമൂഹമെന്നോ ആയിരുന്നു. അതുകൊണ്ട് അന്നത്തെ ഫോക്‌ലോർ മേൽ സൂചിപ്പിച്ച കൂട്ടായ്മകളുടെ ജീവിതമായിരുന്നു.

ഇന്ന് ഫോക്‌ലോർ പഠനത്തിന് വ്യക്തമായ ലക്ഷ്യവും വ്യാപ്തിയും ഉണ്ട്. ഫോക്‌ലോർ പഠനത്തിന്റെ ലക്ഷ്യം കൂട്ടായ്മയെ തിരിച്ചറിയലാണ്. ഏതൊരു കൂട്ടായ്മയുടെയും സ്വത്വം കണ്ടെത്താനുള്ള ഏതൊരു പഠനവും ഫോക്‌ലോർ പഠനമായിത്തീരുന്നു. ചുരുക്കത്തിൽ ഇത്തരം പഠനങ്ങൾ സ്വാഭാവികമായും ഒരു മനുഷ്യസമൂഹത്തെ കൂട്ടായ്മയാക്കിത്തീർക്കുന്ന പാരമ്പര്യസ്വഭാവത്തെക്കുറിച്ചുള്ള പഠനമായിത്തീരുന്നു.

## ഫോക്‌ലോറിന് ഇതര വിഷയങ്ങളുമായുള്ള ബന്ധം.

ആധുനിക യുഗത്തിൽ ഒരു വിഷയത്തിനും സ്വന്തമായ നിലനിൽപ്പ് അവകാശപ്പെട്ടുകൂടാ. മറ്റു വിഷയങ്ങളിലുള്ള അവഗാഹം ഏതെങ്കിലും ഒരു വിഷയത്തെ മനസ്സിലാക്കുന്നതിനും വിശകലനം ചെയ്യുന്നതിനും സഹായിക്കുന്നു. ഫോക്‌ലോർ പലതുകൊണ്ടും മറ്റു വിഷയങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. നരവംശശാസ്ത്രം, ഭാഷാശാസ്ത്രം, മനഃശാസ്ത്രം, സാഹിത്യശാസ്ത്രം തുടങ്ങിയവയുമായുള്ള ബന്ധം പരസ്പരപോഷകമാണ്.

## ഫോക്‌ലോറും നരവംശശാസ്ത്രവും.

ആദ്യകാലത്ത് സംസ്കാരപഠനത്തിന്റെ ഭാഗമായി മാത്രമാണ് നരവംശശാസ്ത്രജ്ഞർ ഫോക്‌ലോറിനെ കണ്ടത്. അവർ ഫോക്‌ലോറിന് നൽകിയ മിക്ക നിർവ്വചനങ്ങളും ഇതിന്റെ അടിസ്ഥാനത്തിലുള്ളതാണ്. നരവംശശാസ്ത്രം മനുഷ്യനെ ഊന്നിക്കൊണ്ടുള്ള പഠനമാണ്. ഫോക്‌ലോർ മനുഷ്യന്റെ സവിശേഷ സ്വഭാവത്തെ കണ്ടെത്താൻ ശ്രമിക്കുന്നു. ഫോക്‌ലോറിസ്റ്റിക്സ് ഇത്രത്തോളം വളർന്നതിന്റെ പിന്നിൽ നരവംശ ശാസ്ത്രത്തിന്റെ സഹായമുണ്ടെന്നകാര്യം നിഷേധിക്കാവതല്ല. നരവംശശാസ്ത്രകാരന്മാരാണ് ഈ രംഗത്ത് ആദ്യകാലത്ത് പ്രവർത്തിച്ചിരുന്നത്. എന്നു മാത്രമല്ല ഫോക്‌ലോറിസ്റ്റിക്സിൽ പിൽക്കാലത്ത് ഉപയോഗപ്പെടുത്തിയിട്ടുള്ള പലതത്ത്വങ്ങളും വിശകലനരീതികളും നരവംശശാസ്ത്രത്തിൽ നിന്ന് കടംകൊണ്ടവയാണ്. എഡ്വേർഡ് ബി. ടെയ്ലറുടെയും ആൻഡ്രൂലാങ്ങിന്റെയും ജോർജ്ജ് ഫ്രെയ്സറുടെയും പ്രവർത്തനങ്ങളാണ് ഫോക്‌ലോർ പഠനത്തിന്റെ ആദ്യദശയിൽ അതിനെ പോഷിപ്പിച്ചത്.

ഈ രണ്ടു പഠനമേഖലകളും തമ്മിൽ ഏറ്റവുമധികം ബന്ധപ്പെട്ടത് സംസ്കാരപഠനതത്ത്വങ്ങളിൽ പലതും ഫോക്‌ലോർ വസ്തുതകൾ വിശകലനം ചെയ്യാൻ ഉപയോഗപ്പെടുത്തി എന്നതിലൂടെയാണ്. ഇന്ന് പുരാവൃത്തങ്ങളുടെ വിശകലനത്തിനുപയോഗിക്കുന്ന ഘടനാവിശകലനരീതി നരവംശശാസ്ത്രത്തിൽ നിന്ന് കടംകൊണ്ടതാണ്. ചുരുക്കിപ്പറഞ്ഞാൽ നരവംശശാസ്ത്രവും ഫോക്‌ലോറും സാമൂഹ്യശാസ്ത്രങ്ങൾ എന്ന നിലയ്ക്ക് ഇന്ന് പരസ്പരപോഷകങ്ങളായി വളർന്നു വരികയാണ്.

## ഫോക്‌ലോറും സാഹിത്യവും

ആർച്ചർ ടൈലറുടെ അഭിപ്രായം അനുസരിച്ച് ഫോക്‌ലോറിനെക്കുറിച്ചുള്ള പഠനം സാഹിത്യത്തിന്റെ ചരിത്രത്തിലെ പ്രാരംഭ പരിശീലനമാണ്. സാഹിത്യത്തിന്റെ തുടക്കം മുതൽ ഇതുവരെ ഉള്ളടക്കത്തിന്റെ കാര്യത്തിലും രീതിയുടെ കാര്യത്തിലും അതിനെ ഫോക്‌ലോർ വളരെയധികം സ്വാധീനിച്ചതായി കാണാം. ഫോക്‌ലോറും സാഹിത്യവും വിരുദ്ധമല്ല. രണ്ടാമത്തേതിൽ ആദ്യത്തേതിന്റെ സ്വാധീനം കാണാം. എന്നു മാത്രമല്ല ചിലപ്പോൾ ആദ്യത്തേതിന്റെ തുടർച്ചയായിരിക്കും. ഇവ തമ്മിലുള്ള അതിർവരമ്പുകൾ തിരിക്കാൻ ബുദ്ധിമുട്ടായിരിക്കുകയും ചെയ്യും. രാമായണത്തിനും മഹാഭാരതത്തിനുമുള്ള പാഠഭേദങ്ങൾ ഇത് തെളിയിക്കുന്നുണ്ട്. ഉള്ളടക്കത്തിന്റെയും രൂപഘടനയുടെയും കാര്യത്തിൽ ഷെല്ലിയും കീറ്റ്സും ചങ്ങമ്പുഴയുമെല്ലാം ജനഹൃദയങ്ങളെ പിടിച്ചടക്കിയത് ഈയൊരു ചേർച്ചകൊണ്ടാണ്. പഴയ സത്യങ്ങളെ കവി സൃഷ്ടിക്കുന്ന പുതിയ സാഹചര്യങ്ങളിൽ നവീന സൗന്ദര്യമാക്കുന്ന പ്രക്രിയയാണിവിടെ നടക്കുന്നത്.

## ഫോക്‌ലോറും മനഃശാസ്ത്രവും.

മനുഷ്യമനസ്സിന് ബോധമനസ്സെന്നും അബോധമനസ്സെന്നും രണ്ടുതലങ്ങളുണ്ടെന്നും ഇതിൽ അബോധതലമാണ് എല്ലാ മാനസികഭാവങ്ങൾക്കും രൂപം നൽകുന്നതെന്നും ബോധതലത്തിന്റെ കടമ അബോധതലത്തിൽ ജന്മംകൊള്ളുന്ന പ്രാകൃത വാസനകളെ നിയന്ത്രിക്കുകയും തെരഞ്ഞെടുക്കുകയും വേണ്ടിവന്നാൽ തടഞ്ഞുവയ്ക്കുകയും മാത്രമാണെന്നും ശാസ്ത്രജ്ഞന്മാർ വാദിക്കുന്നു. ഇങ്ങനെ അടിച്ചമർത്തപ്പെടുന്ന വികാരങ്ങളുടെയും ആഗ്രഹങ്ങളുടെയും സുരക്ഷിതവും സമൂഹത്തിന്റെ അംഗീകാരം ഉള്ളതുമായ ബഹിർഗമനോപാധിയാണ് ഫോക്‌ലോർ. വ്യക്തിഗതങ്ങളായ സ്വപ്നങ്ങളിൽ പ്രത്യക്ഷപ്പെടുന്ന പ്രതീകങ്ങൾ തന്നെയാണ് കുറച്ചുകൂടി വിശദമായ രീതിയിൽ ഫോക്‌ലോറിൽ കാണുന്നത്.

മനുഷ്യന്റെ ഉള്ളിൽ അഗമ്യഗമനചിന്ത ചെറുപ്പം മുതലേ രൂപപ്പെടുന്നു. അമ്മയെ സ്വന്തമാക്കാനും അച്ഛന്റെ അധികാരം പിടിച്ചു പറ്റാനും. പക്ഷേ മനഃസാക്ഷിയും സദാചാരബോധവും അവനെ ഇതിൽ നിന്ന് വിലക്കുന്നു. ഈ അടിച്ചമർത്തപ്പെടുന്ന വികാരമാണ് പുരാവൃത്തങ്ങളിലും നാടോടിക്കഥകളിലും പ്രത്യക്ഷപ്പെടുന്നത്. മനഃശാസ്ത്രപരമായ വിശകലനത്തിനു വിധേയമാക്കാവുന്ന രണ്ടു പ്രധാനപ്പെട്ട കാര്യങ്ങൾ അമാനുഷിക കഥകളും കുട്ടികളുടെ കളികളും വിനോദങ്ങളുമാണ്. ഇവ രണ്ടും പ്രതീകാത്മകമായിരിക്കും. രണ്ടിലെയും മറഞ്ഞു കിടക്കുന്ന വസ്തുത ബാല്യകാലത്തെ ലൈംഗികതയാണ്.

## ഫോക്‌ലോറും ഭാഷാശാസ്ത്രവും.

ഫോക്‌ലോർ പഠനത്തിന്റെ ആദ്യകാലചരിത്രം പരിശോധിച്ചാൽ പത്തൊൻപതാം നൂറ്റാണ്ടിൽ ഫോക്‌ലോർ പഠനത്തിന്റെ ആരംഭത്തിൽ ഈ രംഗത്തു പ്രവർത്തിച്ചിരുന്നവർ ഭാഷാശാസ്ത്രകാരന്മാരാണെന്നു കാണാം. അതുവരെ നിയതമായ ഒരു പഠനക്രമമില്ലാതിരുന്ന, മറ്റു പഠനങ്ങളുടെ ഭാഗമായിരുന്ന, ഫോക്‌ലോറിനെ സ്വതന്ത്രമായ ഒരു പഠനവിഷയമാക്കിത്തീർത്തത് ജർമ്മൻ പണ്ഡിതരായ ഗ്രിംസഹോദരന്മാർ എന്ന പേരിലറിയപ്പെടുന്നവരാണ്. ഇവർ നാടോടിക്കഥകളെ ഭാഷാശാസ്ത്രത്തിന്റെ വെളിച്ചത്തിലാണ് പഠിച്ചത്. ഇവരെ പിന്തുടർന്ന് മാക്സ്മ്യൂള്ളറും ഗ്രീക്കുദൈവങ്ങളെയും സംസ്കൃത ദൈവങ്ങളെയും ഇതേ രീതിയിൽ വിശകലനം ചെയ്തു. നാടോടിക്കഥകളുടെ പഠനത്തിൽ സ്റ്റിത്തോംസൺ കൊണ്ടുവന്ന ഉപാധി എന്ന ആശയം നൂതനമായിരുന്നെങ്കിലും ഇത് ഭാഷാശാസ്ത്രത്തിൽ നിന്ന് കടംകൊണ്ടതായിരുന്നു. ഭാഷയിലെ സ്വനിമം എന്ന ആശയത്തിനു സമാന്തരമാണ് നാടോടിക്കഥകളിലെ 'ഉപാധി'. പിന്നീട് അലൻഡൻഡിസ് പുരാവൃത്തങ്ങളുടെ വിശകലനത്തിൽ അവയിലെ ഏറ്റവും ചെറിയ യൂണിറ്റിനെ മിഥീം എന്നു നാമകരണം ചെയ്യുകയുണ്ടായി. ഭാഷാശാസ്ത്രത്തിന്റെ സ്വാധീനം ഏറ്റവും കൂടുതലായിക്കാണുന്നത് ഘടനാവിശകലനത്തിലാണ്. വി.ജെ. പ്രോപ്പ് നാടോടിക്കഥകളുടെ ഘടനയെ വിശകലനം ചെയ്യുകയുണ്ടായി.

ഫോക്‌ലോറിസ്റ്റിക്സിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിച്ചത് ലെവിസ്ട്രോസിന്റ ഘടനാത്മക വിശകലനമാണ്. അതിനായി അദ്ദേഹത്തെ നയിച്ചത് ഘടനാത്മക ഭാഷാശാസ്ത്രമത്രേ. വിശേഷിച്ചും സസ്സൂറിന്റെ തത്ത്വങ്ങൾ. അദ്ദേഹം സിദ്ധാന്തിച്ച ലാങ്, പരോൾ, ഏകകാലികം, ബഹുകാലികം, ദ്വന്ദ്വാത്മകത എന്നീ ആശയങ്ങൾ ഉൾപ്പെടുത്തിയാണ് ലെവിസ്ട്രോസ് പുരാവൃത്തത്തെ വിശകലനം ചെയ്തത്.

# മൊഡ്യൂൾ – 2

## നാടൻ പാട്ടുകൾ – വർഗീകരണം.

നാടൻ സംസ്കാരത്തിന്റെയും ജീവിതത്തിന്റെയും ചൈതന്യം കലർന്നവയാണ് നാടൻ പാട്ടുകൾ. ജീവിതത്തിന്റെ നാനാരംഗങ്ങളുമായി അവ ബന്ധപ്പെടുന്നു. പ്രാകൃത മനുഷ്യൻ അവന്റെ ആർജ്ജിതാനുഭവങ്ങളും സങ്കല്പങ്ങളുമെല്ലാം അവന്റെ പാട്ടിൽ പ്രതിഫലിപ്പിക്കുന്നു. നാടൻ പാട്ടുകളുടെ വർഗീകരണം സങ്കീർണ്ണമായ വിഷയമാണ്. മഹാകവി ഉള്ളൂർ നാടൻ പാട്ടുകളെ ദേവതാപൂജ, വീരപുരുഷാരാധന, വിനോദം, ശാസ്ത്രം, കുലവൃത്തി, സദാചാരം എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. രാമവർമ്മ അപ്പൻതമ്പുരാൻ പാട്ടുകളെ പുരാണം, സ്തോത്രം, സദാചാരം, ശാസ്ത്രം, വീരചരിതം, ദേശചരിതം, തൊഴിലായ്മ (പണി), വിനോദം, ഭൗതികം, വൈഷയികം, രാഷ്ട്രീയം, സാമുദായികം എന്നിങ്ങനെ വിഭജിച്ചിരിക്കുന്നു. ജി. ശങ്കരപ്പിള്ള കേവലഗാനങ്ങൾ, കഥാഗാനങ്ങൾ എന്നിങ്ങനെ രണ്ടു വിഭാഗമായും പിന്നീട് കേവലഗാനങ്ങളെ അനുഷ്ഠാനപരം, മതപരം, പണിയെടുക്കുന്നവരുടെ പാട്ടുകൾ, കളിക്കും വിനോദത്തിനും വേണ്ടിയുള്ളവ എന്നിങ്ങനെയും കഥാഗാനങ്ങളെ വീരകഥാഗാനങ്ങൾ മതപരമായ കഥാഗാനങ്ങൾ, ചരിത്രകഥാഗാനങ്ങൾ, ഐതിഹ്യാധിഷ്ഠിതം, അതിമാനുഷികകഥകൾ, പ്രേമകഥാഗാനങ്ങൾ എന്നിങ്ങനെയും തരം തിരിച്ചുകാണിക്കുന്നു.

വർഗീകരണത്തിനു ഏതുമാനദണ്ഡം സ്വീകരിച്ചാലും അവ പൂർണ്ണമായി അതിൽ ഒതുങ്ങി നിൽക്കുകയില്ല. ഒരേ പാട്ടുതന്നെ ചിലപ്പോൾ പല ഗാനങ്ങളിലും ഉൾപ്പെടും. ഒരേ പാട്ടിനുതന്നെ പല ധർമ്മങ്ങൽ ഉണ്ടാവുകയും ചെയ്യും. ഈ അതിവ്യാപനസ്വഭാവം അവയുടെ വർഗീകരണത്തെ ശ്രമകരമാക്കിത്തീർക്കുന്നു. പഠനസൗകര്യാർത്ഥം അവയെ സാമുദായികപ്പാട്ടുകൾ, അനുഷ്ഠാനപ്പാട്ടുകൾ, വിനോദപ്പാട്ടുകൾ, പണിപ്പാട്ടുകൾ എന്നിങ്ങനെ തരംതിരിക്കാം.

### 1. സാമുദായികപ്പാട്ടുകൾ

നമ്മുടെ നാടൻ പാട്ടുകളിൽ ഭൂരിഭാഗവും സാമുദായികഗാനങ്ങളാണ്. ജാതിവർഗ്ഗ പാരമ്പര്യം മിക്കപാട്ടുകളും അവകാശപ്പെടുന്നുണ്ട്. നാടൻ പാട്ടുകളും നാടൻ കലാനിർവ്വഹണങ്ങളും കുലത്തൊഴിലുകളായി അംഗീകരിച്ചുവരുന്നുമുണ്ട്. കണിയാൻ പാട്ട്, പുള്ളുവൻ പാട്ട്, പാണപ്പാട്ട്, മണ്ണാൻപാട്ട്, മാപ്പിളപ്പാട്ട്, ബ്രാഹ്മണിപ്പാട്ട് എന്നിവ ഉദാഹരണങ്ങൾ. ഇത്തരം സാമുദായിക ഗാനങ്ങൾ മതപരമോ അനുഷ്ഠാനപരമോ ഐതിഹ്യപരമോ ഇതിഹാസപുരണകഥകളോ വീരാപദാനങ്ങളോ വർഗോത്പത്തി കഥകളോ സങ്കല്പകഥകളോ തൊഴിൽ ഗാനങ്ങളോ വിനോദ ഗാനങ്ങളോ ആകാം. ആ പാട്ടുകൾ കൈകാര്യം ചെയ്യുന്ന സമുദായത്തിന്റെ സാംസ്കാരികവും ഭാഷാപരവുമായ സവിശേഷതകൾ അവയ്ക്കുണ്ടാവും.

### 2. അനുഷ്ഠാനപ്പാട്ടുകൾ.

മതപരമായ ചടങ്ങുകൾ, അനുഷ്ഠാനകർമ്മങ്ങൾ, അനുഷ്ഠാനകലകൾ, മാന്ത്രികകർമ്മങ്ങൾ, ആരാധനകൾ, അനുഷ്ഠാനബദ്ധമായ ഉത്സവാഘോഷങ്ങൾ മുതലായവയ്ക്കു പാടിവരുന്ന ഗാനങ്ങൾ ഈ വിഭാഗത്തിൽപെടുന്നു. സ്ഥലം, സന്ദർഭം, ക്രിയാംഗം എന്നിവ ഇത്തരം പാട്ടുകളെ നിയന്ത്രിക്കുന്നതായി കാണാം. തോറ്റം പാട്ടുകൾ, സർപ്പപ്പാട്ടുകൾ, തീയാട്ടുപാട്ടുകൾ, തെയ്യംപാടിപ്പാട്ടുകൾ, ഭഗവതിപ്പാട്ടുകൾ, അയ്യപ്പൻ പാട്ടുകൾ, ഗന്ധർവ്വൻപാട്ടുകൾ, മന്ത്രവാദപ്പാട്ടുകൾ എന്നിവ ഉദാഹരണങ്ങൾ.

### 3. വിനോദപ്പാട്ടുകൾ

കളികൾക്കും വിനോദങ്ങൾക്കും പാടുന്നപാട്ടാണിത്. കേവലം കളികളല്ല കലാപരമായ മേന്മ അവകാശപ്പെടാവുന്ന കളികളാണ് ഇവിടെ വിവക്ഷിതം. ഉദാ :–കൈകൊട്ടിക്കളി, കുമ്മാട്ടിക്കളി, വട്ടക്കളി, കമ്പടികളി. എല്ലാ നാടൻ പാട്ടുകൾക്കും വിനോദിപ്പിക്കുക എന്ന ധർമ്മം ഉണ്ടെങ്കിലും വിനോദത്തിന് കൂടുതൽ പ്രാധാന്യമുള്ളവയെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. കളികൾക്കുവേണ്ടിയല്ലാതെ വെറും നേരംപോക്കിനുവേണ്ടി മാത്രമായി പാടുന്ന പാട്ടുകളും നാടൻ പാരമ്പര്യത്തിൽ കാണാം.

നിരർഥകമെന്നോ, അയുക്തികമെന്നോ, അസംബന്ധമെന്നോ, അശ്ലീലമെന്നോ തോന്നാവുന്ന പാട്ടുകൾപോലും നാടൻ ജനങ്ങൾ പാടാറുണ്ട്.

## 4. പണിപ്പാട്ടുകൾ

തൊഴിലുകളുമായി ബന്ധപ്പെട്ടവയാണ് പണിപ്പാട്ടുകൾ. അവയെ തൊഴിലായ്മാ ഗാനങ്ങൾ എന്നും പറയാറുണ്ട്. വിവിധ തൊഴിലുകളിൽ ഏർപ്പെടുന്നവർക്ക് ആശ്വാസവും ആനന്ദവും പകരുകയാണ് ഇവയുടെ മുഖ്യധർമ്മം. അദ്ധ്വാനഭാരം ലഘൂകരിക്കുവാനും മധുരതരമാക്കിത്തീർക്കുവാനും വേണ്ടി പാട്ടുകൾ പാടുകയെന്നത് സർവ്വസാധാരണമാണ്. വെള്ളം തേവുമ്പോഴും വണ്ടിവലിക്കുമ്പോഴും കുട്ടനെയ്യുമ്പോഴും വിത്തു വിതയ്ക്കുമ്പോഴും ഞാറുനടുമ്പോഴും കളപറിക്കുമ്പോഴും കറ്റമെതിക്കുമ്പോഴും ധാന്യം കുത്തുമ്പോഴുമൊക്കെ പാടുന്ന നിരവധി ഗാനങ്ങളുണ്ട്. താളബോധമാണ് അവയുടെ ജീവൻ. ഉത്തരകേരളത്തിലെ പുള്ളുവർ കൊയ്ത്തുകാലത്ത് വീണയുമായി വയലുകൾതോറും ചെന്ന് പാടാറുണ്ട്. കർഷകർ അവർക്ക് നെൽക്കറ്റകൾ സമ്മാനിക്കും. ആ ഗാനങ്ങളെ കറ്റപ്പാട്ട് എന്നാണ് പറയുക. നെല്ലും തെങ്ങും തമ്മിലുള്ള തർക്കമാണ് ആ പാട്ടിൽ മുഖ്യമായും വർണ്ണിക്കുന്നത്.

## വടക്കൻപാട്ട്

ഉത്തരകേരളത്തിൽ പ്രാചുര്യത്തിലുള്ള ജനകീയ നാടൻകഥാഗാനങ്ങളെ സാഹിത്യ ചരിത്രകാരന്മാരും മറ്റും വടക്കൻപാട്ടുകൾ എന്നാണ് വിളിച്ചുവന്നത്. ഈ പാട്ടുകഥകളെ ചില പ്രദേശങ്ങളിലുള്ള ഗ്രാമീണർ ചാരൻ പാട്ടുകൾ എന്നുകൂടി പറയാറുണ്ട്. ഉത്തര കേരളത്തിൽ ഞാറുനടുമ്പോഴും കളപറിക്കുമ്പോഴും പാടിവരുന്ന കൃഷിപ്പാട്ടുകൾ സാഹിത്യലോകത്ത് വടക്കൻപാട്ടുകൾ എന്ന് അറിയപ്പെടുന്നു. വില്യം ലോഗനും പി. ഗോവിന്ദപ്പിള്ളയും ആർ. നാരായണപ്പണിക്കരും തച്ചോളിപ്പാട്ടുകളെ മാത്രമാണ് വടക്കൻ പാട്ടുകളായി കണ്ടത്. മഹാകവി ഉള്ളൂർ പുത്തൂരം പാട്ടുകളെക്കൂടി ഇതിൽ ഉൾപ്പെടുത്തി. ഇതിനു പുറമേ ഒറ്റപ്പാട്ടുകൾ കൂടി ഉണ്ടെന്ന് എം.സി. അപ്പുണ്ണി നമ്പ്യാർ സൂചിപ്പിച്ചു. വടക്കൻ പാട്ടുകളുടെ വിശേഷണം വീരകഥാഗാനങ്ങൾ എന്നാണെങ്കിലും രസാനുഭൂതിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ വീരകഥകൾ മാത്രമല്ല ശോകകഥകളും അത്ഭുതകഥകളും നർമ കഥകളും അവയിലുണ്ട്.

ഇതിവൃത്തസ്വഭാവമനുസരിച്ച് ഇവയെ പുത്തൂരും പാട്ടുകഥകൾ, തച്ചോളിപ്പാട്ടുകൾ, രാജവംശസംബന്ധികളായ പാട്ടുകഥകൾ, കന്നിമാരെക്കുറിച്ചുള്ള പാട്ടുകഥകൾ, വീരപുരുഷന്മാരെക്കുറിച്ചുള്ള പാട്ടുകഥകൾ, അത്ഭുതകഥപ്പാട്ടുകൾ, ദിവ്യകഥപ്പാട്ടുകൾ, ഒറ്റക്കഥകൾ എന്നിങ്ങനെ തരംതിരിക്കാം. പുത്തൂരും വീട്ടിലെ ആരോമൽച്ചേകവർ, സഹോദരിയായ ഉണ്ണിയാർച്ച, ഉണ്ണിയാർച്ചയുടെ മകൻ ആരോമലുണ്ണി എന്നിവരുടെ വീരകൃത്യങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ളതാണ് മുഖ്യമായും പൂത്തൂരം പാട്ടുകൾ. അതുപോലെ തച്ചോളിത്തറവാടിനെ ചുറ്റിപ്പറ്റിയുള്ളതാണ് തച്ചോളിപ്പാട്ടുകൾ.

വടക്കൻ പാട്ടുകളിൽ പലപ്പോഴും കഥകളും സംഭവങ്ങളും ഒരു പാട്ടിലെപ്പോലെതന്നെ പലപാട്ടിലും കണ്ടെന്നുവരാം. വർണ്ണനകളും പലപ്പോഴും ആവർത്തിച്ചു വരുന്നു. ഇത് വടക്കൻ പാട്ടുകളുടെ മാത്രമായ പ്രത്യേകതയല്ല. മലയാളത്തിലെ മറ്റ് പാട്ടുകഥകളിലും ഗദ്യത്തിലുള്ള നാടോടിക്കഥകളിലും ഈ രീതി കാണുന്നുണ്ട്. മുൻകൂട്ടി ഒരുക്കി നിർത്തിയ വരികൾ (ഒരുക്കുശീലുകൾ) സന്ദർഭാനുസരണം ചേർത്തുവയ്ക്കുന്നത് ഇതിന്റെ പ്രത്യേകതയാണ്. അങ്കം, അടവ്, ചമയം, അഴക്, കുളി, കുറി, ഊണ്, ഉറക്കം, പോക്കുവരവ്, വീരന്മാരുടെ പിറവി, എഴുത്ത്, പയറ്റ്, വിവാഹം, മരണം എന്നിങ്ങനെ കഥകെട്ടുന്നതിന് പൊതുവായി വേണ്ടിവരുന്ന എന്തിനും ഏതിനും പാകത്തിൽ വലിയതും ചെറിയതുമായ ഒരുക്കിവെച്ച വർണ്ണനകൾ ഉണ്ട്. ഇത്തരം ഒരുക്കുശീലുകൾ കൂട്ടായ്മയുടെ പൊതുമുതലാണ്. മുൻപേ ഒരുക്കിവെച്ച ചേരുവകൾ എടുത്ത് പ്രയോഗിക്കുന്ന ഈ രീതിക്ക് കവികെട്ടുക എന്നാണ് പറയുക. ആരായാലും അങ്കവും പൊയ്ത്തും വർണ്ണിക്കാൻ വടക്കൻ പാട്ടുകാർക്ക് കുറെ പതിവ് ശീലുകൾ ഉണ്ട്. ഏഴടി പിന്നാക്കം മാറിനിന്ന് മൂന്നടി മുന്നാക്കം ഊന്നി നിന്ന് ഇവരുമായങ്ങ് നേരിട്ടല്ലോ അങ്കംപിടിക്കുന്നിരുവരുമായ് "എന്നിങ്ങനെ ഒരുക്ക് ശീലുകൾക്ക് പുറമേ സന്ദർഭത്തിനൊത്ത് അപ്പ

പ്പോൾ കെട്ടിയുണ്ടാക്കുനന ശീലുകളും പ്രയോഗങ്ങളും വടക്കൻ പാട്ടുകളിൽ കാണാം. ഇത്തരം ശീലുകളെ കവിത്തം എന്നു പറയുന്നു. ഉദാ: "തച്ചോളിപാടം ഇടകടന്ന് എന്ന വരിതന്നെ" "തറയിട്ട മാവും ഇടകടന്ന്" "കുമരംപുഴയും ഇടകടന്ന" "പുത്തൂരംപാടം ഇടകടന്ന" എന്നിങ്ങനെ മാറ്റാം.

## തെക്കൻപാട്ട്

തെക്കൻ തിരുവിതാംകൂറിലും അതിനുതെക്ക് കന്യാകുമാരി വരെയുള്ള പ്രദേശങ്ങളിലും പാടി വരുന്ന പാട്ടുകൾക്കാണ് സാഹിത്യചരിത്രകാരന്മാർ തെക്കൻപാട്ടുകൾ എന്ന് പേർ കല്പിച്ചിരിക്കുന്ന ത്. ഇവയിൽ മിക്കതും വിൽപ്പാട്ട് അഥവാ വില്ലടിച്ചാൻ പാട്ടുകൾ ആണ്. എന്നാൽ നന്ദുണിപ്പാട്ടുകളും ഉടുക്കുപാട്ടുകളും തെക്കൻപാട്ടുകളിൽ ഉണ്ട്. 'തെക്കൻ പാട്ടുകളുടെ നടുനായക'മെന്ന് മഹാകവി ഉള്ളൂരിനാൽ വിശേഷിപ്പിക്കപ്പെട്ട 'രാമകഥപ്പാട്ട്' ചന്ദ്രവളയം എന്ന ഉപകരണമുപയോഗിച്ച് വിഷ്ണു ക്ഷേത്രങ്ങളിൽ പാടിവന്നിരുന്നുവെന്ന വസ്തുത സ്മരണീയമാണ്. പ്രാകൃതത്തമിഴുകലർന്ന ഭാഷ യാണ് ഈ പാട്ടുകളുടെ പ്രത്യേകത. ബാധാപ്രീതികരം, ദേശചരിത്രപരം, ദേവതാരാധനാപരം എന്നി ങ്ങനെ തെക്കൻ പാട്ടുകളെ മൂന്നായി തിരിക്കാം. ക്ഷേത്രങ്ങളിലും ദേവതാസ്ഥാനങ്ങളിലും പാടുന്നവ യാണ് ബാധപ്പാട്ടുകൾ. വിവാഹാദികൾക്ക് പാടുന്ന ചരിത്രപരമായ പാട്ടുകളെ 'കേൾവിപ്പാട്ട്'എന്നാണ് പറയുക. വീരപരാക്രമികളഉം ദേശഭക്തന്മാരും പതിവ്രതാരത്നങ്ങളും അപമൃത്യുവിനിരയായാൽ അവർ മാടൻ, യക്ഷി തുടങ്ങിയ ദുർദേവതകളായി മാറുമെന്നും അവരുടെ പൂർവ്വകഥകൾ പുകഴ്ത്തിപ്പാടി യാൽ അവർക്ക് തൃപ്തിവരുമെന്നുമുള്ള വിശ്വാസം നിലവിലുണ്ട്.

കന്നടിയൻപോര്, ഉലകുടപെരുമാൾപാട്ട്, പുരുഷാദേവിയമ്മപ്പാട്ട്, അഞ്ചു തമ്പുരാൻ പാട്ട്, ഇര വിക്കുട്ടിപ്പിള്ളപ്പോര്, പഞ്ചവൻകാട്ടുനീലിയുടെ പാട്ട്, പൊന്നിറത്താൾ കഥ, മൂവോട്ടുമല്ലൻ കഥ എന്നിവ തെക്കൻ പാട്ടുകളിൽ പ്രധാനപ്പെട്ടവയാണ്. മതിലകത്തു കഥ വലിയതമ്പി കുഞ്ചുതമ്പികഥ, അഞ്ചുത മ്പുരാൻ പാട്ട്, മാടമ്പുകഥ തുടങ്ങി ഇനിയും പല തെക്കൻ പാട്ടുകഥകൾ എടുത്തു പറയുവാനുണ്ട്. ശാസ്ത്രപ്പാട്ടുകൾ എന്നൊരിനം കുടി തെക്കൻ പാട്ടുകളിൽ ഉൾപ്പെടുന്നുണ്ട്. മർമ്മശാസത്രം, വൈദ്യ ശാസ്ത്രം, രേഖാശാസ്ത്രം, മാന്ത്രികം, ജ്യോതിഷ ശാസ്ത്രം തുടങ്ങിയ വിഷയങ്ങളെ അധികരിച്ചുള്ള പാട്ടുകളാണവ. തെക്കൻ പാട്ടുകളിൽ ദേവതാരാധനാപരവും ബാധാപ്രീതികരവുമായ പാട്ടുകൾക്കാണ് പ്രാമുഖ്യം എന്നതിനാൽ ഇവയെ അനുഷ്ഠാനപ്പാട്ടുകൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നിരൂ പണം ചെയ്യുന്നത്.

## മാപ്പിളപ്പാട്ട്.

കേരളത്തിലെ ഇസ്ലാംമതക്കാരുടെ അഥവാ മാപ്പിളമാരുടെ ഇടയിൽ പ്രചാരത്തിലുള്ള പാട്ടു കളെ മാപ്പിളപ്പാട്ടുകൾ എന്നു പറയുന്നു. താളാത്മകത, ഗാനമാധുര്യം, പ്രാസഭംഗി എന്നിവ മാപ്പിളപ്പാട്ടു കളുടെ സവിശേഷതയാകുന്നു. കേരളത്തിലെ നാടൻപാട്ടുകളുടെയും അറബിഗാനങ്ങളുടെയും സങ്ക രസംസ്കാരമാണ് അവയ്ക്ക് ഉള്ളതെന്ന് പറയാം. അറബി മലയാളത്തിൽ കെട്ടിയുണ്ടാക്കിയ പാട്ടുക ളാണ് ഇവ. അറബി ഈണവും ദ്രാവിഡതാളവും മാപ്പിളപ്പാട്ടിന്റെ സംഗീതത്തിൽ സമന്വയിക്കുന്നു.

സംഗീതത്തിന് വളരെ പ്രാധാന്യമുള്ളതുകൊണ്ട് മാപ്പിളപ്പാട്ടിൽ പ്രാസ നിബന്ധനകൾ കർക്ക ശമാണ്. ഇവ സാധാരണയായി കമ്പിയും കഴുത്തും എന്നറിയപ്പെടുന്നു. കമ്പി, കഴുത്ത്, വാൽക്കമ്പി, വാലുമ്മൽകമ്പി എന്നിവയാണ് പ്രധാനപ്പെട്ട പ്രാസവ്യവസ്ഥകൾ. ആദ്യാക്ഷരപ്രാസമാണ് കമ്പി. മൊഴി യിലെ ഓരോ പാതിയിലേയും ആദ്യാക്ഷരം സമാനമാവണം. മലയാളത്തിലെ പാട്ടുപ്രസ്ഥാനത്തിലെ മോനയാണിത്. എല്ലാ മൊഴിയുടെയും രണ്ടാമത്തെ അക്ഷരം സമാനമായിരിക്കണം എന്ന നിബന്ധ നയാണ് കഴുത്ത്. ഇത് പാട്ടുപ്രസ്ഥാനത്തിലെ ദ്വിതീയാക്ഷര പ്രാസത്തോടൊക്കും. അന്ത്യാക്ഷര ങ്ങൾക്ക് വരുന്ന സമാനതയാണ് വാൽക്കമ്പി. ഇത് അന്ത്യാക്ഷരപ്രാസം തന്നെ. ഒരു ഖണ്ഡം അവ സാനിച്ച പദമോ പദങ്ങളോകൊണ്ട് അടുത്തഖണ്ഡം ആരംഭിക്കുന്ന ചിട്ടയാണ് വാലുമ്മൽക്കമ്പി. മല യാളത്തിലെ അന്താദിയാണിത്.

ഭാഷാപരമായി നിരവധി പ്രത്യേകതകൾ മാപ്പിളപ്പാട്ടിനുണ്ട്. അറബി, സംസ്കൃതം, കന്നഡ തുട

ങ്ങിയ ഭാഷകളിലെ പദങ്ങൾ സുലഭമായി മാപ്പിളപ്പാട്ടിൽ കാണാം. അറബി പദങ്ങളും വ്യാകരണവും മലയാളത്തോട് ഇടകലരുന്ന സമാന്തര മണിപ്രവാളമായി അറബിമലയാളത്തെ കാണാം. വിശുദ്ധ ന്മാരെ പ്രകീർത്തിക്കുന്ന മാലപ്പാട്ടുകൾ, വിശുദ്ധയുദ്ധങ്ങൾ വിവരിക്കുന്ന പടപ്പാട്ടുകൾ, ധാർമിക നിർദ്ദേ ശങ്ങൾ അടങ്ങിയ ഉറുദികൾ, സ്തുതി പ്രധാനങ്ങളായ വിരുത്തങ്ങൾ, കഥകളും വിശുദ്ധചരിതങ്ങളും അടങ്ങിയ കിസകൾ, പ്രേമത്തെയും വീരത്തെയും അടിസ്ഥാമാക്കിയുള്ള കെസ്സുകൾ, കത്തുപാട്ടു കൾ, കല്ല്യാണപാട്ടുകൾ തുടങ്ങി പല അവാന്തരവിഭാഗങ്ങളും ഈ പദ്യശാഖയ്ക്കുണ്ട്.

മാലപ്പാട്ടുകൾക്ക് തുടക്കം കുറിച്ച മുഹിയുദ്ദീൻമാലയാണ് അറബി മലയാളത്തിലെ ആദ്യപദ്യ കൃതി എന്ന് വിശ്വസിച്ചുപോരുന്നു. ഗ്രന്ഥകാരൻ കോഴിക്കോട്ടുകാരനായ ഖാസിം മുഹമ്മദാണ്. അറബി മലയാളത്തിലെ ഏറ്റവും പ്രധാനപ്പെട്ട കവി മോയിൻകുട്ടി വൈദ്യരാണ്. അദ്ദേഹത്തിന്റെ ആദ്യകൃതി ബദറുൽ മുനീർ ഹുസ്നുൽ ജമാൽ എന്ന പ്രണയകാവ്യമാണ്. നൂൽമാലയും കപ്പപ്പാട്ടും രചിച്ച കുഞ്ഞാ ലിമുസലിയാർ, ചാക്കീരി ബദാർ രചിച്ച ചാക്കീരി മൊയ്തീൻകുട്ടി, സഫലമാല രചിച്ച സുജായി മൊയ്തു മുസലിയാർ, ജനകീയ ഗാനങ്ങളുടെ കർത്താവായ പുലിക്കോട്ടിൽ ഹൈദർ തുടങ്ങിയവരാണ് മാപ്പിള പ്പാട്ടിലെ ഇതരരചയിതാക്കളിൽ പ്രമുഖർ.

കഴിഞ്ഞുപോയ സിദ്ധന്മാരെ പ്രീണിപ്പിക്കുന്നതിനും നാശനഷ്ടങ്ങളിൽ നിന്നും രക്ഷകിട്ടുന്ന തിനും നടത്തിയിരുന്ന അനുഷ്ഠാനമാണ് മൗലൂദ്. അതുപോലെ റാത്തീബ്, കുത്തുറാത്തീബ് എന്നീ ചടങ്ങുകളിലും ഒഴിച്ചുകൂടാനാവാത്ത ഒന്നായിരുന്നു പാട്ടുകൾ. ദഫ്മുട്ട്, അറവാനക്കളി, കോൽക്കളി തുടങ്ങിയ മാപ്പിളകലകളിലും പാട്ട് പ്രധാനമാണ്. മുസ്ലിം കല്ല്യാണ ചടങ്ങുകളിൽ പാട്ടുകൾക്ക് വളരെ പ്രാധാന്യമുണ്ട്. ഒപ്പനപ്പാട്ടുകൾ ഇത്തരം സന്ദർഭത്തിലാണ് പാടുന്നത്.

മാപ്പിളപ്പാട്ടിന്റെ രചന നിർവ്വഹിക്കുന്നത് വ്യക്തികളാണെങ്കിലും അവർ മുമ്പിൽ കാണുന്നത് ഒരു കൂട്ടായ്മയെയാണ്.

**കടങ്കഥ**

പെട്ടെന്ന് ഉത്തരം കണ്ടെത്തുവാൻ കഴിയാത്തവയും അല്പം ചിന്തിച്ചാൽ സൂക്ഷ്മാർത്ഥം ഗ്രഹിക്കാവുന്നവയുമായ ഒരുതരം ഗൂഢാർത്ഥവാക്യങ്ങളാണ് കടങ്കഥകൾ. അർത്ഥം ഗ്രഹിക്കുവാൻ അല്പം പ്രയാസമുള്ള ചോദ്യങ്ങളാണവ. ഒരു ശരിയായ പ്രശ്നപരിഹാരത്തോടുകൂടിയ ഒരു തുറന്ന അന്ത്യമുള്ള പ്രശ്നമാണ് ഒരു കടങ്കഥ. മാനസിക വിനോദത്തിനെന്നപോലെ ബുദ്ധിശക്തിയുടെ വളർച്ചയ്ക്കും ഇവ സഹായകമാണ്. പഴഞ്ചൊല്ല് ഒരാളുടെ മാത്രം പ്രയോഗമാണെങ്കിൽ കടങ്കഥ രണ്ടു വ്യക്തികളുടെ പങ്കാളിത്തം ആവശ്യപ്പെടുന്നു. കടങ്കഥയ്ക്ക് ഉത്തരം പറയാൻ കഴിയാതെവന്നാൽ പറ യാത്ത ആൾക്ക് ഒരു കടമെന്നാണ് കണക്ക്. തോൽക്കുന്നയാൾ കടത്തിലാവുന്നതുകൊണ്ടാവാം ഈ നാടോടി വാങ്മയരൂപത്തിന് കടങ്കഥ എന്ന പേർ വന്നത്.

കടങ്കഥയെ പലരും പലതരത്തിലാണ് നിർവ്വചിക്കാൻ ശ്രമിച്ചിട്ടുള്ളതെങ്കിലും ഇതിലെ മൂന്നംശ ങ്ങളെ അവർ തിരിച്ചറിയുന്നുണ്ട്. സൂചകം, സൂചിതം, നിഷേധം എന്നിവയാണവ. പ്രപഞ്ചത്തിൽ കുട്ടി കണ്ടെത്തുന്ന വസ്തു അഥവാ വസ്തുതയാണ് സൂചിതം. സൂചിതത്തെ പ്രച്ഛന്നവേഷത്തിൽ അവതരി പ്പിക്കുന്നതാണ് സൂചകം. സൂചകത്തിൽ നിന്ന് സൂചിതത്തിലെത്തിച്ചേരുന്നതിനെ തടയുന്നതാണ് നിഷേ ധം. ഉദാഹരണമായി 'ഞെട്ടില്ലാ വട്ടയില' എന്ന കടങ്കഥ പരിശോധിച്ചാൽ ഇതിൽ സൂചിതം പപ്പടം ആണ്. 'ഞെട്ടില്ലാ വട്ടയില' ആണ് സൂചകം. ഞെട്ടുണ്ടാകുകയെന്നത് ഏതിലയുടെയും പൊതുസ്വഭാ വമാണ്. ഇവിടെ അത് ഇല്ലെന്നു പറഞ്ഞിരിക്കുന്നു. അതാണ് നിഷേധം. ഈ മൂന്നു ഘടകങ്ങളും ഉൾക്കൊള്ളുന്ന താളനിബദ്ധമായ ഒരു നാടോടി വാങ്മയമാണ് കടങ്കഥയെന്നു പറയാം.

കടങ്കഥയുടെ മുഖ്യമായ ധർമ്മം വിനോദമാണ്. അപൂർവ്വം ചില സമൂഹങ്ങളിൽ അനുഷ്ഠാനപ രമായ ധർമ്മവും അതിനുണ്ട്. ഉപനിഷത്തിലും വേദങ്ങളിലും കാണുന്ന കടങ്കഥകൾ അനുഷ്ഠാന കട ങ്കഥകൾക്ക് ഉദാഹരണങ്ങളാണ്. വിനോദപരമായ കടങ്കഥകൾ പ്രപഞ്ചത്തെക്കുറിച്ചും ചുറ്റുപാടിനെ ക്കുറിച്ചും ഉള്ള വിദ്യാഭ്യാസം കുട്ടികൾക്കു നൽകുന്നതിൽ മുഖ്യപങ്കുവഹിക്കുന്നു.

കടങ്കഥയുടെ ധർമ്മം, ഘടനാവിഷയം എന്നിവ മുൻനിർത്തി പലതരത്തിൽ ഫോക്‌ലോർ പണ്ഡിതന്മാർ വർഗ്ഗീകരിച്ചിട്ടുണ്ട്. കടങ്കഥയിലെ ചോദ്യവിഭാഗത്തിന്റെ ഘടനയെ അടിസ്ഥാനമാക്കി ഡോ. രാഘവൻ പയ്യനാട് കടങ്കഥകളെ ചോദ്യരൂപം, വാചകരൂപം, ദീർഘവാചകരൂപം, കഥാരൂപം, സമസ്യാരൂപം എന്നിങ്ങനെ വിഭജിക്കുന്നുണ്ട്. കടങ്കഥയ്ക്ക് കവിതയിലെ അലങ്കാരങ്ങളുമായി സാദൃശ്യമുണ്ട്. ചേർച്ചയില്ലാത്ത രണ്ടിനെ ചേർത്തുചൊല്ലുന്ന അലങ്കാരമാണ് വിഷമം. വട്ടത്തിൽ ചവിട്ടുമ്പോൾ നീളത്തിൽ പായും (ഉ. സൈക്കിൾ) എന്ന കടങ്കഥയ്ക്ക് വിഷമം എന്ന അലങ്കാരത്തിന്റെ സ്വഭാവമാണ്. ഇതുപോലെ സംഭാവന, വിശേഷോക്തി, അസംഗതി, രൂപകാതിശയോക്തി എന്നീ അലങ്കാരങ്ങളുടെ രൂപങ്ങളും കടങ്കഥകളിൽ കാണാം.

## പഴഞ്ചൊല്ല്

ഒരു ജനസമൂദായത്തിൽ പണ്ടേക്കു പണ്ടേ പലരും പറഞ്ഞു പറഞ്ഞു പറഞ്ഞു പഴക്കം വന്നിട്ടുള്ള ചൊല്ലുകൾ ആണ് പഴഞ്ചൊല്ല്. പരമ്പരാഗതമായി അഭിവ്യഞ്ജനത്തിന്റെ സമഗ്രവും സംക്ഷിപ്തവുമായ രൂപമാണിത്. ജീവിതത്തിന്റെ എല്ലാ വശങ്ങളും അവ പ്രതിഫലിപ്പിക്കുന്നു. സാമാന്യജനങ്ങളുടെ അനുഭവജ്ഞാനവും ജീവിത പരിചയവും വീക്ഷണവിശേഷവുമാണ് അവയ്ക്ക് രൂപം നൽകിയത്. നർമ്മ സമ്പുഷ്ടങ്ങളും അർത്ഥസമ്പുഷ്ടങ്ങളുമാണവ. ഗ്രാമീണജനതയുടെ സാമൂഹികവും സാംസ്കാരികവും ബുദ്ധിപരവുമായ വളർച്ചയിൽ സ്വാധീനം ചെലുത്തുവാൻ പഴമൊഴികൾക്ക് കഴിഞ്ഞിട്ടുണ്ട്.

സന്ദർഭമാണ് പഴഞ്ചൊല്ലിന്റെ ജീവൻ. സന്ദർഭത്തിൽ നിന്ന് അടർത്തിമാറ്റിയാൽ പഴഞ്ചൊല്ല് ജഡസമാനമായ ഒരു പ്രസ്താവന മാത്രമായിത്തീരുന്നു. ഉചിതമായ സന്ദർഭത്തിൽ പ്രയോഗിക്കുമ്പോൾ മാത്രമേ പഴഞ്ചൊല്ലിന്റെ ധർമ്മം നിർവ്വഹിക്കപ്പെടുകയുള്ളു. എല്ലാവർക്കും അറിയാവുന്ന ഒരു സാമാന്യം കൊണ്ട് വിശേഷമായ ഒന്നിനെ വിശദീകരിക്കുകയാണ് പഴഞ്ചൊല്ല് ചെയ്യുന്നത്. സൂചിതത്തെ സൂചകംകൊണ്ട് മറച്ചു പിടിക്കുകയാണ് പഴഞ്ചൊല്ലിൽ. അലങ്കാരശാസ്ത്രത്തിലെ അർത്ഥാന്തരന്യാസത്തിന് സമാനമാണിത്. ഉണ്ടചോറിൽ കല്ലിടരുത് എന്ന പഴമൊഴിയിൽ രണ്ട് സൂചകങ്ങളുണ്ട്. ഒന്ന് ‘ഉണ്ടചോറ’, മറ്റൊന്ന് ‘കല്ലിടുക’. ഇതിൽ ഉണ്ടചോറ് ഉപകാരം ചെയ്തവനെയാണ് സൂചിപ്പിക്കുന്നത്. ‘കല്ലിടുക’ എന്ന സൂചകം ഉപദ്രവിക്കുക എന്ന യഥാർത്ഥ സൂചിതത്തെ മറച്ചുവയ്ക്കുന്നു.

ഘടനയെ മുൻനിർത്തി പഴഞ്ചൊല്ലിനെ നിർവ്വചിക്കാൻ അലൻഡൻഡിസ് ശ്രമിച്ചിട്ടുണ്ട്. ഇതിനായി അദ്ദേഹം പഴഞ്ചൊല്ലിലെ ഘടകങ്ങളെ വിപരീത സ്വഭാവമുള്ളവയെന്നും സമാനസ്വഭാവമുള്ളവയെന്നും രണ്ടായി തിരിക്കുന്നു. ‘നാരി നടിച്ചിടം, നാരകം നട്ടിടം’ എന്ന പഴമൊഴി സമാനസ്വഭാവമുള്ള ഘടകങ്ങളെയാണ് ഉൾക്കൊള്ളുന്നത്. നാരി നടിച്ചിടം = നാരകം നട്ടിടം (മുടിയും എന്നർത്ഥം). കാക്ക കുളിച്ചാൽ കൊക്കാകുമോ? എന്നു പഴഞ്ചൊല്ലിൽ വിപരീത സ്വഭാവമുള്ള ഘടകങ്ങളെയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. കാക്ക ഃ കൊക്ക്/ കുളിക്കുക ഃ വെളുക്കുന്നില്ല എന്നിങ്ങനെ.

ദീർഘകാലത്തെ ജീവിതനിരീക്ഷണത്തിൽ നിന്നുളവായ അറിവിന്റെ ഫലമാണ് പഴഞ്ചൊല്ലുകൾ. ലോകസ്വഭാവത്തെ മിതവും സാരവുമായി ആവിഷ്കരിക്കുവാൻ പഴഞ്ചൊല്ലുകൾക്ക് കഴിയുന്നു. ഒരു ജനതയുടെ സാംസ്കാരിക മൂല്യത്തെ സംരക്ഷിച്ചു നിർത്തുന്നതിൽ പഴഞ്ചൊല്ലുകൾക്ക് ഏറെ പങ്കുണ്ട്. പാരമ്പര്യത്തിൽ നിന്ന് ഇടർച്ച സംഭവിക്കുമ്പോൾ അതിലേക്ക് വലിച്ചടുപ്പിക്കുന്നത് പഴഞ്ചൊല്ലാണ്. കൂട്ടായ്മയുടെ ജീവിതമൂല്യത്തെ സംബന്ധിച്ച അറിവ് വരും തലമുറയ്ക്ക് പകർന്നുകൊടുക്കുന്നതിനാൽ അത് അനൗപചാരിക വിദ്യാഭ്യാസത്തിന്റെ ഉപാധികൂടിയാണ്.

## നാടോടിക്കഥകൾ

കൂട്ടായ്മ അവരുടേതായി കൊണ്ടു നടക്കുന്നതും പാഠഭേദം, വാമൊഴി പാരമ്പര്യം, ലാളിത്യം തുടങ്ങിയ ഫോക്‌ലോറിന്റെ പൊതുസ്വഭാവങ്ങൾ ഉൾക്കൊള്ളുന്നതുമായ കഥാരൂപങ്ങളാണ് നാടോടിക്കഥകൾ. കൂട്ടായ്മയിൽ നിന്ന് രൂപമെടുക്കുന്ന ഇത്തരം കഥകളിൽ അവരുടെതന്നെ ആവലാതികളും സ്വപ്നങ്ങളും പ്രതീക്ഷകളുമായിരിക്കും പലവേഷത്തിലും പ്രത്യക്ഷപ്പെടുക. ഏതാനും വാക്കുകളിൽ അവസാനിക്കുന്ന കഥകൾ മുതൽ മാസങ്ങളോളം പറഞ്ഞാൽ തീരാത്ത കഥകൾവരെയുണ്ട്. രാജാ

ക്കന്മാരുടെയും മന്ത്രിമാരുടെയും വീരപരാകമങ്ങൾ ഉദ്ഘോഷിക്കുന്ന കഥകളും രൂപംകൊണ്ട് മൃഗങ്ങളെങ്കിലും ധർമ്മംകൊണ്ട് മനുഷ്യരായ കഥാപാത്രങ്ങളുള്ള മൃഗകഥകളുമുണ്ട്. പറക്കും തളികകളും മാന്ത്രികവടികളുംകൊണ്ട് മായാപ്രപഞ്ചം സൃഷ്ടിക്കുന്ന അത്ഭുതകഥകൾ ഉണ്ട്. രാക്ഷസന്മാരും പിശാചുക്കളും ഭയാനക രംഗങ്ങൾ സൃഷ്ടിക്കുന്ന ഭീകരകഥകൾ ഉണ്ട്. ബീഭത്സങ്ങളായ യക്ഷിക്കഥകൾ ഉണ്ട്. ഗന്ധർവ്വന്മാരും കിന്നരന്മാരും വന്ന് സ്വപ്നസുന്ദരങ്ങളായ രംഗങ്ങൾ സൃഷ്ടിക്കുന്ന കിന്നരകഥകളുണ്ട്. ഇങ്ങനെ വ്യത്യസ്തതകളുടെ വിചിത്രലോകം തന്നെ നാടോടിക്കഥകൾ പ്രകടമാക്കുന്നു.

പ്രശ്നവും പ്രശ്നപരിഹാരവും അല്ലെങ്കിൽ ഇല്ലായ്മയും ഇല്ലായ്മയുടെ പരിഹാരവുമാണ് ഏത് നാടോടിക്കഥയും. ന്യൂനത്തിൽ നിന്ന് (-) അധിക (+)ത്തിലേക്കുള്ള സംഭവ പരമ്പരകളുടെ അനുക്രമമായ ഗതിയാണ് കഥ എന്നു പറയാം. ആരോഹണാവരോഹണങ്ങളിലൂടെ പുരോഗമിച്ച് കഥ ലക്ഷ്യസ്ഥാനത്ത് എത്തുന്നു. ഈ ഉയർച്ചയും താഴ്ചയും കഥാഗതിക്ക് മാത്രമല്ല, കഥാപാത്രങ്ങൾക്കും പ്രത്യേകിച്ച് കഥാനായകനും ബാധകമാണ്. നേരിട്ട് പ്രശ്നത്തിലേക്ക് കടക്കുകയോ പ്രശ്നത്തിൽ നിന്ന് തുടങ്ങുകയോ ചെയ്യില്ല എന്നത് നാടോടിക്കഥകളുടെ ഒരു സവിശേഷതയാണ്. കഥയിലെ പ്രശ്നത്തിന്റെ പരിസരം സൂചിപ്പിച്ച് പതുക്കെ പ്രശ്നത്തിലേക്ക് നയിക്കുകയെന്നതാണ് പൊതുരീതി. കോന്തനും കുറുക്കനും എന്ന കഥയിലെ പ്രശ്നം ഉദ്യാനത്തിൽ നിന്ന് സ്വർണ്ണമാങ്ങ് നിഗൂഢമായ രീതിയിൽ അപ്രത്യക്ഷമാകുന്നതാണ്. സ്വർണ്ണമാങ്ങ നഷ്ടമാകുന്ന ന്യൂനാവസ്ഥയിൽ നിന്ന് അവയെ തിരിച്ചു പിടിക്കുന്ന അധികാവസ്ഥയിലേക്കുള്ള പ്രയാണമാണ് ഈ കഥ. സ്വർണ്ണമാങ്ങ നഷ്ടമാകുന്നു എന്നതുപോലെ മറ്റൊരു പ്രശ്നംകൂടി ഈ കഥയിൽ ഉണ്ട്. ഏറ്റവും കുറവ് പരിഗണന മാത്രമേ സത്യസന്ധനായ കോന്തന് ലഭിക്കുന്നുള്ളു എന്നതാണ് ആ പ്രശ്നം. കഥാവസാനം സഹോദരന്മാരുടെ എതിർപ്പുകളെ അതിജീവിച്ച് വിവാഹിതനും രാജ്യത്തിന്റെ പിൻഗാമിയും ആകുന്നതോടെ കഥയിൽ ഈ പ്രശ്നവും പരിഹൃതമാകുന്നു.

കഥയുടെ സഞ്ചാരത്തിന് അനുകൂലമാണോ പ്രതികൂലമാണോ കഥാപാത്രത്തിന്റെ പ്രവൃത്തി എന്നതിന്റെ അടിസ്ഥാനത്തിൽ അധികങ്ങളൊന്നും (+) ന്യൂനങ്ങളെന്നും (-) കഥാപാത്രങ്ങളെ രണ്ടായി വർഗീകരിക്കാം. നായകൻ എപ്പോഴും അധികപക്ഷത്തും പ്രതിനായകൻ ന്യൂനപക്ഷത്തും നിൽക്കുന്നു. കഥയിലെ മറ്റ് കഥാപാത്രങ്ങളെല്ലാം ഈ രണ്ട് പക്ഷത്തുമായി അണിനിരക്കുന്നു. ആരെ ചുറ്റിപ്പറ്റിയാണോ നാടോടിക്കഥ വളരുന്നത് ആ കഥാപാത്രമാണ് നായകൻ. അന്വേഷ്ടാക്കൾ, അർപ്പിതർ എന്നിങ്ങനെ നായകരെ രണ്ടായിതിരിക്കാം. ഇല്ലായ്മയുടെ പരിഹാരത്തിന് ഇറങ്ങിത്തിരിക്കുന്ന നായകനാണ് അന്വേഷ്ടാവ്. എന്നാൽ ചിലപ്പോൾ നായകനെ തന്നെ തട്ടിക്കൊണ്ടുപോവുകയോ അയാൾ സ്വയം ആപത്തിൽ അകപ്പെടുകയോ ചെയ്തെന്നു വരാം. ഇവിടെ നായകൻ സ്വയം രക്ഷപ്പെടാൻ വേണ്ടി പ്രയത്നിക്കേണ്ടിവരുന്നു. ഈ കഥാനായകനെയാണ് അർപ്പിതനായകൻ എന്നു വിളിക്കുന്നത്. കോന്തനും കുറുക്കനും എന്ന കഥയിലെ നായകൻ മാങ്ങ അന്വേഷിച്ചു പോകാൻ സ്വയം തീരുമാനിക്കുന്നതിനാൽ അന്വേഷ്ടാവായ നായകനാണ്.

കഥയിലെ പ്രശ്ന പരിഹാരത്തിന് വിഘാതമായി നിൽക്കുകയും ചിലപ്പോൾ പ്രശ്നത്തിന് തന്നെ കാരണമായി നിൽക്കുകയും നായകന്റെ എല്ലാ പ്രവൃത്തികളേയും പരാജയപ്പെടുത്താൻ ശ്രമിക്കുകയും ചെയ്യുന്ന കഥാപാത്രത്തെയാണ് പ്രതിനായകൻ എന്നു വിളിക്കുന്നത്. ചില കഥകളിൽ പ്രതിനായകൻ ആരും തന്നെ രംഗത്തു വന്നുവെന്നു വരില്ല. അത്തരം സന്ദർഭങ്ങളിൽ വിധി അല്ലെങ്കിൽ കഥാനായകന്റെ തന്നെ ദൗർബല്യമായിരിക്കും പ്രതിനായകൻ. നാടോടിക്കഥയിൽ നായകനും പ്രതിനായകനും ഒപ്പംനിന്ന് കഥാഗതിയെ നിയന്ത്രിക്കുന്ന കഥാപാത്രങ്ങളാണ് ദാതാക്കൾ. നായകനെ അധികംകൊണ്ടും പ്രതിനായകനെ ന്യൂനം കൊണ്ടും സഹായിക്കുക എന്നതാണ് ദാതാക്കളുടെ കടമ.

കുട്ടികൾക്ക് വിജ്ഞാനം പകർന്നു കൊടുക്കുന്നതിലും ധർമ്മബോധവും സദാചാരബോധവും വളർത്തുന്നതിലും കഥ ഒരു പരിധിവരെ പങ്ക് വഹിക്കുന്നുണ്ട്. കുട്ടികളുടെ മനസ്സിൽ ഭാവനയുടെ ലോകം തുറന്നിടുന്നതിലും വായനാശീലം വളർത്തുന്നതിലും മുത്തശ്ശിയും കുട്ടികളും തമ്മിലുള്ള പര

സ്പരബന്ധത്തെ ദൃഢപ്പെടുത്തുന്നതിലും കഥകൾക്ക് വലിയൊരു സ്ഥാനമുണ്ട്.

## പുരാവൃത്തം.

ഒരു ജനത പാവനമെന്നു കരുതുന്ന കഥയാണ് പുരാവൃത്തം. അലൗകികവും ദൈവികവുമായ കഥാപാത്രങ്ങളും സംഭവപരമ്പരകളുമാണ് അതിൽ ഉണ്ടാവുക. പുരാവൃത്തം യുക്തിരഹിതമാണെങ്കിലും കൂട്ടായ്മ ഒരിക്കലും അതിനെ ചോദ്യം ചെയ്യാറില്ല. പലവിധ മാനസിക സമ്മർദ്ദങ്ങളിൽ നിന്ന് സമൂഹമനസ്സിന് രക്ഷനേടാനുള്ള മാർഗ്ഗങ്ങളിലൊന്നാണ് പുരാവൃത്തം. പുരാവൃത്തമെന്നത് പാരമ്പര്യോപദേശം ആണെന്നു പറയാം. നാടോടി വിജ്ഞാനീയത്തിൽ പുരാവൃത്തങ്ങൾ (മിത്ത്)ക്കുള്ള സ്ഥാനം വളരെ വലുതാണ്.

ഏതൊരു സമൂഹത്തിലും രണ്ടുതരത്തിലുള്ള പുരാവൃത്തങ്ങൾ നിലനിൽക്കുന്നുണ്ട്. മേൽ സംസ്കാരവും കീഴ്സംസ്കാരവും പോലെയാണ് ഈ ഉച്ച അവച പുരാവൃത്തങ്ങൾ. പുരാവൃത്തം ഒരേ സമയം സമൂഹ ജീവിതത്തിന്റെ ചരിത്രവും മനുഷ്യസംസ്കൃതിയുടെ ചരിത്രവും ഉൾക്കൊള്ളുന്നുണ്ട്. ഒരു സമുദായത്തിന് സ്വന്തം പാരമ്പര്യത്തെ സ്വാംശീകരിക്കാനുള്ള മാർഗ്ഗവും സ്വന്തം അനന്യത്വം ഉയർത്തിപ്പിടിക്കാനുള്ള പ്രതിരോധ തന്ത്രവുമാണ് പുരാവൃത്തങ്ങൾ.

മിഥ്യാബോധമുളവാക്കുന്ന ചരിത്രം-ഭൂതകാലത്തെക്കുറിച്ചുള്ള ഒരു കഥ എന്നാണ് ലെവിസ്ട്രോസ് പുരാവൃത്തത്തെ നിർവ്വചിച്ചിട്ടുള്ളത്. ദൃശ്യമായ പ്രതിഭാസത്തിന്റെ അടിസ്ഥാനത്തിൽ അദൃശ്യമായ യാഥാർത്ഥ്യങ്ങളുടെ ആവിഷ്കാരമാണ് അവ. പുരാവൃത്തം 'പവിത്രകഥ-'യാണ്. കേവലം കളിക്കഥകളല്ല. വിശ്രമത്തിനോ വിനോദത്തിനോ വേണ്ടി ഉള്ളവയല്ല. അവ പാവനമാണ്. പ്രാക്തന വിശ്വാസം, ആചാരം തുടങ്ങിയവയുടെ അവശിഷ്ടം ഇപ്പോഴും ഗ്രാമീണ കൃഷീവലന്മാരിലും സമകാലിക കാടന്മാരിലും അതിജീവിക്കുന്നുണമ്ട്. മനുഷ്യസംസ്കാരത്തിന്റെയും ജീവിതത്തിന്റെയും പുനഃസൃഷ്ടിക്ക് ഈ അതിജീവനാവശിഷ്ടം സഹായിക്കും.

മിത്ത് അനുഷ്ഠാനത്തെയും അനുഷ്ഠാനം മിത്തിനെയും അർത്ഥപൂർണ്ണമാക്കുന്നു. അവ ഒന്നു തന്നെ എന്നാണ് ഇ.ആർ.ലിച്ച് പ്രസ്താവിക്കുന്നത്. യാഥാർത്ഥ്യങ്ങൾ പ്രതീകാത്മകമായിട്ടാണ് അവിടെ കാണുന്നത്. അത് ജനസമൂഹത്തിന്റെ സ്വപ്നമാണ്. സർഗ്ഗാത്മകമായ ഒരു സ്വപ്നമെന്ന നിലയിൽ മിത്ത് കാലത്തിന്റെ തൃപ്തികരമായ ഒരു സങ്കല്പമാണ്.

പ്രാക്തന സംസ്കാരത്തിന്റെ സംഭാവനയെന്ന നിലയിൽ മിത്തിന് വിശ്വാസത്തെ ആവിഷ്കരിക്കുകയെന്ന മൗലികമായ ധർമ്മമുണ്ട്. സദാചാരത്തിന്റെയും മതത്തിന്റെയും പൊതുവായ ഉറവിടമെന്ന നിലയിൽ പുരാവൃത്തം നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. മിത്തിന് പ്രതിപൂരകധർമ്മമുണ്ട്. മനസ്സിന്റെ വൈമുഖ്യം നീക്കി ആനന്ദവും ആശ്വാസവും നൽകുക എന്നത് അവയുടെ ലക്ഷ്യമാണ്. വിരേചന പ്രക്രിയയിലൂടെ മനസ്സംസ്കരണത്തിന് വഴി തെളിഞ്ഞു കിട്ടുന്നു. ജീവിതത്തിലെ പ്രതിബന്ധങ്ങളെയോ ആശാഭംഗത്തെയോ മാനസിക സംഘർഷങ്ങളെയോ പ്രതിഷേധങ്ങളെയോ തരണം ചെയ്ത് സമതുലനാവസ്ഥയിൽ എത്തുവാൻ പുരാവൃത്തങ്ങൾ സഹായകമാണ്. പുരാവൃത്തം ഒരു വിജ്ഞാനീയമാണ .
അതിനാൽതന്നെ അറിവ് നൽകുകയെന്നത് അതിന്റെ മുഖ്യധർമ്മമാണ് പുരാവൃത്തം ചരിത്രമല്ലെങ്കിലും ചരിത്രത്തിന്റെ ധർമ്മവും അത് ഉൾക്കൊള്ളുന്നുണ്ട്.

ഉള്ളടക്കത്തിലും സ്വഭാവത്തിലും പുരാവൃത്തങ്ങൾ വൈവിധ്യമാർന്നവയാണ്. അവ മതവുമായി നേരിട്ട് ബന്ധമുള്ളവയോ ബന്ധമില്ലാത്തവയോ ആകാം. ഉല്പത്തി പുരാവൃത്തം, പ്രകൃതി പുരാവൃത്തം, ഖഗോള പുരാവൃത്തം, വീരപുരാവൃത്തം, അനുഷ്ഠാനിക പുരാവൃത്തം എന്നിങ്ങനെ അവയെ തരംതിരിക്കാം.

'നായാട്ടും' 'ഏറ്റും' ഉപജീവന മാർഗ്ഗമായി സ്വീകരിച്ച ഒരു ജനത കാലാന്തരത്തിൽ ജനിച്ചു വളർന്നു നാടുവിട്ട് മലനാട്ടിൽ ചേർന്നതിന്റെ ചരിത്രരേഖയാണ് വയനാട് കുലവൻ പുരാവൃത്തം,

കൃഷി മാന്യമായ തൊഴിലും ചെത്ത് മോശപ്പെട്ട തൊഴിലുമായി നോക്കിക്കാണാൻ തുടങ്ങിയ കാലത്ത് കൃഷിയിൽ ഏർപ്പെട്ട തിയ്യ സമുദായം അപ്പോഴും കള്ളു ചെത്തലിൽ സ്വന്തം വ്യക്തിത്വം കാണുന്നു എന്നതാണ് പുരാവൃത്തത്തിലെ 'ചെത്ത് ശിവൻ ഉപദേശിച്ചു' എന്നു പറയുന്നതിലും അനുഷ്ഠാന അവസരത്തിൽ കുലചിഹ്നംപോലെ ഏറ്റുകത്തിയും ഒണ്ടയും തളയും പ്രദർശിപ്പിക്കുന്നതിലും കാണുന്നത്. അതോടൊപ്പം കൈവിട്ടുപോയ നായാട്ടിനെ ഒരു ദിവസത്തേക്ക് പുനഃസൃഷ്ടിക്കുകയും ചെയ്യുന്നു. മേൽജാതിക്കാർ ഈ കൂട്ടായ്മയെ വിളിച്ചിരുന്നത് 'തിയ്യർ' (തിയ്യ (മോശം) സ്വഭാവമുള്ളവർ) എന്നായിരുന്നു. ഈ അഭിസംബോധനയെ പ്രതിരോധക്കാനാണഅ പുരാവൃത്തത്തിൽ ശിവനെക്കൊണ്ടുതന്നെ 'ദിവ്യൻ' (തത്ഭവരൂപത്തിൽ തിയ്യൻ) എന്ന് പേർ പറയിക്കുന്നത്. വടക്കെ മലബാറിലെ തിയ്യ തറവാടുകളിലും കാവുകളിലും വയലുകളിലും ഗ്രാമങ്ങളിലുമായി അരങ്ങേറുന്ന തെയ്യങ്ങളുടെ പിൻബലമാണ് ഈ പുരാവൃത്തം. മൂന്ന് ദിവസം അഗ്നി എരിയുകയും സമാപനദിവസം വയനാട്ടുകുലവന്റെ ചൂതാട്ടം കഴിയുകയും ചെയ്താൽ മഴ പെയ്യുമെന്നാണ് വിശ്വാസം. മിക്കസ്ഥലങ്ങളിലും വയനാട്ടുകുലവൻ കഴിഞ്ഞാൽ തൊട്ടടുത്ത ദിവസങ്ങളിൽ ആ വയലിൽ കൃഷിയിറക്കുന്നു.

## ഐതിഹ്യം.

ചരിത്രാംശങ്ങളുടെ പിൻബലം ഉണ്ടാകുമ്പോഴാണ് ഒരു കഥ ഐതിഹ്യമായിത്തീരുന്നത്. ഈ ചരിത്രപരത ഐതിഹ്യത്തെ പുരാവൃത്തത്തിൽ നിന്നും നാടോടിക്കഥയിൽ നിന്നും വ്യത്യസ്തമാക്കുന്നു. നിരക്ഷര സമൂഹത്തിൽ ഐതിഹ്യങ്ങൾ അവരുടെ ചരിത്രത്തിന്റെ ഭാഗമാണ്. ചരിത്രത്തെ ഭാവനയുമായി ഇടകലർത്തുമ്പോൾ ഐതിഹ്യമുണ്ടായ് തീരും. ഏത് ഐതിഹ്യത്തിന്റെയും മുഖ്യമായവശം അത് ഉൾക്കൊള്ളുന്ന സന്ദേശമാണ്. ഈ സന്ദേശത്തെ പങ്ക്‌വയ്ക്കുന്നതിനുള്ള കൂട്ടായ്മയുടെ ശക്തമായ മാധ്യമമാണ് ഐതിഹ്യം. ഇവയെ ചരിത്രാതീതകാല മനുഷ്യന്റെ പുരാവൃത്ത രേഖകളായി വിശേഷിപ്പിക്കാറുണ്ട്. ഐതിഹ്യങ്ങളെ യഥാർത്ഥ ചരിത്രങ്ങളായി പരിഗണിച്ചു കാണാറില്ല. എങ്കിലും അവയുടെ ചരിത്രമൂല്യത്തെ നിഷേധിക്കുവാൻ കഴിയുകയില്ല.

കേരളത്തിലെ ഐതിഹ്യങ്ങളെ ഉല്പത്തി ഐതിഹ്യങ്ങൾ, ചരിത്ര ഐതിഹ്യങ്ങൾ, അലൗകിക ഐതിഹ്യങ്ങൾ, ദിവ്യ ഐതിഹ്യങ്ങൾ എന്നിങ്ങനെ തരംതിരിക്കാം. പരശുരാമൻ മഴുവെറിഞ്ഞ് സൃഷ്ടിച്ച ഭൂമിയാണ് കേരളം എന്നത് ഉല്പത്തി ഐതിഹ്യത്തിൽ പെടുന്നു. കുമാരധാര എന്ന പേരിൽ വടക്കൻ കോട്ടയത്തുള്ള ഒരു വെള്ളച്ചാട്ടത്തിന് കീഴിൽ നേരത്തോട് നേരം കിടന്ന് മൂഢത്വം നശിച്ച് ബുദ്ധിമാനായിതീർന്ന കോട്ടയത്ത് രാജാവിന്റെ കഥയെ ചരിത്ര ഐതിഹ്യങ്ങളിൽ പെടുത്താം. മാന്ത്രികനായ കടമറ്റത്ത് കത്തനാരുടെ കഥ അലൗകിക ഐതിഹ്യങ്ങളിൽ ഒന്നാണ്. പൂന്താനത്തിന്റെ കഥയും മണ്ണാറശ്ശാലയിലെ സർപ്പങ്ങളുടെ കഥയും ദിവ്യ ഐതിഹ്യങ്ങളാണ്. വെള്ളത്തിൽ കുളിച്ച് ഓത്ത് കൊണ്ടിരുന്ന നമ്പൂതിരിമാർ മുകളിലേക്ക് ആചമിച്ച വെള്ളം തോമാശ്ലീഹാ അവിടെത്തന്നെ നിർത്തിക്കാണിച്ചുകൊടുത്തു എന്നും അതിന്റെ ഫലമായി അവർ ക്രിസ്ത്യാനികളായി എന്നുമുള്ള കഥ മതപരമായ ഐതിഹ്യത്തിൽപ്പെടുന്നു.

1963ൽ ഒരന്തർദേശീയ സമിതി ലഭിക്കാവുന്ന ഐതിഹ്യങ്ങളെല്ലാം അടിസ്ഥാനമാക്കി ഒരു തരം തിരിവ് നടത്തിയിട്ടുണ്ട്. കർട്ട്റോങ്കേയാണ് അതിന് മുൻകൈയെടുത്തത്. അതിൽ ഐതിഹ്യങ്ങളെ നാലായി തിരിച്ചിരിക്കുന്നു. ഉല്പത്തിയെയും മരണാനന്തര ജീവിതത്തെയും സംബന്ധിച്ചവ, ചരിത്രത്തെയും ചരിത്രനാഗരികതയെയും സംബന്ധിച്ചവ, അലൗകിക ജീവികൾ, അലൗകിക ശക്തികൾ എന്നിവയെ സംബന്ധിച്ചതോ പുരാവൃത്തപരമായതോ ആയ ഐതിഹ്യങ്ങൾ, മതപരമായ ഐതിഹ്യങ്ങൾ അഥവാ ദൈവങ്ങളെയും വീരന്മാരെയും കുറിച്ചുള്ള പുരാവൃത്തങ്ങൾ എന്നിവയാണവ.

# മൊഡ്യൂൾ - 3

## തെയ്യം

ഉത്തരകേരളത്തിലെ ഒരു അനുഷ്ഠാന നർത്തനകലയാണിത്. ' ദൈവം എന്ന പദത്തിന്റെ തൽഭവ രൂപമാണ് തെയ്യം. ദേവീ ദേവന്മാരെയും യക്ഷഗന്ധർവാദികളെയും ഭൂതങ്ങളെയും നാഗങ്ങളെയും മൃതിയടഞ്ഞ കാരണവന്മാരെയും മൺമറഞ്ഞ വീരപരാക്രമികളെയും കോലസ്വരൂപമായി കെട്ടിയാടിച്ച് ആരാധിക്കുകയാണ് ഈ ഗ്രാമീണകലയുടെ സവിശേഷത. തെയ്യവും തിറയും കോലവും ഒരേ ആശയത്തെ പ്രതിനിധീകരിക്കുന്നു.

സാധാരണക്കാരന്റെ ആരാധനാ സമ്പ്രദായമാണ് തെയ്യാട്ടവും തിറയാട്ടവും. ഇവയിലെല്ലാം ചലിക്കുകയും സംസാരിക്കുകയും ചെയ്യുന്ന ദൈവങ്ങളെയാണ് കാണുന്നത്. മനുഷ്യനിൽ ദേവതാസങ്കല്പം പൂർണ്ണമായും ആരോപിക്കുന്നു. അനുഷ്ഠാനബദ്ധമാണ് ഈ കല. തെയ്യം കെട്ടുന്ന കോലക്കാരൻ, കഴിപ്പിക്കുന്ന കർമി, കോമരം എന്നിവരെല്ലാം വ്രതശുദ്ധിയോടുകൂടിയിരിക്കണം. ഇത്തരം വ്രതാനുഷ്ഠാനങ്ങളിലൂടെ കർമസന്നദ്ധതയ്ക്കുവേണ്ടി മനസ്സിനെ പാകപ്പെടുത്തി ശുദ്ധീകരിച്ചെടുക്കുവാൻ സാധിക്കുന്നു. തെയ്യങ്ങളും തിറകളും കെട്ടിയാടിക്കപ്പെടുന്ന ദേവതാസങ്കൽപങ്ങളാണ് കാവ്, (മുണ്ട), താനം (സ്ഥാനം) അറ, പള്ളിയറ, കോട്ടം തുടങ്ങിയവ. ആദ്യ സങ്കേതം വൃക്ഷമൂലങ്ങളായിരിക്കണം. തറവാടുകളിലും തെയ്യങ്ങൾ കെട്ടിയാടിക്കും.

എവിടെയോ ഇരിക്കുന്ന ദേവതയെ വിളിച്ചു വരുത്തി തോറ്റം പാടി സന്തോഷിപ്പിച്ച് നിരവധി അനുഷ്ഠാനങ്ങളിലൂടെ കോലക്കാരിലെത്തിച്ച് കോലക്കാരൻ ദേവതയായി ഉറഞ്ഞുതുള്ളി കൂടിനിൽക്കുന്ന ഭക്തന്മാരെ അനുഗ്രഹിച്ച് വന്നവഴിയെത്തന്നെ തിരിച്ചു പോകുന്നതാണ് തെയ്യത്തിന്റെ അനുഷ്ഠാനക്രമം.

ദേവത കോലക്കാരന്റെ ശരീരത്തിൽ പൂർണ്ണമായെത്തുന്നതോടെ തെയ്യത്തിന്റെ ചലനം ക്രമനിബന്ധമാകുകയും അത് സവിശേഷമായ നൃത്തരൂപമായിത്തീരുകയും ചെയ്യുന്നു. മുന്നൂറിലേറെ തെയ്യങ്ങൾ ഉണ്ടെന്നാണ് കണക്കാക്കുന്നത്. രൂപം, ഭാവം, അനുഷ്ഠാനക്രമം, കലശം എന്നിവയിൽ ഓരോ തെയ്യവും വ്യത്യസ്തമാണ്. ഒരേ തെയ്യം തന്നെ അനുഷ്ഠാനത്തിന്റെ വ്യത്യസ്ത ഘട്ടങ്ങളിൽ വ്യത്യസ്ത നൃത്തരീതി കൈക്കൊള്ളുന്നത് കാണാം.

പലതരം ആരാധനാ സമ്പ്രദായങ്ങൾ തമ്മിൽ ചേർന്നു രൂപപ്പെട്ടുവന്നൊരാരാധനാക്രമമാണ് തെയ്യത്തിൽ കാണുന്നത്. തോറ്റങ്ങളിലും വായ്ത്താരികളിലും നിറഞ്ഞു നിൽക്കുന്നത് സൂചിത കഥകളും ഐതിഹ്യങ്ങളുമാണ്. അമ്മ ദൈവങ്ങൾ, ഭഗവതികൾ, കാളികൾ, ചാമുണ്ഡികൾ, നാഗകന്യകൾ, വനദേവതകൾ, മന്ത്രമൂർത്തികൾ, ഇതിഹാസ പുരുഷന്മാർ, വീരന്മാർ, ചതിക്കപ്പെട്ടവർ, അടിച്ചമർത്തപ്പെട്ടവർ തുടങ്ങിയവരെല്ലാം തെയ്യത്തിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. കാവുകളിൽ അമ്മ ദൈവങ്ങൾക്കും ഭഗവതിയ്ക്കുമാണ് പ്രാമുഖ്യം വേഷത്തിലും ഭാവത്തിലും വർണ്ണത്തിലും തികഞ്ഞ വിഭിന്നതപുലർത്തുന്ന ദൈവങ്ങൾ തെയ്യങ്ങളുടെ കൂട്ടത്തിലുണ്ട്. ഭഗവതികളും മന്ത്രമൂർത്തികളും ചാമുണ്ഡികളും സംഹാരതാണ്ഡവമാടുന്ന ദേവതകളാണ്. എന്നാൽ ജനങ്ങളുടെ നേർച്ചകളിലും ഭയഭക്തികളിലും സന്തുഷ്ടരായി അവരെ ആവോളം സഹായിക്കുന്നവരാണ് ഈ തെയ്യക്കോലങ്ങൾ.

വടക്ക് ചന്ദ്രഗിരിപ്പുഴയുടെയും തെക്ക് വളപട്ടണം പുഴയുടെയും ഇടയ്ക്കുള്ള പ്രദേശത്താണ് അനുഷ്ഠാനബന്ധിതമായ തെയ്യങ്ങൾ കൂടുതലായും കടന്നുവരുന്നത്. ഈ അതിർത്തികൾക്കപ്പുറവും തെയ്യങ്ങൾ ആഘോഷപൂർവ്വം അരങ്ങേറുന്നുണ്ട്. ആട്ടത്തിലും പാട്ടിലും ചമയത്തിലും വടക്കൻ കേരളത്തിന്റെ തനിമയും ആചാര വിചാരധാരകളും തെയ്യങ്ങളിൽ നിറഞ്ഞു നിൽക്കുന്നു. ഇരുണ്ട രാത്രിയുടെ കറുപ്പിൽ കാവുകളുടെ കനത്ത നിശബ്ദതകളിൽ മുറുകുന്ന ചെണ്ടയുടെ താളത്തിൽ ചുടവുവയ്ക്കുന്ന തെയ്യങ്ങളെ കാണുമ്പോൾ ഗ്രാമീണ മനസ്സുകളിൽ ഭയഭക്തികൾ കുമിഞ്ഞുകൂടുന്നു. സ്ഥലകാലങ്ങളും യുക്തിഭേദങ്ങളും മറന്ന് അവർ തെയ്യങ്ങളെ ദൈവങ്ങളുടെ പ്രതിനിധികളായി മനസ്സിൽ കുടിയിരുത്തുന്നു. കാര്യങ്ങൾ സാധിക്കാനും സാധിച്ച കാര്യങ്ങളുടെ നന്ദി പ്രകടിപ്പിക്കാനും തെയ്യ

ങ്ങളെ ആടിക്കാറുണ്ട്. പകർച്ചവ്യാധികൾ പടരുന്നതു തടയാനും പ്രകൃതി കോപങ്ങൾ തരണം ചെയ്യുന്നതിനും തെയ്യങ്ങളെ ഉപാധികളാക്കുന്നു. വണ്ണാൻ, മലയൻ, വേലൻ, കോപ്പാളൻ തുടങ്ങിയവരാണു തെയ്യങ്ങൾ കെട്ടുന്നത്. തെയ്യക്കോലമണിയുന്ന ആളുകളെ കാവുകളിൽ ഉത്സവം തുടങ്ങുന്ന ദിവസമറിയിക്കും. ചുവന്ന പട്ടുടുത്ത കോലക്കാരൻ ദൈവസ്ഥാനത്തിന്റെ മുന്നിൽ വന്നുനിന്ന് തോറ്റംപാട്ടുകൾ പാടുന്നു. ചില തെയ്യങ്ങൾക്ക് തോറ്റത്തിനു പകരം വെള്ളാട്ടാണുണ്ടാവുക.

തെയ്യത്തിന്റെ ആരാധയിലൂടെ ഗ്രാമീണ ജനങ്ങൾ സ്വയം ശക്തി സംഭരിക്കുകയാണ് ചെയ്യുന്നത്. പ്രതിഷേധിക്കുകയും പ്രതികരിക്കുകയും ചെയ്യുന്ന ഒരു തലമുറയുടെ സ്വരം തെയ്യത്തിൽ അടങ്ങിയിട്ടുണ്ട്. പുരാണങ്ങളിലും ഇതിഹാസങ്ങളിലുമുള്ള കഥകളെ മണ്ണിലെ ജനജീവിത്തിലേക്ക് ഇറക്കിക്കൊണ്ടുവരുന്നത് തെയ്യങ്ങളിൽ കാണാവുന്നതാണ്.

**മുടിയേറ്റ്**

ഭദ്രകാളിയെ പ്രീണിപ്പിക്കാനുള്ള ഒരു അനുഷ്ഠാനകലയാണിത്. തിരുവിതാംകൂർ, കൊച്ചി എന്നീ പ്രദേശങ്ങളിലാണ് മുടിയേറ്റിന് കൂടുതൽ പ്രചാരം. മധ്യ കേരളത്തിലും അപൂർവ്വമായി നടന്നുവരുന്നു. ‘മുടിയെടുപ്പ്’ എന്നും ചിലേടങ്ങളിൽ പറയുന്നു. കാളിയുടെ ഭീകരമായ മുഖവും ജടാഭാരവും, മരം കൊണ്ടോ ലോഹങ്ങൾ കൊണ്ടോ ഉണ്ടാക്കിയതാണ് മുടി. ആ തിരുമുടി തലയിലണിഞ്ഞാണ് കാളിയായി ആടുന്നത്. ഭദ്രകാളി വേഷക്കാരൻ ക്ഷേത്രത്തിൽ നിന്നാണ് മുടി ധരിക്കുക. മുടിയേറ്റ് നടത്തുന്നവർ കുറുപ്പന്മാരാണ്. ചിലേടങ്ങളിൽ മാരയാന്മാരും പതിവുണ്ട്. വാദ്യക്കാർ പ്രായേണ മാരയാന്മാരായിരിക്കും. വീക്കുചെണ്ട (വലന്ത ചെണ്ട) ഉരുട്ടുചെണ്ട, ഇലത്താളം, ചേങ്ങല എന്നിവയാണ് വാദ്യങ്ങൾ.

കാളി-ദാരികയുദ്ധമാണിതിലെ വിഷയം. ‘കളംവര-’യോട് കൂടയാണ് മുടിയേറ്റ് ആരംഭിക്കുന്നത്. പൂജ, ദേവതാ സ്തുതി എന്നിവയ്ക്കുശേഷം അലങ്കരിച്ച മണ്ഡപത്തിൽ പഞ്ചവർണ്ണപ്പൊടികൾകൊണ്ട് ഭദ്രകാളിയുടെ കളം ചിത്രീകരിക്കും. തുടർന്ന് കളം ഏറ്റുവാങ്ങലാണ് മുടിയേറ്റ് നടത്തുന്ന ആൾ വരയുന്ന ആളിൽ നിന്ന് ഏറ്റുവാങ്ങുന്ന അനുഷ്ഠാനമാണിത്. തുടർന്ന് കളംപൂജ നടത്തുന്നു. അതിനു ശേഷം ഒരു താലത്തിൽ വെച്ച് തൂശനിലയിൽ നെല്ല്, അരി എന്നിവയിട്ട് എണ്ണ നനച്ച തിരിയിട്ട് കത്തിച്ച് കളത്തെയും കളം ഏറ്റുവാങ്ങിയ ആളെയും ഉഴിയുന്നു. ഇതാണ് തിരിയുഴിച്ചിൽ. ബാധോപദ്രവങ്ങളും മറ്റും നീക്കുവാനത്രെ തിരി (പന്തം) ഉഴിയുന്നത്. ഇനിയാണ് ‘കളംപാട്ട്’ നടക്കുന്നത്. ഗണപതിസ്തുതി, പന്തൽ നിർമ്മാണരീതി, ഭദ്രകാളിയുടെ പാദാദികേശം, കേശാദിപാദം വർണന തുടങ്ങിയവയാണ് പാട്ടിനു വിഷയം. ചെണ്ട, ഇലത്താളം എന്നിവയാണ് പാട്ടിന് ഉപയോഗിക്കുന്ന വാദ്യോപകരണങ്ങൾ. പിന്നീട് പന്തൽ അലങ്കിരിക്കാൻ ഉപയോഗിച്ച കുരുത്തോല കൊണ്ട് മുഖമൊഴിച്ചുള്ള കാളിയുടെ എല്ലാഭാഗവും മായ്ച്ചുകളയുന്നു. മുഖം വരഞ്ഞപൊടി ഭക്തന്മാർക്ക് കുറിയായി നൽകുന്നു.

മുടിയേറ്റിൽ വേഷങ്ങൾക്ക് കഥകളിയിലെന്നപോലെ മുഖത്തുതേപ്പും ഉടുത്തുകെട്ടും കിരീടവുമൊക്കെ വേണം. കത്തിച്ചുവെച്ച വലിയ നിലവിളക്കിന്റെ മുമ്പിൽ വെച്ചാണ് അഭിനയം. ഭദ്രകാളി, ദാരികൻ, ശിവൻ, നാരദൻ, മാനവേന്ദ്രൻ, കോയിമ്പടാൻ, കൂളി എന്നിവയാണ് മുടിയേറ്റിലെ വേഷങ്ങൾ. കാളിക്ക് മുഖത്ത് അരിമാവും ചുണ്ണാമ്പും ചേർത്ത് ചുട്ടികുത്തുന്നു. വസൂരിക്കലയുടെ സങ്കല്പമാണ് ആ പുള്ളികൾക്ക്. കുരുത്തോലകൊണ്ട് അലങ്കരിച്ച ഭാരമേറിയ മുടി തലയിലണിയുന്നു.

ആദ്യം ശിവനും നാരദനുമാണ് രംഗത്തുവരുന്നത്. പിന്നെ ദാരികന്റെ പുറപ്പാടാണ് തുടർന്ന് കാളിയും കൂളിയും പുറപ്പെടും. കാളിയും ദാരികനുമായുള്ള പോർവിളി നടക്കുന്നു. അടുത്തതായി കോയിമ്പിടാരുടെ രംഗപ്രവേശനമാണ്. ഒരു ജളപ്രഭുവിന്റെ പ്രതീതിയാണ് ഈ വേഷം ജനിപ്പിക്കുന്നത്. അടുത്തതായി കാളിയും ദാരികനുമായുള്ളയുദ്ധമാണ്. ദാരികന്റെ തലയുമെടുത്ത് കാളി അരങ്ങത്തു വരുന്നതാണ് മുടിയേറ്റിലെ അന്ത്യരംഗം. ഒടുവിൽ ശിവസ്തുതി പാടി കളി അവസാനിപ്പിക്കും. സൂര്യൻ അസ്തമിച്ച ശേഷമാണ് മുടിയേറ്റ് ആരംഭിക്കുക. പുലരുന്നതിനുമുമ്പ് അവസാനിക്കുകയും ചെയ്യും. കഥാപാത്രങ്ങളുടെ സംഭാഷണരൂപത്തിലുള്ളതാണ് മുടിയേറ്റുപാട്ടുകൾ.

## പടയണി

ദക്ഷിണ കേരളത്തിൽ, പ്രത്യേകിച്ചും മധ്യതിരുവിതാംകൂറിൽ നിലവിലുള്ള പ്രാചീനകല. 'പടശ്രേണി' എന്ന പദമായിരിക്കണം പടയണി (പടേനി) എന്നായത്. ഭദ്രകാളി ദേവീ ക്ഷേത്രങ്ങളിൽ നടത്തുന്ന ഒരു അനുഷ്ഠാനകലയാണിത്. ദാരികനെ വധിച്ചിട്ടും കോലം തീരാതിരുന്ന കാളിയെ ശമപ്പെടുത്താൻ ശ്രീ പരമേശ്വരനും ദേവന്മാരും കോലംകെട്ടി തുള്ളിയതിന്റെ സ്മരണയാണ് ഈ കലാരൂപമെന്നാണ് ഐതിഹ്യം. പതിമൂന്നു ദിവസങ്ങളിലായി നടത്തപ്പെട്ടിരുന്ന ഈ കലാരൂപം പലേടത്തും ഏകദിനമായി ചുരുങ്ങിയിട്ടുണ്ട്. കടമ്മനിട്ടക്കാവിലെ പടയണി പ്രശസ്തമാണ്.

രോഗം, മരണം, വിളവ് ലഭിക്കായ്ക, സന്താനമില്ലായ്മ തുടങ്ങിയ എല്ലാ വിഷമതകളും മനുഷ്യനുണ്ടാവുന്നത് അലൗകിക ശക്തികളുടെ ഇടപെൽ മൂലമാണെന്നു മനുഷ്യൻ കരുതി വന്നിരുന്നു. അവയിൽ നിന്നുള്ള മോചനത്തിനുള്ള ഒരു വഴി, അത്തരം ശക്തികളെ അനുഷ്ഠാനങ്ങൾ നടത്തി സന്തോഷിക്കുക എന്നതാണ്. അത്തരം ഒരു പ്രവർത്തനമാണ് പടയണി. കാലൻ, യക്ഷി തുടങ്ങിയ ഇത്തരം രൂപങ്ങൾ വർഷത്തിലൊരിക്കൽ കൂട്ടായ്മയുടെ മനസ്സിൽ നിന്നു പുറത്തിറങ്ങുന്നു. കോലങ്ങൾ ആടിത്തിമിർത്ത് കൂടി നിന്നവരെ സന്തോഷിപ്പിച്ചു തിരിച്ചു പോകുന്നു. അതോടെ മാനസിക സമ്മർദ്ദത്തിന് അയവു വരികയും ആശങ്കകൾ ഇല്ലാതായിത്തീരുകയും ചെയ്യുന്നു. അതാണ് പടയണി.

പടയണിയുടെ ആദ്യത്തെച്ചടങ്ങ് 'കാച്ചിക്കൊട്ടാ'ണ്. പടയണിയുള്ള വിവരം ദേശവാസികളെ തപ്പുകൊട്ടി അറിയിക്കലാണത്. കാപ്പൊലിയാണ് അടുത്ത ചടങ്ങ്. മരച്ചില്ലകളോ വെള്ളത്തോർത്തുകളോ വീശിക്കൊണ്ട് ആർത്ത് വിളിച്ച് താളം ചവിട്ടുകയാണെതിന്റെ സ്വഭാവം. കാപ്പൊലി തുള്ളുന്ന ദിവസം തന്നെ കോലംതുള്ളലും തുടങ്ങും. ഗണപതിക്കോലം, യക്ഷിക്കോലം പക്ഷിക്കോലം, കാലൻകോലം, പിശാചുകോലം, മാടൻകോലം, മറുതാക്കോലം, ഭൈരവിക്കോലം, ഗന്ധർവ്വൻകോലം, മുതിലൻകോലം തുടങ്ങിയ ദേവതകളുടെ കോലങ്ങൾ തലയിൽ വെച്ചുകൊണ്ട് തുള്ളുന്നു. തുള്ളലിനനുസരിച്ച് പാട്ടുകളും പാടും. പച്ചപ്പാളയിൽ കോലമെഴുതി മുഖത്തുകെട്ടും. കോലം തുള്ളുന്നതിൽ നായന്മാരും മറ്റുപല സമുദായക്കാരും പങ്കെടുക്കാറുണ്ടെങ്കിലും കോലങ്ങൾ ചിത്രീകരിക്കുന്നതിലും മറ്റും ഗണകരാണ് മുന്നിട്ടിറങ്ങുന്നത്. മെയ്‌വഴക്കം സിദ്ധിച്ചവരും പാരമ്പര്യ വഴിക്ക് അഭ്യാസം സിദ്ധിച്ചവരുമാണ് പടയണിയിൽ പ്രായേണ ഏർപ്പെട്ടു പോരുന്നത്.

പടയണിക്ക് തപ്പാണ് പ്രധാനവാദ്യം. ചെണ്ടയും കൈമണിയും ഉപയോഗിക്കുന്ന സന്ദർഭങ്ങളുമുണ്ട്. തീവെട്ടികളുടെയും ഓലച്ചൂട്ടുകളുടെയും വെളിച്ചത്തിലാണ് കോലങ്ങൾ തുള്ളുന്നത്. ദേവീപ്രീണനം, പിശാചുക്കളെ ഉച്ചാടനം ചെയ്യൽ എന്നിവയാണ് ഈ അനുഷ്ഠാന കലയുടെ ലക്ഷ്യം. വിളവെടുപ്പുമായി ബന്ധമുള്ളതിനാൽ അതൊരു ഉർവരതാനുഷ്ഠാനം കൂടിയാണ്.

## മാർഗ്ഗംകളി

കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ നിലവിലുള്ള വിനോദകലയാണ് മാർഗംകളി. മാർഗം എന്ന പദത്തിന് ക്രിസ്തുദേവന്റെ മാർഗം എന്നാണർത്ഥം. ക്രിസ്തുമാർഗ പ്രചരണത്തിനു വേണ്ടി രചിക്കപ്പെട്ട പാട്ടുകൾ ആലപിച്ചുകൊണ്ടുള്ള കളിയായതിനാൽ അതിനെ മാർഗ്ഗംകളി എന്നു പറയുന്നു. ഒരു നിലവിളക്കിനു ചുറ്റും ചുവടുവെച്ചുകൊണ്ടും ചില ആംഗ്യങ്ങൾ കാണിച്ചുകൊണ്ടും പാട്ടുപാടി കളിക്കുകയാണ് മാർഗം കളിയുടെ പ്രത്യേകത. കായികശക്തി ആവശ്യപ്പെടുന്ന ഈ കളി വട്ടംചുറ്റിക്കൊണ്ടും ഇരുന്നുകൊണ്ടുമുള്ള രംഗങ്ങൾ അടങ്ങിയതാണ്. മാർഗ്ഗം കളിക്ക് പന്ത്രണ്ടുപേർ ആവശ്യമാണ്. നിലവിളക്ക് ശ്രീയേശുവും കളിക്കാർ ശിഷ്യരുമാണെന്നാണ് സങ്കല്പം. ഈ വിനോദകല മതഭക്തിക്കുകൂടി ദൃഷ്ടാന്തമാണ്. കളിക്കാർ മുണ്ടുടുത്ത് ഒരു മുണ്ട് തലയിൽക്കെട്ടും. മയിൽപ്പീലി തലക്കെട്ടിൽ തിരുകുകയും ഉത്തരീയം കഴുത്തിൽ ധരിക്കുകയും ചെയ്യുക പതിവാണ്. കേരളത്തിൽ പ്രചാരത്തിലിരുന്ന പാനേങ്കളി (സംഘക്കളി) യുടെ അനുകരണമാണ് മാർഗംകളിയെന്ന് കരുതുന്നവർ ഉണ്ട്. മാർഗ്ഗം കളിപ്പാട്ടിലെ പ്രതിപാദ്യ വിഷയം ക്രിസ്തുദേവന്റെ ശിഷ്യനായ മാർത്തോമ്മായുടെ കേരള പ്രവേശവും അദ്ദേഹത്തിന്റെ മതപരിവർത്തന സംരംഭങ്ങളുമാണ്.

മാർഗ്ഗംകളിയ്ക്ക് പാടുവാൻ പ്രത്യേകം പാട്ടുകൾ ഉണ്ടായിട്ടുണ്ട്. എദേസ്സാ പട്ടണത്തിൽ ജീവിച്ചിരുന്ന ബർദാസൻ എന്ന ഒരു സുറിയാനി പണ്ഡിതൻ എഴുതിയ മാർത്തോമ്മായുടെ നടപടികൾ (The Acts of St. Thoma) എന്ന കൃതിയുടെ കഥാസംഗ്രഹമത്രേ മാർഗ്ഗം കളിപ്പാട്ടിലെ ഉള്ളടക്കം. പക്ഷേ അതിന്റെ പരിഭാഷയല്ല. വിഭിന്ന വൃത്തങ്ങളിലായി പതിനാലുപാദങ്ങളും നാനൂറിൽപ്പരം വരികളുമടങ്ങുന്നതുമാണ് മാർഗ്ഗം കളിപ്പാട്ട്.

മാർഗംകളിയുടെ ആരംഭകാലത്തെ ലക്ഷ്യമെന്തായിരുന്നുവെന്നതിനെപ്പറ്റി അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാം. എന്നിരുന്നാലും പിൽക്കാലത്ത് സുറിയാനി ക്രിസ്ത്യാനികളുടെ, പ്രത്യേകിച്ചും ക്നാനായ സുറിയാനിക്കാരുടെ വിവാഹം, പെരുന്നാൾ തുടങ്ങിയ മംഗളാവസരങ്ങളിൽ അത് ഒഴിച്ചുകൂടാനാവാത്ത ഒരു കലാപ്രകടനമായിത്തീർന്നു.

ക്രിസ്തുമത പ്രചരണാർത്ഥം കേരളത്തിൽ വന്ന സെന്റ് തോമസിനെക്കുറിച്ചുള്ള കഥകളും ബൈബിൾ കഥകളുമാണ് മാർഗ്ഗം കളിക്ക് ആധാരമായത്. മാർഗ്ഗം കളിയുടെ ഒന്നാംഭാഗം പാട്ടുപാടിക്കൊണ്ട് സമൂഹ നൃത്തവും രണ്ടാംഭാഗം ആയോധനപരമായ പരിചമുട്ടുകളിയുമാണ്. ഇന്ന് കോട്ടയം ജില്ലയിൽത്തന്നെ പലയിടങ്ങളിലും പല രൂപത്തിലാണ് മാർഗ്ഗംകളി അവതരിപ്പിക്കുന്നത്. ചിലയിടങ്ങളിൽ പാട്ടും നൃത്തവും മാത്രമായും മറ്റു ചിലേടങ്ങളിൽ പരിചമുട്ടുകളി മാത്രമായും അവതരിപ്പിക്കുന്നു. പാട്ടിനു പ്രത്യേക വാദ്യമേളങ്ങളൊന്നും ഇല്ലാത്ത ഒരേയൊരു കലാരൂപമാണിത്. നമ്പൂതിരിമാരുടെ സംഘക്കളിയോട് സാമ്യം പുലർത്തുന്ന കളിയാണിത്. കൂടാതെ കണ്യാർക്കളി, തിരുവാതിരിക്കളി എന്നീ കളികളുമായും ഇതിന് സാമ്യമുണ്ട്.

മുൻകാലങ്ങളിൽ മാർഗ്ഗംകളിയിൽ പുരുഷന്മാർ മാത്രമാണ് പങ്കെടുത്തിരുന്നത്. മാർഗ്ഗംകളി അഭ്യസിക്കുമ്പോൾ പ്രത്യേക കളരിയും ചവിട്ടിയുഴിച്ചിലും ഉണ്ടായിരുന്നു. ഈ അടുത്തകാലത്തായി സ്ത്രീകൾ ഈ കലാരൂപം അവതരിപ്പിച്ചുവരുന്നു. ഇന്ന് സ്കൂൾ, കോളേജ് യുവജനോത്സവവേദികളിൽ പെൺകുട്ടികളുടെ കലാരൂപമായി മാർഗ്ഗംകളി അവതരിപ്പിക്കപ്പെടുന്നു. പുറകിൽ ഞൊറിഞ്ഞുടുത്ത മുണ്ടും കുപ്പായവുമാണ് വേഷം. കാതിൽ തോടയും കാലിൽ തളയും ധരിക്കുന്നു. യഹൂദരുടെ പ്രാചീന കലാരൂപങ്ങളുടെ മാതൃക നാട്ടുവഴക്കങ്ങളുമായി യോജിച്ചതിന്റെ ഉത്തമ ഉദാഹരണമാണ് മാർഗ്ഗം കളി.

## ഒപ്പന

മാപ്പിളമാരുടെ ഇടയിൽ പ്രചാരമുള്ള ഒരു കലാപ്രകടനം. വിവാഹം, മാർക്കക്കല്യാണം, വയസ്സറിയിക്കൽ, നാൽപ്പതു കളി തുടങ്ങിയ വിശേഷാവസരങ്ങളിൽ ഒപ്പനക്കളി പതിവുണ്ടെങ്കിലും കല്യാണത്തിനാണ് അത് സാർവ്വത്രികമായി കണ്ടുവരുന്നത്. മലബാറിലെ മുസ്ലീങ്ങളുടെ ഇടയിൽ ഇതിന് കൂടുതൽ പ്രചാരമുണ്ട്. 'അഫ്ന' എന്ന അറബിപദമാണ് പിന്നീട് ഒപ്പനയായി മാറിയത്. മാപ്പിളപ്പാട്ടിലെ ഒരു ഇശലാണ് (രീതി, ഈണം) 'ഒപ്പന-'യെന്നും പറയപ്പെടുന്നു. ഒരു ദൃശ്യശ്രവ്യകല എന്ന് ഒപ്പനയെ സാമാന്യമായി വിശേഷിപ്പിക്കാം. സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേക ഒപ്പനക്കളിയുണ്ട്. മണവാട്ടിയെ തോഴിമാർ അണിയിച്ചൊരുക്കുന്നതാണ് ഇതിലെ മുഖ്യഭാഗം. ഒപ്പന കളിക്കുന്നവരിൽ മുൻപാട്ടുകാരും പിൻപാട്ടുകാരുമുണ്ട്. ഇരുന്നു നിന്നും ചാഞ്ഞും ചരിഞ്ഞും ചുറ്റി നടന്നുമാണ് ഒപ്പനയിൽ ചുവട് വയ്ക്കാറുള്ളത്. ഒപ്പന ചായൽ, ഒപ്പന മുറുക്കം എന്നീ രണ്ടു രീതികളുണ്ട്. ചായൽ പാടുമ്പോൾ കൈകൊട്ടി താളം പിടിക്കുകയില്ല. മുറുക്കം പാടുമ്പോൾ മാത്രമേ കൈകൊട്ടുകയുള്ളു. ചായലിൽ തുടങ്ങിയാൽ ചായലിൽത്തന്നെ ഒപ്പന അസാനിപ്പിക്കും. വരൻ വധുവിന്റെ വീട്ടിലേക്ക് പോകുമ്പോഴോ, മണിയറയിൽ വെച്ചോ കൂട്ടുകാർ അവനെപാടി കളിയാക്കുന്ന മട്ടിലുള്ളതാണ് പുരുഷന്മാരുടെ ഒപ്പന. ആൺ ഒപ്പനകൾക്കുവേണ്ടി രചിക്കപ്പെട്ട 'പുയ്യാപ്ല പാട്ടുക'ളും എടുത്തുപറയത്തക്കവയത്രേ.

ഒപ്പനയിൽ പാട്ടുകൾക്കെന്നപോലെ വേഷഭംഗിക്കും പ്രാധാന്യമുണ്ട്. പരമ്പരാഗത മുസ്ലീം വേഷങ്ങളാണ് ഒപ്പനയിൽ ഉപയോഗിക്കാറുള്ളത്. മുസ്ലീം സ്ത്രീകൾ പണ്ടുമുതലേ ആഭരണപ്രിയരായ

തുകാരണം ഒപ്പനയിലും അവ വ്യാപകമായി ഉപയോഗപ്പെടുത്തുന്നു. ആൺ ഒപ്പനയിലെ വേഷം പ്രാദേശികമായി മാപ്പിളമാർക്കിടയിൽ ഉണ്ടായിരുന്ന വേഷം തന്നെ.

മുസ്ലിം കൂട്ടായ്മയുടെ വ്യത്യസ്തജീവിത സന്ദർഭങ്ങളിലാണ് പഴയകാലത്ത് ഒപ്പന അവതരിപ്പിക്കപ്പെടാറുള്ളത്. ഇന്നും കുടുംബാന്തരീക്ഷവുമായി ബന്ധപ്പെട്ട് വിവിധ ആഘോഷങ്ങളുടെ ഭാഗമായി ഒപ്പന അവതരിപ്പിക്കപ്പെടുന്നുണ്ട്. ശൃംഗാരരസപധാനമായ പ്രേമഗാനങ്ങളാണ് കൂടുതലായും പാടാറുള്ളതെങ്കിലും പടപ്പാട്ടുകളും സഞ്ചാരകഥാഗാനങ്ങളും സങ്കൽപകഥാഗാനങ്ങളുമൊക്കെ പാടാറുണ്ട്. ഒപ്പന അവതരിപ്പിക്കുന്ന സാമൂഹിക പ്രസക്തിയും അനുഷ്ഠാന പ്രാപക്തിയുമുള്ള സന്ദർഭങ്ങൾക്കനുഗുണമായി പാട്ടിന്റെ ഉള്ളടക്കവും മാറും. വേഷം, ചലനങ്ങൾ തുടങ്ങിയവയിൽ വിവിധ പരിഷ്കാരങ്ങളോടെ സാമൂഹ്യമായ ആഘോഷങ്ങളുടെയും ഉത്സവങ്ങളുടെയും പൊതുവേദികളിൽ ഒപ്പന ഇന്ന് സാധാരണമായിക്കഴിഞ്ഞു.

## വട്ടപ്പാട്ട്

മാപ്പിളമാർ കല്ല്യാണാവസരങ്ങളിൽ  അവതരിപ്പിക്കുന്നതാണ് 'വട്ടക്കളി'. ഇതിനു ചിലേടങ്ങളിൽ 'കൈമുട്ടുകളി' എന്നും പേർപറയുമത്രെ. പാട്ടുകാർ കല്ല്യാണപ്പന്തലിൽ വട്ടത്തിലിരുന്ന് 'കവി'യും 'വിരുത്ത'വും ചൊല്ലിയശേഷം വട്ടപ്പാട്ടു പാടുവാൻ തുടങ്ങും. രണ്ടുപേർ ചേർന്ന് കൈകൊട്ടിക്കൊണ്ട് പാടുമ്പോൾ മറ്റുള്ളവർ  ഏറ്റുപാടും. അപ്പോൾ ഒരാൾ 'കിണ്ണാരം' (ഇലത്താളം) മുട്ടും.  സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം വട്ടക്കളിയുണ്ട്.

## റാത്തീബ്

ഇസ്ലാമികളുടെ ഇടയിൽ നിലവിലുള്ള ഒരു അനുഷ്ഠാനം.  അറേബ്യയിൽ നിന്നും ഇന്ത്യയിലേക്ക് വന്ന മതപ്രചരണത്തോടൊപ്പം എത്തുകയും ഉത്തരേന്ത്യയിലും കേരളത്തിലും പ്രചാരത്തിൽ വരികയും ചെയ്ത അറബന ഭക്തി പ്രാധാന്യമുള്ളതാണ്. റാത്തീബിന്റെ അവസരത്തിലാണത് അവതരിപ്പിക്കുന്നത്. കഴിഞ്ഞുപോയ സിദ്ധന്മാരെ പ്രീണിപ്പിക്കുന്നതിനും നാശനഷ്ടങ്ങളിൽ നിന്ന് രക്ഷകിട്ടുന്നതിനുമുള്ള ഒരു ഏർപ്പാടാണ് റാത്തീബ്. സ്തുതിഗീതാലാപനമാണ് റാത്തീബിന്റെ ചടങ്ങുകളിലൊന്ന്.

റാത്തീബുകളിൽ ഭയാനകവും രൗദ്രവുമാണ് കുത്തുറാത്തീബ്.  അനുഷ്ഠാനത്തിന്റെ മുറുക്കത്തിൽ അരണ്ട വെളിച്ചത്തിൽ മുനയുള്ള ആയുധംകൊണ്ട് മാറിടത്തിൽ കുത്തുകയാണ് പതിവ്.  അതുപോലെ മൂർച്ചയേറിയ കഠാരികൊണ്ട് വയറ്റത്തു കുത്തുന്നു. കൂടാതെ കവിൾ, നാവ്, തോൾ, കൈത്തണ്ട എന്നീ അവയവങ്ങളിൽ കോർക്കുന്നു. ബൈത്തിന്റേയും മുട്ടിന്റേയും പിരിമുറിക്കത്തിലാണ് ആയുധപ്രയോഗം.  കഠാരി കൊണ്ടുള്ള  മുറിവുകൾ  ദൈവ കാരുണ്യം കൊണ്ട് മാറുമെന്നാണ് വിശ്വാസം.

## നാടോടി സാഹിത്യവും - മുഖ്യധാരാ സാഹിത്യവും

നാടോടി വിജ്ഞാനീയം ഇന്ന് ജനജീവിതത്തിന്റെയും സംസ്കാര പാരമ്പര്യത്തിന്റെയും സമഗ്രവും സമ്പൂർണ്ണവുമായ അന്വേഷണ പഠന മേഖലയാണ്. 19-ാം നൂറ്റാണ്ടിന്റെ മധ്യംവരെ ഫോക്ലോർ, പാരമ്പര്യ വാങ്മയങ്ങളെയും സാമൂഹികാനുഷ്ഠാനങ്ങളെയും സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്ന സംജ്ഞയാണ്. 'ഫോക', 'ലോർ' എന്ന രണ്ടുപദങ്ങൾ ചേർന്നുണ്ടായ സമസ്തപദമാണ് ഫോക്ലോർ. നാഗരികതയിൽ നിന്നും പരിഷ്കാരത്തിൽ നിന്നുമകന്ന് പാരമ്പര്യത്തിന്റെ വഴിക്ക് ജീവിക്കുന്ന സാധാരണജനങ്ങൾ എന്നാണ് 'ഫോക്'എന്ന പദത്തിനർത്ഥം. 'ലോർ' എന്നാൽ 'വിജ്ഞാനം' 'പഠനം' എന്നെല്ലാമാണ് അർത്ഥം.  നാടോടി ജനതയുടെ നിത്യജീവിതത്തിലെ വിവിദ വിജ്ഞാനരൂപത്തെയാണിത് സൂചിപ്പിക്കുന്നത്. അതിന്റെ പ്രധാന വിഷയം നാടോടി സാഹിത്യമായിരുന്നു.

നാടൻ ജനതയുടെ നിത്യജീവിതരീതി, കലാപൈതൃകം, ആചാര വിശ്വാസങ്ങൾ, വാങ്മയ രൂപങ്ങൾ എന്നിങ്ങനെ അവരുടെ സംസ്കാരവുമായി ബന്ധപ്പെട്ടതെല്ലാം നാടോടി സാഹിത്യത്തിൽപ്പെടുന്നു. ഫോക്ലോറും സാഹിത്യവും തമ്മിൽ ബന്ധപ്പെടുത്തി  ചിന്തിക്കുമ്പോൾ അവ തമ്മിലുള്ള സാജാത്യ

വൈജാത്യങ്ങളെന്തൊക്കെയാണെന്നാണ് പരിഗണിക്കേണ്ടത്.

നാടോടി സാഹിത്യവും സാഹിത്യവും വിരുദ്ധമല്ല. രണ്ടാമത്തേതിൽ ആദ്യത്തേതിന്റെ സ്വാധീനം കാണാം. എന്നുമാത്രമല്ല; ചിലപ്പോൾ നാടോടി സാഹിത്യത്തിന്റെ തുടർച്ചയായി വരുന്നതാണ് സാഹിത്യം എന്നും പറയാം. നാടോടി സാഹിത്യം അവസാനിക്കുന്നതെവിടെയാണെന്നോ സാഹിത്യം ആരംഭിക്കുന്നതെവിടെയാണെന്നോ വ്യക്തമായി നിർദ്ദേശിക്കാനാവില്ല. അഥവാ ഇവ രണ്ടും സന്ധിക്കുന്നിടം രണ്ടിന്റെയും സ്വഭാവം ഒരുപോലെ പ്രകടമാക്കുന്നു.

'ഫോക്‌ലോറിനെക്കുറിച്ചുള്ള പഠനം സാഹിത്യത്തിന്റെ ചരിത്രത്തിലെ ഒരു പ്രാരംഭ പരിശീലനമാണെന്നുവരാം'- എന്ന് ആർച്ചർടൈലർ അഭിപ്രായപ്പെടുന്നു. അവ തമ്മിൽ മൂന്നുതരം ബന്ധങ്ങൾ ഉന്നയിക്കുന്നു എന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു.

**1) മിക്കസംസ്കാരങ്ങളിലും ഫോക്‌ലോറിനെ സാഹിത്യത്തിൽ നിന്ന് വേർതിരിച്ച് മനസ്സിലാക്കാൻ പ്രയാസമാണ്.**

ഉദാ:- ബൈബിളിലെ പഴയനിയമം, രാമായണം തുടങ്ങിയവ ഫോക്‌ലോറാണോ സാഹിത്യമാണോ എന്ന കാര്യത്തിൽ സംശയം തോന്നാം. ക്രിസ്ത്യൻ സമൂഹത്തിലെ എല്ലാപേർക്കും ഈ കഥകൾ (പഴയനിയമം) സുപരിചിതമാണ്. തലമുറയിലൂടെ എഴുതിവയ്ക്കപ്പെട്ട സാഹിത്യമാണത്. അപ്പോഴത് എഴുതപ്പെട്ട ഫോക്‌ലോർ ആയി അംഗീകരിക്കാവുന്നതാണ്. എന്നാൽ ഒരു സാഹിത്യ വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം പഴയനിയമം പുരാതന സാഹിത്യത്തിൽപ്പെടുന്നു. നിരക്ഷരായവർക്കുപോലും രാമായണകഥയറിയാം. എന്നാലത് നമ്മുടെ ക്ലാസിക് കൃതികളിലൊന്നാണ്.

**2) സാഹിത്യത്തിൽ ധാരാളമായി ഫോക്‌ലോർ കാണുന്നു.**

ഉദാ:- പ്രസിദ്ധനോവലായ ചെമ്മീനിന്റെ കേന്ദ്രബിന്ദു ഒരു നാടോടി വിശ്വാസമായിരുന്നു (കടലിൽ പോയ മുക്കുവന്റെ ഭാര്യ പിഴച്ചുപോയെങ്കിൽ, അവൻ മടങ്ങി വരില്ല).

**3) സാഹിത്യകാരന്മാർ ഫോക്‌ലോറിനെ അനുകരിക്കുന്നു.**

ഉദാ: - പെരുന്തച്ചന്റെ കഥ. നാടോടി സാഹിത്യം അതിന്റെ ഉള്ളടക്കം കൊണ്ടും രൂപ ഘടന കൊണ്ടും ഭാഷ കൊണ്ടുപോലും മനുഷ്യ മനസ്സിനെ എളുപ്പം സ്വാധീനിക്കാൻ പോന്നതാണ്. നാടോടി സാഹിത്യത്തിന്റെ ഭാഷ, അതിന്റെ രൂപം ഉള്ളടക്കം എന്നിവ ആരുടെയും സൃഷ്ടിയല്ല; സമൂഹത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കൊത്ത് രൂപപ്പെടുന്നവയാണ്. അതുകൊണ്ട് നാടോടി സാഹിത്യത്തിലെ ഭാഷ മനുഷ്യന്റെ ഹൃദയവുമായി അടുപ്പമുള്ളതത്രെ. അവിടെ കൃത്രിമതയില്ല. മനസ്സിൽ രൂപപ്പെടുന്ന ആശയത്തിനും വികാരത്തിനും അനുസൃതമായി അനായാസമായി വാക്കുകളും വാക്യങ്ങളും വിന്യസിക്കപ്പെടുകയാണ്. സാഹിത്യത്തിന്റെ സ്ഥിതി ഇതല്ല. അവിടെ വ്യക്തിഗതമായ വൈകാരികാനുഭവങ്ങളെ പൂർണ്ണമായും പകർത്തിക്കാട്ടാൻ സമൂഹത്തിന്റേതായ, സമൂഹത്തിന്റെ ആവശ്യത്തിനനുസരിച്ച് ആശയവിനിമയത്തിനുവേണ്ടി മാത്രമുണ്ടായ, ഭാഷയ്ക്ക് സാധിക്കില്ല. അതുകൊണ്ടാണ് സാഹിത്യകാരൻ പുതിയ ശൈലി തേടുന്നത്. പലപ്പോഴും ഭാഷയുടെ വ്യാകരണം കീഴ്മേൽ മറിക്കുന്നത്. ഓരോ സാഹിത്യകാരനും അവനവന്റേതായ ഭാഷയും ശൈലിയും കണ്ടെത്തുന്നത്. പുതിയകാര്യങ്ങൾ നാടോടി സാഹിത്യത്തിന്റെ ഭാഷയിൽ, ഹൃദയത്തിന്റെ ഭാഷയിൽ പറഞ്ഞാൽ എളുപ്പം അനുവാചകന് സ്വീകരിക്കാൻ സാധിക്കുന്നു. ഉള്ളടക്കം പുതിയതാണെങ്കിലും പരിചിതമായ ഭാഷയിലാകുമ്പോൾ എന്തോ ഒരു അടുപ്പം അതിനോട് അനുഭവപ്പെടുന്നു. ഇത് ആസ്വാദനത്തെ അനായാസമാക്കുന്നു. മലയാളത്തിൽ ചങ്ങമ്പുഴക്കവിത അനശ്വരത നേടിയത് നാടോടി വൃത്തങ്ങളുടെ ശ്രവണമാധുര്യം കൊണ്ടാണ്.

മുഖ്യധാരാ സാഹിത്യവും, നാടോടി സാഹിത്യവും ശിക്ഷണ രീതികൊണ്ട് രണ്ടാണ്. അവ രണ്ടും ഒരു കാര്യത്തിലും ഇടയാനിടയില്ല. സാഹിത്യം തീർത്തും കലയാണ്. നാടോടിസാഹിത്യം ഒരു സാമൂഹ്യശാസ്ത്രമാണ്.

# മൊഡ്യൂൾ – 4

## നാട്ടാചാരങ്ങൾ.

മനുഷ്യസ്വഭാവത്തിന്റെ പൊതുവീക്ഷണ ഘടകമാണ് ആചാരം. ഒരാൾ ഒരു വഴിക്കുപോയാൽ അതേവഴി മറ്റുള്ളവർ പിന്തുടരുക സ്വാഭാവികമാണ്. പ്രാക്തനസമൂഹങ്ങളുടെ ജീവിത നടപടിക്രമങ്ങളാണ് ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും വഴിതെളിച്ചത്. കടുംബങ്ങൾ തമ്മിലോ സമൂഹങ്ങൾ തമ്മിലോ വാങ്ങുകയും കൊടുക്കുകയും നേടുകയും രക്ഷിക്കുകയും ചെയ്യുന്ന പല ജീവിത ബന്ധങ്ങളുമുണ്ടായി. അതിലൊക്കെ പ്രത്യേക ക്രമം പാലിക്കപ്പെടുകയും ചെയ്തുപോന്നു. ഇപ്രകാരം ചിട്ടപ്പെടുത്തിയ ദിനചര്യക്കു സമുദായത്തിന്റെ അനുമതി നേടിക്കഴിഞ്ഞാൽ അതൊരാചാരമായി, സമൂഹത്തിന്റെ സ്വത്തായിമാറും. ആ ആചാരമാണ് അനന്തര തലമുറകളിലേക്കു പകരുന്നത്. വ്യക്തികളുടെ ഇഷ്ടാനിഷ്ടങ്ങൾ അനുസരിച്ചുള്ള ജീവിതചര്യ സമൂഹം അംഗീകരിക്കില്ല. സാമൂഹിക നിയമങ്ങൾക്കനുസരിച്ചുള്ള ചര്യകൾ പഠിക്കുവാൻ ഓരോ വ്യക്തിയും ബാധ്യസ്ഥനായി. പൊതു അഭിപ്രായങ്ങളെയോ അലൗകിക ശക്തിയുടെ ശിക്ഷാതത്ത്വങ്ങളെയോ ഭയന്നായിരിക്കാം മനുഷ്യർ ആചാരങ്ങളെ അംഗീകരിച്ചു പോരുന്നത്. സാമൂഹികാചാരങ്ങൾ യഥാർത്ഥത്തിൽ സാമൂഹിക നിയമ നിർമ്മാണത്തിന്റെ ആദിമ രൂപങ്ങളാണ്. സാമ്പത്തികവും സാമൂഹികവുമായ വ്യവസ്ഥിതികളെക്കുറിച്ച് ആചാരോപചാരങ്ങളിൽ നിന്ന് പഠിക്കുവാൻ കഴിയും. നാടിന്റെ ദേശീയത ആചാരാനുഷ്ഠാനങ്ങളിലൂടെ മനസ്സിലാക്കാവുന്നതാണ്.

സാമൂഹിക - സാംസ്കാരിക- സാമ്പത്തിക വ്യവസ്ഥിതികളെക്കുറിച്ചുള്ള ചിത്രങ്ങൾ ആചാരോപചാരങ്ങളിൽ നിന്ന് ഗ്രഹിക്കുവാൻ കഴിയും. ജാതിവർഗ്ഗ വിഭജനത്തോടെയായിരിക്കണം ആചാരോപചാരങ്ങളിൽ നല്ലൊരുഭാഗം ഉടലെടുത്തത്. ഓരോ ജാതിക്കാരും മറ്റുള്ളവരോട് എങ്ങനെ പെരുമാറണം എങ്ങനെ സംസാരിക്കണം എന്നതിനെല്ലാം ചില നിയമങ്ങൾ ഉണ്ടായിരുന്നു. ആചാരബദ്ധമായ ജീവിതമാണ് പ്രാചീനർ നയിച്ചിരുന്നത്. കുട്ടി ജനിച്ചാൽ കിണ്ണം കൊട്ടുകയോ ആചാരവെടി വയ്ക്കുകയോ ചെയ്യുന്ന പതിവ് ചില സമുദായക്കാർക്കിടയിലുണ്ടായിരുന്നു. ജാതകർമ്മം, വിവാഹം, ഗർഭബലികൾ, പരേതക്രിയകൾ തുടങ്ങിയ കർമ്മങ്ങൾക്കെല്ലാം സമുദായംതോറും വ്യത്യാസം കാണാം. നമ്മുടെ പ്രാക്തനവിശ്വാസങ്ങളിലും ആചാരങ്ങളിലും ശാസ്ത്രീയവീക്ഷണം കാണാൻ കഴിയും. ഭസ്മചന്ദനാദികളിലെ ഔഷധശക്തി പരിഗണിച്ചായിരിക്കണം പ്രാചീനർ ആ ആചാരം സ്വീകരിച്ചത്. വസൂരി തുടങ്ങിയ പകർച്ചവ്യാധികൾ ചില ദേവതകളുടെ കോപംകൊണ്ടാണ് ഉണ്ടാകുന്നതെന്ന് ഗ്രാമീണർ വിശ്വസിച്ചുപോന്നു. ഇവയുടെ നിവാരണാർത്ഥം പ്രാർത്ഥന നടത്തുമ്പോൾ മഞ്ഞൾകുറിയാണ് കൊടുക്കുക. മഞ്ഞളിന്റെ രോഗശമനശക്തി തെളിയിക്കപ്പെട്ടിട്ടുള്ളതാണല്ലോ.

## നാടോടിവാദ്യങ്ങൾ

കേരളീയ നാടൻ സംഗീതം താളപ്രധാനമാണ്. കേരളത്തിലങ്ങോളമിങ്ങോളം കാണുന്ന താളവാദ്യങ്ങളും അവയുടെ പ്രയോഗങ്ങളും ഇതിനെ സാധൂകരിക്കുന്നു. സ്വരത്തേക്കാളധികം വാദ്യത്തിനു പ്രാധാന്യം ലഭിച്ചു. കേരളത്തിലെ വാദ്യകലയെ പ്രധാനമായും നാലായി തിരിച്ചിരിക്കുന്നു. തതം, അവനദ്ധം,, ഘനം, സുഷിരം എന്നിങ്ങനെയാണവ. കമ്പിമീട്ടി വായിക്കുന്നവ തതവാദ്യങ്ങൾ അഥവാ തന്തുവാദ്യങ്ങൾ. കമ്പിയുടെ വണ്ണം, നീളം, മുറുക്കം എന്നിവയെ ആശ്രയിച്ച് അതിൽ നിന്നുണ്ടാകുന്ന നാദത്തിന് വ്യത്യാസം കാണും. വീണ ഇതിനുദാഹരണമാണ്. വായ അടച്ചുകെട്ടി വായിക്കുന്നവയാണ് അവനദ്ധവാദ്യങ്ങൾ. കോലുകൊണ്ടോ കൈകൊണ്ടോ കൊട്ടുമ്പോൾ ചർമ്മം കമ്പിക്കുകയും അതിൽനിന്ന് നാദം പുറപ്പെടുകയും ചെയ്യും. ചെണ്ട, മദ്ദളം, തുടി, തിമില തുടങ്ങിയവ അവനദ്ധവാദ്യങ്ങളാണ്. മടിയിൽ വെച്ച് വായിക്കേണ്ടവയെ ആംഗ്യങ്ങൾ (മൃദംഗം) എന്നും എടുത്തുപൊക്കി പ്രയോഗിക്കേണ്ടവയെ ആലിംഗ്യങ്ങൾ (മദ്ദളം, ചെണ്ട, ഇടയ്ക്ക) എന്നും ഊർദ്ധ്വമുഖമാക്കി വച്ചുകൊട്ടുന്നവയെ ഊർധകങ്ങൾ (മിഴാവ്) എന്നും അവനദ്ധവാദ്യങ്ങളെ മൂന്നായി തരിക്കുന്നു. കൂട്ടിമുട്ടുമ്പോൾ നാദമുണ്ടാകുന്നവയാണ് ഘനവാദ്യങ്ങൾ (ഓട്, പിച്ചള), ഊതി വായിക്കുന്നവയാണ് സുഷിരവാദ്യ

ങ്ങൾ.

ഇടയ്ക്ക, തുടി, ചെണ്ട, മദ്ദളം, പറ എന്നിങ്ങനെയുള്ള സുപ്രസിദ്ധങ്ങളായ താളവാദ്യങ്ങൾക്കു പുറമേ ഉരുതടിപിരാളം, പഞ്ചമുഖവാദ്യം തുടങ്ങി ഒരുപാട് വാദ്യങ്ങൾ കേരളത്തിലുണ്ട്. സംഗീത വാദ്യങ്ങളായി മറ്റിടങ്ങളിൽ വളർന്നേക്കാവുന്ന മറ്റു പല വാദ്യങ്ങളും നാം താളത്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്. വില്ല് സാങ്കേതികമായൊരു തന്ത്രിവാദ്യമാണ്. പക്ഷേ, കേരളത്തിൽ ഓണവില്ലു കൊട്ടുകയോ പതിവുള്ളൂ. വില്ലിന്മേൽ തായമ്പക ഒരു ഉദാഹരണമാണ്. കുറുങ്കുഴൽ സ്വതന്ത്രമായൊരു രാഗരൂപം ഉണ്ടാക്കാനല്ല, മേളത്തിനകമ്പടി ചേരാനാണുപയോഗിക്കുന്നത്.

കേരളത്തിലെ വാദ്യങ്ങളെപ്പറ്റി കുഞ്ചൻ നമ്പ്യാരുടെ തുള്ളൽപ്പാട്ടുകളിലും പ്രാക്തന നാടോടി ഗാനങ്ങളിലും കാണുന്ന പരാമർശങ്ങളിൽ നിന്ന് അവയുടെ വൈപുല്യം മനസ്സിലാക്കാം. അമ്പിളിവള യം, ആനകം, ഇടയ്ക്ക, ഇടിതാളം, ഉടുക്ക്, തുടി, കണ്ഠജാലം, കാളം, തമ്പേറ്, തംബുരു, തമ്മിട്ടം, തിത്തി, തിമില, തൊപ്പിമദ്ദളം, ദുന്ദുഭി, കിടുപിടി, കുഴല്, കൃത്തി, കൈമണി, കൊമ്പ്, ഘട്ടിവാദ്യം, ചെണ്ട, പടഹം, നാഗസ്വരം, പറ, പൂങ്കുഴൽ, ഭേരി, മഡ്ഡു, മദ്ദളം, ചെമ്പറ, ചേങ്ങില, ത്ധല്ലരി, ഡിണ്ഡിമം, ഢക്ക, തകില്, തപ്പ്, മുഖ വീണ, മുരശ്, മൃദംഗം, വൻപറ, വീണ, വേണു, മരം, മിഴാവ്, ഈഴാറ എന്നിവ അതിൽ ചിലതാണ്.

## നാടൻ വിനോദങ്ങൾ

മനുഷ്യന്റെ ജീവിതം കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ്. വ്യത്യസ്തങ്ങളായ ധർമ്മങ്ങളോ ടുകൂടിയ ഏകകമാണ് ഓരോ വ്യക്തിയും. ഈ ഏകകങ്ങളുടെ പരസ്പരബന്ധത്തിലാണ് സമൂഹ ത്തിന്റെ നിലനിൽപ്പ്. വൈരുദ്ധ്യങ്ങളുടെ സങ്കലനമാണ് സമൂഹം എന്നർത്ഥം. കളി ഇതിൽനിന്ന് ഒട്ടും വ്യത്യസ്തമല്ല. വ്യവസ്ഥാപിതമായ നിയമങ്ങളുള്ള ഒരു കളിയിൽ പങ്കെടുക്കുന്ന ഓരോ അംഗവും മറ്റംഗങ്ങളിൽനിന്നോ ഒരു സംഘം മറ്റു സംഘങ്ങളിൽ നിന്നോ വ്യത്യസ്തസ്വഭാവമുള്ളവയായിരി ക്കും. വ്യത്യസ്ത സ്വഭാവങ്ങളുടെ ഏറ്റുമുട്ടലോ പരസ്പരബന്ധമോ ആണ് ഏതുകളിയും. വ്യക്തികളുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഭാഗമാണ് കളി. സമൂഹജീവി എന്ന നിലയിൽ സ്വന്തം നിലനിൽപ്പിനു വേണ്ടി ഒരു കുട്ടി നേടിയെടുക്കേണ്ടതായ കഴിവുകളെ ഉണർത്തുകയാണ് മിക്ക കളികളും ചെയ്യുന്ന ത്. 'ഒറ്റിക്കൂക്കി' കളിക്കുമ്പോഴും 'കാക്കതൊട്ടുകളി-'ക്കുമ്പോഴും കൂട്ടത്തിൽ നിന്ന് ഒരു കുട്ടിയെ ഒറ്റ പ്പെടുത്തുകയാണ് ചെയ്യുന്നത്. അങ്ങനെ ഒറ്റപ്പെട്ട അവൻ അതിനെ മറികടക്കാൻ ശ്രമിക്കുന്നു. സമൂ ഹത്തിൽ ജീവിക്കുമ്പോൾ പല സമ്മർദ്ദങ്ങൾക്കും ഒറ്റപ്പെടലുകൾക്കും വ്യക്തി വിധേയനാകേണ്ടിവ രും. അപ്പോൾ ഭീരുവാകാതിരിക്കാൻ ഇത്തരം കളികളിൽ നിന്നുള്ള പരിശീലനം അവനെ സഹായിക്കു ന്നു.

സമൂഹജീവി എന്ന നിലയിൽ മനുഷ്യൻ അനുഭവിക്കുന്ന സമ്മർദ്ദങ്ങളിൽ നിന്ന് രക്ഷനേടാനു ള്ള, സമൂഹം അനുവദിച്ച മാർഗമാണ് ഫോക്‌ലോർ എന്ന ഒരു വാദമുണ്ട്. ആ വാദം പല നാടോടിക്ക ളികളുടെ കാര്യത്തിലും അർഥവത്താണ്. അതുപോലെ പരസ്പരം കീഴ്പെടുത്താനുള്ള വാസനയുടെ സഫലീകരണവുമാണിത്. ഇതിനെല്ലാം പുറമെ ജീവിതായോധനത്തിനുള്ള മാർഗങ്ങൾ കളികളിലൂടെ യാണ് കുട്ടികൾ സ്വായത്തമാക്കുന്നത്. അതുകൊണ്ടാണ് മനുഷ്യന്റെ ജീവിതത്തിലെ പ്രവർത്തനങ്ങ ളുടെ തന്നെ പ്രതിഫലനമെന്നോണമുള്ള വിവിധയിനം കളികൾ നമുക്കുള്ളത്. കളികൾ മനസ്സിന് ഉന്മേ ഷവും ആഹ്ലാദവും പ്രദാനം ചെയ്യുന്നതോടൊപ്പം ബുദ്ധിപരമായ വികസനത്തിനും വഴിയൊരുക്കു ന്നു. ലാഭവും ചേതവും കളിയുടെ സ്വഭാവമാണ്. കളിയുടെ രീതിക്കനുസരിച്ച് ഒരാൾക്ക് ലാഭവും മറ്റൊരാൾക്ക് ചേതവും സംഭവിക്കാം. നാട്ടിൻപുറത്ത് കാണാറുള്ള നക്കിക്കളി ഇതിനുദാഹരണമാണ്. ചില കളികളിൽ ഒരാൾ ജയിക്കുകയും മറ്റുപലർ തോൽക്കുകയും ചെയ്യുന്നു. ദായം കളി ഉദാഹരണ മാണ്.

കളികളെ പല രീതിയിലും വർഗ്ഗീകരിക്കാം. സ്റ്റുവർട്ട് കുലിൻ കളികളെ അവയുടെ സ്വഭാവമനു സരിച്ച് ചരതക്കളി, ഭാഗ്യക്കളി എന്നിങ്ങനെ രണ്ടായിതിരിച്ചിരിക്കുന്നു. ഭാഗ്യക്കളിയെ വീണ്ടും ശുദ്ധഭാ

ഗ്യക്കളി എന്നും ഊഹക്കളി എന്നും തരംതിരിക്കാം. ചെസ്സുകളി ചരതക്കളിക്കും പകിടകളി ഭാഗ്യക്കളിക്കും കീച്ചി-കീച്ചി കളി ഊഹക്കളിക്കും ഉദാഹരണങ്ങളാണ്. കളികളെ നൈപുണ്യക്കളികൾ, ഭാഗ്യക്കളികൾ, ആയോധനക്കളികൾ എന്നിങ്ങനെ അവയുടെ താരതമ്യേനയുള്ള ഊന്നലിനെ അടിസ്ഥാനമാക്കി റോബർട്ട്സ് തരംതിരിച്ചിട്ടുണ്ട്. സാഹസക്കളികൾ, കലഹക്കളികൾ, കൗശലക്കളികൾ, ഭാഗ്യക്കളികൾ, അന്വേഷണക്കളികൾ, അനുകരണക്കളികൾ എന്നിങ്ങനെ വൈവിധ്യമാർന്ന ഇനങ്ങൾ കളികളിൽ കാണാം. ഏറ്റുകളികൾ, എറിഞ്ഞുകളികൾ, തുള്ളിക്കളികൾ, ഓടിക്കളികൾ, എണ്ണൽക്കളികൾ, കുഞ്ഞിക്കളികൾ, നീട്ടിക്കളികൾ, ചൊട്ടിക്കളികൾ, അടിച്ചുകളികൾ, കറക്കിക്കളികൾ, ഒളിച്ചുകളികൾ, പൂഴ്ത്തിക്കളികൾ, കല്ലുകളികൾ എന്നിങ്ങനെ സ്വഭാവവും ഉപകരണഭേദവും അനുസരിച്ച് നാടൻ കളികൾ പലതാണ്. തലപ്പന്ത്, കുടുകുടു, കുട്ടിയും കോലും, കോട്ടിക്കളി, കൊത്തങ്കല്ല്, കാറകളി, അടയ്ക്കാകളി, കോട്ടേക്കുത്ത് തുടങ്ങിയവയെല്ലാം നാടൻകളികൾക്ക് ഉദാഹരണങ്ങളാണ്.

### അനുഷ്ഠാനങ്ങൾ

ജീവിതസാഹചര്യങ്ങൾക്ക് അനുഗുണമായി ചിന്തയിലും കർമ്മങ്ങളിലും പലവിധം നടപടിക്രമങ്ങളും ചര്യാവിശേഷങ്ങളും നിയന്ത്രണങ്ങളും പാലിക്കേണ്ടതായി വരും. ജീവിതപരിചയത്തിലൂടെ ഉരുത്തിരിഞ്ഞുവരുന്ന അത്തരം വഴക്കങ്ങളും വിധിനിയമങ്ങളും ജീവിതക്രമങ്ങളും ഏതൊരു സമൂഹത്തിലും കാണാം. ശ്രദ്ധയോടും നിഷ്ഠയോടുംകൂടി ഏർപ്പെടുന്ന അത്തരം നടപടികളാണ് അനുഷ്ഠാനങ്ങൾ. സാമൂഹിക വികാരങ്ങൾ പങ്കുവച്ചുകൊണ്ടുള്ള നിശ്ചിത ജീവിതമാർഗ്ഗത്തിലൂടെയുള്ള സഞ്ചാരത്തിലാണ് അനുഷ്ഠാനങ്ങളും സംസ്കാരകർമ്മങ്ങളും രൂപം കൊള്ളുന്നത്. ആവർത്തനത്തിലൂടെ അവ രൂഢമൂലമായിത്തീരുന്നു. സാമൂഹിക ജീവിതത്തിൽ ഇവയ്ക്ക് പ്രധാന്യമുണ്ട്. വിവിധ തരക്കാരായ വ്യക്തികളെ ഏകീകരിക്കുവാനും സമൂഹത്തിന് ക്രമീകരണമുണ്ടാക്കി നിശ്ചിത രൂപഭാവങ്ങൾ കൈവരുത്തുവാനും അനുഷ്ഠാനങ്ങൾ സഹായിക്കുന്നു. അവ ഓരോ സമൂഹത്തെയും തിരിച്ചറിയുവാനുള്ള ഉപാധികൂടിയാണ്. അനുഷ്ഠാനങ്ങളിൽ പാരമ്പര്യവിശ്വാസവും ശാസ്ത്രതത്ത്വങ്ങളും അടങ്ങിയിട്ടുണ്ട്.

അനുഷ്ഠാനങ്ങളെ അവയുടെ ആചാരണസ്വഭാവം, ധർമ്മം എന്നിവയുടെ അടിസ്ഥാനത്തിൽ വേർതിരിക്കാം. മന്ത്രാനുഷ്ഠാനം, തന്ത്രാനുഷ്ഠാനം, വ്രതാനുഷ്ഠാനം, കർമ്മാനുഷ്ഠാനം എന്നിവ പ്രധാനങ്ങളാണ്. അതേ സമയം ഇവയൊക്കെ പരസ്പരബന്ധങ്ങളും അന്യോന്യപൂരകങ്ങളുമത്രേ. ജപം, മന്ത്രോച്ചാരണം, നാമസങ്കീർത്തനം, പ്രാർത്ഥന, സത്യഭാഷണം മുതലായവ മന്ത്രാനുഷ്ഠാനത്തിൽ ഉൾപ്പെടുന്നു. മുദ്രകൾക്കും വിന്യാസങ്ങൾക്കും ന്യാസങ്ങൾക്കും ആംഗ്യങ്ങൾക്കും പ്രാണായാമത്തിനും മറ്റും പ്രാധാന്യം നൽകുന്ന കർമ്മങ്ങൾ തന്ത്രാനുഷ്ഠാനത്തിൽ പെടുന്നു. മനേവാക് കർമ്മങ്ങൾ നിയന്ത്രിച്ചുകൊണ്ടുള്ള നിഷ്ഠയാണ് വ്രതാനുഷ്ഠാനം.

വിവിധങ്ങളായ അനുഷ്ഠാനങ്ങൾ പരിശോധിച്ചാൽ അവയ്ക്ക് ചര്യാഭേദമുണ്ടെന്ന് മനസ്സിലാക്കാൻ കഴിയും. നിത്യം, നൈമിത്തികം, കാര്യം, നിഷിദ്ധം, പ്രായശ്ചിത്തം എന്നിങ്ങനെ അനുഷ്ഠാനങ്ങൾ അഞ്ചുതരമുണ്ട്. നിത്യേന അവശ്യം ആചരിക്കേണ്ടവയാണ് നിത്യാനുഷ്ഠാന കർമ്മങ്ങൾ. പ്രത്യേക ഹേതുക്കളാൽ വിശേഷമായി നടത്തുന്നവ നൈമിത്തിക കർമ്മങ്ങളും നിശ്ചിത ഫലത്തെ ഉദ്ദേശിച്ച് ആചരിക്കുന്നവ കാമ്യകർമ്മങ്ങളുമാണ്. എല്ലാ മതവിശ്വാസികളുടെ ഇടയിലും ഇത്തരത്തിലുള്ള അനുഷ്ഠാനഭേദങ്ങൾ കാണും.

### ആഘോഷങ്ങൾ

ഒട്ടനവധി ചടങ്ങുകളും ചടങ്ങുകളിൽ പെടാത്ത ക്രിയകളും ചേർന്നതാണ് ഉത്സവം, സ്വയം പൂർണ്ണമായ ഘടനയോടുകൂടിയതാണവ. ആചാരങ്ങളിൽ പലതും ആഘോഷങ്ങളാണ്. പേരിടൽ, മുടകളയൽ, ഋതുമതിയാകൽ, വിവാഹം എന്നിവയ്ക്കെല്ലാം ആഘോഷങ്ങളും ഉണ്ടാകാറുണ്ട്. ഇവയിൽ സദ്യ, വിനോദം എന്നിവ നിർബ്ബന്ധമായും ഉണ്ടായിരിക്കും. ജീവിതത്തിലെ നിർണ്ണായകാവസരങ്ങളിൽ ആഘോഷങ്ങൾ നടത്താറുള്ളതുപോലെ കാലചക്രത്തിലെ നിർണ്ണായക ഘട്ടങ്ങളിലും ആഘോ

ഷങ്ങൾ നടത്താറുണ്ട്. വർഷകാലത്തിൽ നിന്ന് വസന്തകാലത്തിലേക്കുള്ള സംക്രമണമാണ് കേരളീയർക്ക് ഓണാഘോഷം.

ജീവിതരീതിക്ക് പ്രത്യേകഘടന കൈവരുത്തുവാനും സാമൂഹികൈക്യം വർദ്ധിപ്പിക്കുവാനും പൊതു ഉത്സവങ്ങളും ആഘോഷങ്ങളും സഹായകമാണ്. വ്യക്തികളുടെ അഹംബോധം ഇല്ലാതാക്കുകയും എല്ലാവരും ഒരു വ്യൂഹത്തിന്റെ ഭാഗമാണെന്ന് തോന്നിപ്പിക്കുകയുംകൂടിയാണ് ആഘോഷങ്ങളുടെ മറ്റൊരുധർമ്മം. അവിടെ അവർ ഒന്നിച്ച് ഭക്ഷിക്കുകയും വിനോദിക്കുകയും ചെയ്യുന്നു. ഇതോടൊപ്പം സമൂഹത്തിലെ സവിശേഷഘടകങ്ങൾക്ക് ആന്തരമായ വ്യക്തിത്വം നൽകുകകൂടി ചെയ്യുന്നു. ആഘോഷങ്ങളും ഉത്സവങ്ങളും. ഉദാഹരണത്തിന് കളിയാട്ടം എന്ന ആഘോഷം.

അത് സമൂഹത്തെ മുഴുവൻ ഏകോപിപ്പിക്കുകയും അതോടൊപ്പം ഓരോ സമുദായത്തെയും തനതായ സവിശേഷതകളുള്ള ഒരു ഗണമായി നിലനിർത്തുകയും ചെയ്യുന്നു. വ്യക്തിയിലെ സമൂഹബോധത്തിന്റെ പ്രതിഫലനമാണ് ആഘോഷങ്ങളിലെ സാന്നിദ്ധ്യം. ~ഒരു ആഘോഷത്തിൽ, അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ പങ്കെടുക്കുമ്പോൾ ഒരാൾ സ്വന്തം വ്യക്തിസത്തയെ സമൂഹസത്തയിൽ ലയിപ്പിച്ചെടുക്കുകയാണ് ചെയ്യുന്നത്. സമൂഹത്തിന് മുഴുവൻ ഒന്നിച്ചുചേരാനും അതുവഴി ആഹ്ലാദം പങ്കിടാനും മറ്റു വഴികളില്ല എന്നതുകൊണ്ടാണ് കാവുകളിൽ ഇന്നും കളിയാട്ടം മുമ്പത്തേക്കാൾ കേമമായി നടന്നുവരുന്നത്. സാമ്പത്തികമായി മറ്റൊരു ധർമ്മകൂടി ആഘോഷങ്ങൾക്കുണ്ട്. ആഘോഷങ്ങളും ഉത്സവങ്ങളും നടത്തുന്നതിനുള്ള പണം വ്യക്തികളിൽനിന്നുതന്നെയാണ് സംഭരിക്കുന്നത്. ഇവിടെ വ്യക്തികളുടെ കൈയ്യിലുള്ള പണം സ്വരൂപിക്കപ്പെടുകയും അതുവീണ്ടും വിതരണം നടത്തുകയും ചെയ്യുന്നു.

സാംസ്കാരിക സംക്രമണത്തിന് വഴിയൊരുക്കുകയെന്ന ധർമ്മം ഉത്സവാഘോഷാദികളുടെ പിന്നിലുണ്ട്. ജനങ്ങൾ തമ്മിലുള്ള സമ്പർക്കം സാംസ്കാരിക വികസനത്തിനും സംരക്ഷണത്തിനും സഹായകമാണ്. വിവിധ മത-വർഗ്ഗസംസ്കാരങ്ങൾ ഉൾക്കൊള്ളുന്നവരും പരസ്പരബന്ധം സംസ്കാരങ്ങളുടെ ലയനത്തിനും സംസ്കാരവിനിമയത്തിനും കാരണമായിത്തീർന്നിട്ടുണ്ട്. സാമൂഹികവും സാംസ്കാരികവും ഭൗതികവുമായ ജീവിതത്തെക്കുറിച്ചറിയുവാൻ ഉത്സവാഘോഷാദികളെക്കുറിച്ചുള്ള പഠനം പ്രയോജനകരമാണ്. ഫോക്‌ലോറിന്റെ മറ്റു ഘടകങ്ങളുമായി ഉത്സവാഘോഷങ്ങൾ ബന്ധപ്പെടുന്നു. അലങ്കാരങ്ങൾ, ആഭരണങ്ങൾ, ഉടയാടകൾ, വാദ്യോപകരണങ്ങൾ, നൃത്തനൃത്യങ്ങൾ, ഗാനങ്ങൾ, സദ്യ തുടങ്ങിയവ ഉത്സവാഘോഷാദികളുടെ അംഗമാണ്.

ദേശകാലാദികൾക്കും ജീവിതസമ്പ്രദായങ്ങൾക്കും അനുഗുണമായി ഉത്സവങ്ങളും ആഘോഷങ്ങളും ഏതു നാട്ടിലും കാണും. അവ മതപരമോ മതനിരപേക്ഷമോ ആകാം. കേരളത്തിലെ ഉത്സവാഘോഷാദികളെ ദേശീയം, പ്രാദേശീയം എന്ന് രണ്ടായി തിരിക്കാം. ഇവതന്നെ മതപരം, മതനിരപേക്ഷം എന്ന് രണ്ടിനങ്ങളാണ്.

### നാടൻ ഭക്ഷണം.

കൂട്ടായ്മയെ നിശ്ചയിക്കുന്ന പല ഘടകങ്ങളിൽ പ്രധാനമാണ് ഭക്ഷണം. ഭാഷ കേട്ടാൽ ഒരുവൻ എവിടത്തുകാരനാണെന്ന് തിരിച്ചറിയാൻ സാധിക്കുന്നതുപോലെ ഭക്ഷണത്തിലൂടെ ആളുകളുടെ വ്യതിരിക്തത മനസ്സിലാക്കാൻ സാധിക്കും. ഭക്ഷണത്തിൽ മാത്രമല്ല, ഭക്ഷണം വിളമ്പുന്ന രീതിയും കഴിക്കുന്ന രീതിയും ഒരു വിഭാഗത്തിന്റേതിൽ നിന്ന് മറ്റൊരു വിഭാഗത്തിന്റേത് വ്യത്യസ്തമാണ്. തീയ്യരുടെ ഭക്ഷണക്രമമല്ല നായരുടേത്. ഒരു കുടുംബത്തിന്റെ മാത്രമല്ല ജനസാമാന്യത്തിന്റെ തന്നെ കാമ്പാണ് അടുക്കള. ഭക്ഷ്യവിഭവങ്ങളുടെ ഉത്പാദനവും വിതരണാദികളും ഉപകരണങ്ങളുടെ നിർമ്മാണ പ്രക്രിയയുമൊക്കെ പാചകവിദ്യയുമായി ബന്ധപ്പെട്ടവയാണ്. കാർഷികവൃത്തി, നായാട്ട്, മത്സ്യബന്ധനം തൊട്ടുള്ള ജീവിതവൃത്തികൾ അതിനെ സ്വാധീനിക്കുന്നുണ്ട്. ഗാർഹികോപകരണങ്ങളിൽ നല്ലൊരു ഭാഗം ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കുവാൻവേണ്ടി ഉപയോഗിക്കുന്നവയാണ്. ആ നിലയിൽ പാചകകലയ്ക്ക് ഭൗതിക സംസ്കാരവുമായുള്ള ബന്ധം സുദൃഢമാണ്. ഭൗതികവസ്തുക്കളുമായി കൂടിക്ക

ലർന്നതും ബന്ധപ്പെട്ടതുമായ വിഷയമെന്ന നിലയിൽ അത് ഭൗതിക സംസ്കാരപഠനത്തിന്റെ ഭാഗമായി വരുന്നു. നരവംശശാസ്ത്രം, സാമൂഹികശാസ്ത്രം എന്നിവയുടെ വെളിച്ചത്തിലും ഈ വിഷയത്തെ അപഗ്രഥിക്കാവുന്നതാണ്.

വർഗ്ഗം, ജാതി, മതം എന്നിവയുമായി പാചകവിദ്യ, ഭക്ഷണരീതി എന്നിവയ്ക്കുള്ള ബന്ധം അനിഷേദ്ധ്യമാണ്. എല്ലാവരും പൊതുവെ ഉപയോഗിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഉണ്ടെങ്കിലും ഓരോ വിഭാഗക്കാർക്കും അവരവരുടേതായ സമ്പ്രദായങ്ങൾ കാണും. ഭൂപ്രകൃതിയും ഭക്ഷ്യവസ്തുക്കളുടെ ലഭ്യതയും ഭക്ഷണരീതി തീരുമാനിക്കുന്ന ഘടകങ്ങളാണ്. സസ്യഭോജനം, സസ്യേതരഭോജനം എന്ന് വസ്തുഭേദം കൊണ്ടും സാത്വികം, രാജസം, താമസം എന്ന് ഗുണഭേദംകൊണ്ടും ഭക്ഷണത്തിന് വ്യത്യസ്തത ഉണ്ടാകാം.

ഭക്ഷണം ഉണ്ടാക്കുന്നതും കഴിക്കുന്നതുമെല്ലാം ഒരു സംസ്കാരത്തിന്റെ പ്രതിഫലനമാണ്. അതിന് വിശപ്പടക്കുക എന്നതിനപ്പുറത്തേക്ക് മറ്റുചില ധർമ്മങ്ങൾകൂടി ഉണ്ട്. ഗൃഹസ്ഥയുമായി കുടുംബാംഗങ്ങൾക്കുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള ഉപാധികൂടിയാണിത്. മനുഷ്യൻ ബന്ധം സ്ഥാപിക്കുന്നതിന്റെ ഒരു മാധ്യമം കൂടിയാണിത്. ഭക്ഷണം കൈമാറുന്നതിലൂടെ വ്യക്തികൾ തമ്മിലും സമൂഹങ്ങൾ തമ്മിലും ബന്ധം സ്ഥാപിക്കപ്പെടുന്നുണ്ട്. ദൈവത്തിനുപോലും നിവേദ്യം നൽകി നാം ദൈവവുമായി ബന്ധം സ്ഥാപിക്കുന്നു. എല്ലാ ചടങ്ങുകളുടെയും ഭാഗമായി നാം ഭക്ഷണമുണ്ടാക്കുന്നതും ഇതുകൊണ്ട്തന്നെ. ഒരാൾക്ക് നാം ഭക്ഷണം നൽകി സ്വീകരിക്കുമ്പോൾ അയാൾ സ്വീകരിക്കുന്നത് ഭക്ഷണപാനീയങ്ങൾക്ക് അപ്പുറത്തായി തന്നോടുള്ള സ്നേഹവായ്പാണ്.

## നാടൻ വൈദ്യം

രോഗം സ്വാഭാവികവും സാർവ്വത്രികവുമാണ് എന്നുള്ളതുകൊണ്ട് എല്ലാ ജനസാമാന്യങ്ങൾക്കിടയിലും അവയെ മാറ്റുന്നതിന് ഏതെങ്കിലും തരത്തിലുള്ള ഉപാധികൾ ഉണ്ടായിരിക്കും. ഓരോ രോഗത്തെക്കുറിച്ചും ജനസാമാന്യത്തിന് ചില വിശ്വാസങ്ങളുണ്ട്. ഈ വിശ്വാസങ്ങൾക്കനുസരിച്ച് അവയെ മാറ്റുന്നതിന് സവിശേഷങ്ങളായ രീതിയിൽ ഉണ്ടായിരിക്കും. മനുഷ്യന്റെ വളരെകാലത്തെ അനുഭവവും അന്വേഷണവും അതിന്റെ പിന്നിൽ ഉണ്ടായിരിക്കും.

നാടൻ മരുന്നകളെയും അവയുടെ പ്രയോഗവിധികളെയും പൊതുവെ മൂന്നായി തിരിക്കാം. ചില ആദിവാസികൾക്കിടയിൽ മാത്രം പ്രാചുര്യത്തിലുള്ള ആദിമ ചികിത്സാരീതിയാണ് അതിലൊന്ന്. പലപ്പോഴും വർഗ്ഗത്തലവൻ വൈദ്യൻകൂടിയായിരിക്കും. പച്ചമരുന്നുകളെക്കുറിച്ചും മറ്റുമുള്ള അറിവ് അയാൾക്കുണ്ടാകും. അവർ മാന്ത്രികാനുഷ്ഠാന കർമ്മങ്ങൾക്കൂടി രോഗശമനത്തിനായി നടത്തും. ദേവതകൾ ശരീരത്തിൽ ആവേശിച്ച് രോഗവിവരങ്ങളും നിവാരണമാർഗ്ഗങ്ങളും പ്രസ്താവിക്കുന്ന പതിവും ചില വർഗ്ഗക്കാർക്കിടയിൽ കാണാം.

ഗ്രാമീണ ജനങ്ങൾക്കെല്ലാം നിത്യപരിചയമുള്ള ഔഷധപ്രയോഗമാണ് രണ്ടാമത്തെ വിഭാഗം. ഇതാണ് യഥാർത്ഥ 'നാടൻവൈദ്യം'. അനുഷ്ഠാനങ്ങളും മന്ത്രപ്രയോഗങ്ങളും ഈ രീതിയിൽ കുറവായിരിക്കും. മൂന്നാമത്തേത് ശാസ്ത്രീയ പഠനമാണ്. അത് അതിനാധാരമായ ഗ്രന്ഥവിജ്ഞാനത്തിന്റെ പിൻബലത്തിലാണ് നടത്തുന്നത്. ഇതിൽ രഹസ്യപ്രയോഗങ്ങളൊന്നും തന്നെ ഇല്ല.

നാടൻ മരുന്നുകളെ പ്രകൃത്യാധിഷ്ഠിത നാടൻ മരുന്നുകൾ, മാന്ത്രിക-മതാധിഷ്ഠിത നാടൻ മരുന്നുകൾ എന്നിങ്ങനെ രണ്ടു ശാഖയായി വേർതിരിച്ചു പറയാവുന്നതാണ്. പ്രകൃതിയുമായി മനുഷ്യനുള്ള അഭേദ്യമായ ബന്ധത്തിന് തെളിവാണ് ആദ്യത്തേത്. പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന വസ്തുക്കൾതന്നെ ഔഷധങ്ങളായി പ്രയോഗിക്കുകയാണ് ഇതിന്റെ സ്വഭാവം. ചെടികളുടെയും വൃക്ഷങ്ങളുടെയും വള്ളികളുടെയും വേര്, കിഴങ്ങ്, ഇല, തണ്ട്, പൂവ്, കായ, നീര്, തോല് തുടങ്ങിയവയും മൃഗങ്ങളുടെ കൊമ്പ്, തുകല്, കൊഴുപ്പ്, മലമൂത്രങ്ങൾ, പാല് മുതലായവും സമുദ്രോൽപന്നങ്ങളും സസ്യഎണ്ണകളും ഭൂനാഗാദി ജീവികൾപോലും ഔഷധനിർമ്മാണത്തിനായി ഉപയോഗിക്കുന്നു.

മാന്ത്രിക-മതാധിഷ്ഠിതമായ രണ്ടാമത്തെ വിഭാഗത്തിൽ ഔഷധപ്രയോഗം മാത്രമല്ല, മന്ത്രപ്രയോഗങ്ങളും അനുഷ്ഠാനങ്ങളും ഉൾപ്പെടുന്നു. നിഗൂഢമായൊരു ചികിത്സാരീതിയാണ് ഇത്. പ്രേതമോ ദേവതയോ ആവേശിച്ചാൽ രോഗമുണ്ടാകുമെന്ന വ്യാപകമായ വിശ്വാസം പ്രാക്തജനങ്ങൾക്കിടയിൽ ഉണ്ടായിരുന്നു. ഇത്തരം വിശ്വാസങ്ങളാണ് മേൽപ്പറഞ്ഞ രീതിയിലുള്ള ചികിത്സാപദ്ധതികളുടെയും മാന്ത്രികവൈദ്യന്മാരുടെയും ഉത്ഭവത്തിന് ഹേതു. വസൂരി, അപസ്മാരം, പനി തുടങ്ങിയ രോഗങ്ങൾക്കെല്ലാം ദേവതാസങ്കല്പമുണ്ട്. രോഗശാന്തിക്കായി യന്ത്രമെഴുതിക്കെട്ടുകയും പതിവുണ്ട്. മൃഗങ്ങൾ, സസ്യങ്ങൾ എന്നിവയ്ക്കുള്ള രോഗങ്ങൾപോലും മാന്ത്രിക കർമ്മംവഴി നീക്കാമത്രേ.

നാടൻ വൈദ്യസമ്പ്രദായത്തിൽ മരുന്നും മന്ത്രവും ചേർന്നുള്ള ചികിത്സാക്രമം നടപ്പുണ്ട്. വിഷവൈദ്യം പ്രത്യേകിച്ചും മന്ത്രൗഷധികളുടെ സംയുക്ത പ്രയോഗമാണ്. തലവേദന, കൊതി, കൈവിഷം, കുരു തുടങ്ങിയവയ്ക്കുള്ള പ്രയോഗങ്ങൾ അതിന് തെളിവാണ്. പുളി, ഉപ്പ്, കുരുമുളകുപൊടി, മഞ്ഞൾപ്പൊടി എന്നിവ ചേർത്ത് കൊതിക്കും, രുദ്രാക്ഷം, വയമ്പ്, ചന്ദനം എന്നിവ കൈവിഷത്തിനും ജപിച്ചുകൊടുക്കുന്നു. നാടൻമരുന്നുകളുടെ ശേഖരണം, നിർമ്മാണം, ചികിത്സാരംഭം, ഔഷധ സേവനം എന്നിവയ്ക്കെല്ലാം സമയം നോക്കണമെന്നുണ്ട്. അങ്ങനെ ചെയ്തില്ലെങ്കിൽ ഫലം കുറയുമെന്നു മാത്രമല്ല വിപരീതഫലമുണ്ടായെന്നും വരും. വിഷ ചികിത്സയ്ക്കുള്ള ചില മരുന്നുകൾ ശേഖരിക്കുന്നത് ഗ്രഹണസമയത്താണ്. രോഗനില മനസ്സിലാക്കുവാൻ ശകുനം നോക്കുന്ന പതിവുമുണ്ട്.

നാടൻ വൈദ്യത്തിൽ വർഗ്ഗപാരമ്പര്യവും കുടുംബപാരമ്പര്യവും കാണാം. വണ്ണാൻ, മലയൻ, പുള്ളുവൻ, പാണൻ, വേലൻ, കണിയാൻ തുടങ്ങിയ പല സമുദായക്കാരും പൊതുവെ വൈദ്യന്മാരാണ്. മഞ്ഞപ്പിത്തം തുടങ്ങിയ ചില രോഗങ്ങൾക്ക് ചികിത്സ നടത്തുന്ന ചില പാരമ്പര്യ കുടുംബക്കാർ ഇന്നുമുണ്ട്. ഒറ്റമൂലികാപ്രയോഗം പ്രധാനമായൊരു വിഭാഗമാണ്. മറ്റ് ഔഷധങ്ങൾക്കൊണ്ട് മാറാത്ത രോഗങ്ങളും ചിലപ്പോൾ ഒറ്റമൂലികൊണ്ട് മാറിയെന്നുവരാം. കളരി സംസ്കാരവുമായി ബന്ധപ്പെട്ട ഒരു സവിശേഷ ചികിത്സാ പദ്ധതി കേരളത്തിൽ നടപ്പുണ്ട്. രോഗവിമുക്തിക്കുമാത്രമല്ല ആരോഗ്യ പുഷ്ടിക്കുകൂടി ഈ പദ്ധതി പ്രയോജനകരമാണ്. കളരി ചികിത്സയിൽ മർമ്മചികിത്സക്കു വളരെ പ്രാമുഖ്യമുണ്ട്. മനുഷ്യചികിത്സപോലെ അശ്വചികിത്സ, ഗജചികിത്സ തുടങ്ങിയ മൃഗ ജന്തു ചികിത്സാ പദ്ധതികളും നാടൻ വൈദ്യവിജ്ഞാനീയത്തെ പരിപുഷ്ടമാക്കിയിട്ടുണ്ട്. മരുന്നുകളുടെ പ്രതിപ്രവർത്തനങ്ങളെയും പ്രത്യൗഷധവിധികളെയും കുറിച്ചുള്ള ജ്ഞാനം നാടൻ വൈദ്യത്തിന്റെ അംഗമാണ്. 'ചക്കതിന്നാൽ ചുക്ക് തിന്നണം' എന്ന പഴമൊഴി ഒരു പ്രത്യൗഷധവിധിയെ സൂചിപ്പിക്കുന്നു.

ഔഷധവിജ്ഞാനം ഏതൊരു ദേശത്തിന്റെയും സാംസ്കാരിക പാരമ്പര്യത്തിന്റെ ഭാഗമായി വീക്ഷിക്കപ്പെടാറുണ്ട്. ഫ്രെയ്സർ മുതൽ മലിനോവ്സ്കിവരെയുള്ള പണ്ഡിതന്മാരുടെ മന്ത്രവാദത്തെക്കുറിച്ചുള്ള പഠനങ്ങൾ ഒരളവോളം യൂറോപ്പിലുള്ള നിഗൂഢൗഷധ പ്രയോഗങ്ങളെക്കുറിച്ചും നാടൻ മരുന്നുകളെക്കുറിച്ചുമുള്ള അറിവ് പകർന്നു തരുവാൻ ശ്രമിക്കുന്നുണ്ട്.

-----